VOL NO: 06 I ISSUE 10
www.nerpatham.com
mail@nerpatham.com
2022 MARCH 05 I ₹10

# നേർപഥം

വാരിക

## ഹിജാബ് വിവാദവും ഗവർണറുടെ വെളിപാടുകളും

ഓരോ യുദ്ധവും തകർത്തെറിയുന്നത് അനേകായിരങ്ങളുടെ പ്രതീക്ഷകളെയും ജീവിതത്തെയുമാണ്. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും യാതൊരു തത്ത്വദീക്ഷയുമില്ലാതെ യുദ്ധത്തിന്റെ നരകവാതിൽ തുറന്നിട്ടിരിക്കുകയാണ് റഷ്യൻ പ്രസിഡന്റ് പുടിൻ. ഭിന്നവീക്ഷണങ്ങൾ പുലർത്തുന്ന ലോകരാജ്യങ്ങൾക്കിടയിൽ ഈ യുദ്ധത്തിന്റെ അനന്തരഫലമെന്താവും?

# യുദ്ധവും അധിനിവേശവും ലോകസമാധാനവും



|| പരസ്യങ്ങൾ നമ്മെ നിയന്ത്രിക്കുന്നുവോ?

|| ആത്മഹത്യ: പ്രശ്നങ്ങൾ, പ്രതിവിധികൾ

|| ശിയാക്കളുടെ വ്യാജവാദങ്ങളും അവയെ പിന്തുടരുന്ന സമസ്തയും

schoolOfQuranJamia

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# നല്ല നാളേക്കായ് ഇന്ന് പഠിക്കാം

**ക്ലാസുകൾ ഞായറാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും മാത്രം**

**ജൂൺ ഒന്നിന് ആറര വയസ്സ് കവിയാത്ത സ്കൂളിൽ ഒന്നാം ക്ലാസിൽ ചേർന്നവർക്ക് പ്രവേശനം**

FOR MORE ENQUIRY +91 8606 788 882

## 2022-23 രജിസ്ട്രേഷൻ ആരംഭിച്ചു



അപേക്ഷകർ
www.schoolofquran.in
എന്ന വെബ്സെറ്റിൽ നിന്ന് ഏറ്റവുമടുത്ത സെന്റർ സെലക്ട് ചെയ്ത് ഓൺലൈൻ അപേക്ഷാ ഫോം പൂരിപ്പിക്കുക

SCHOOL OF Qura'n

Jamia Al-Hind Al-Islamiyya Vadi Al Hikma,
Jamia Campus, Mini Ootty, Oorakam
Malappuram, Kerala, India, PIN 676519
mail@schoolofquran.in
www.schoolofquran.in

0267

നേർപഥം

വാരിക

2022 മാർച്ച് 5

1443 ശഅബാൻ 2

പുസ്തകം 06 / ലക്കം 10






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil

Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






**05**
മുഖമൊഴി
പരസ്യങ്ങൾ നമ്മെ
നിയന്ത്രിക്കുന്നുവോ?

**06**
ലേഖനം
ആത്മഹത്യ:
പ്രശ്നങ്ങൾ, പ്രതിവിധികൾ
ഡോ. ടി.കെ. യൂസുഫ്

**18**
ലേഖനം
ഹിജാബ് വിവാദവും
ഗവർണറുടെ
വെളിപാടുകളും
ടി.കെ. അശ്‌റഫ്

**23**
ക്വുർആൻ ദർശനം
അൽഹുജുറാത്ത് (അറകൾ)
അബ്ദുർറഹ്‌മാനുബ്നു
നാസിറുസ്സഅ്ദി

**26**
ചരിത്രപഥം
കപടവിശ്വാസികളുടെ
ഭീരുത്വം
ഹുസൈൻ സലഫി

**30**
ലേഖനം
ശിയാക്കളുടെ വ്യാജവാദങ്ങളും
അവയെ പിന്തുടരുന്ന
സമസ്തയും
മൂസ സ്വലാഹി കാര

**34**
മധുരം ജീവിതം
ആ ശബ്ദം
കേൾക്കാനാകുമോ?
ഡോ.സി.മുഹമ്മദ് റാഫി ചെമ്പ്ര

# റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ ലോകരാഷ്ട്രങ്ങൾക്കുമേൽ ഇന്ത്യ സമ്മർദം ചെലുത്തണം: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: റഷ്യ-യുക്രെയ്ൻ യുദ്ധം അവസാനിപ്പിക്കാൻ ഇന്ത്യ ലോകരാഷട്രങ്ങൾക്കുമേൽ സമ്മർദം ചെലുത്തണമെന്ന് വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംഘടിപ്പിച്ച 'മുജാഹിദ് സംസ്ഥാന നേതൃസംഗമം' ആവശ്യപ്പെട്ടു.

സായുധ പോരാട്ടങ്ങളിലൂടെ യുക്രെയ്നമേൽ അധിനിവേശം നടത്താനുള്ള റഷ്യയുടെ നീക്കം നിരപരാധികളുടെ ജീവനും സ്വത്തും നഷ്ടപ്പെടുത്തിവരികയാണ്. ആക്രമണങ്ങൾ എല്ലാ കാലഘട്ടങ്ങളിലും മനുഷ്യജീവനും സ്വത്തിനും നഷ്ടങ്ങൾ മാത്രമെ നൽകിയിട്ടുള്ളൂ എന്ന തിരിച്ചറിവിൽനിന്നും സമാധാന ശ്രങ്ങൾക്ക് യു.എൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും നേതൃസംഗമം ആവശ്യപ്പെട്ടു.

കോവിഡ് ദുരന്തം ലോകത്ത് യുദ്ധസമാനമായ സാഹചര്യം സൃഷ്ടിച്ച് കടന്നുപോകുന്ന പശ്ചാത്തലത്തിൽ മുഴുവൻ രാഷ്ട്രങ്ങളും ഇരു രാജ്യങ്ങൾക്കുമേൽ സമ്മർദ ശക്തിയായി സമാധാനം പുനഃസ്ഥാപിക്കാൻ ശ്രമിക്കണമെന്നും സംഗമം ആവശ്യപ്പെട്ടു.

'ധാർമിക ജീവിതം, സുരക്ഷിത സമൂഹം' എന്ന പ്രമേയത്തിൽ സംസ്ഥാന വ്യാപകമായി മണ്ഡലം സ മ്മേളനങ്ങൾ സംഘടിപ്പിക്കും. സമ്മേളന ഭാഗമായി ശാഖാതലങ്ങളിൽ പ്രചാരണ സമ്മേളനങ്ങളും സന്ദേശ കൈമാറ്റവും നടക്കും. സമൂഹത്തിൽ വ്യാപകമാകുന്ന മയക്കുമരുന്ന് സംഘങ്ങൾക്കെതിരെ ജനകീയ പ്രതിരോധം തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇസ്‌ലാമിക പ്രമാണങ്ങളെ ദുർവ്യാഖ്യാനം ചെയ്ത് സാധാരണജനങ്ങളെ ചൂഷണം ചെയ്യുന്ന പൗരോഹിത്യത്തിനെതിരെയുള്ള ബോധവൽക്കരണ നടപടികൾക്ക് വേണ്ടിയുള്ള നീക്കങ്ങൾ ശക്തമാക്കുമെന്നും നേതൃസംഗമം അറിയിച്ചു.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുല്ലത്തീഫ് മദനി നേതൃസംഗമം ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ്, വൈസ് പ്രസിഡന്റ് ഫൈസൽ മൗലവി, സെക്രട്ടറിമാരായ പ്രൊഫ. ഹാരിസ് ഇബ്നുസലിം, ഹുസൈൻ ടി. കാവനൂർ, കെ.സജ്ജാദ്, ട്രഷറർ നാസിർ ബാലുശ്ശേരി എന്നിവർ നേതൃത്വം നൽകി.

ഹാരിസ് മദനി (പ്രസിഡൻറ്, വിസ്ഡം യൂത്ത്), കെ.പി ശമീൽ (ജന. സെക്രട്ടറി, സ്റ്റുഡൻസ്), അബൂബക്കർ ഉപ്പള (കാസറഗോഡ്), നാസിർ സ്വലാഹി കണ്ണൂർ, അൻവർ സ്വലാഹി കെ.പി വയനാട്, ജമാൽ മദനി കൊയിലാണ്ടി, ബഷീർ വി.ടി കോഴിക്കോട്, മുഹമ്മദ് ഹനീഫ മലപ്പുറം, റഷീദ് മാസ്റ്റർ കാരപ്പുറം, അബ്ദുറഹ്മാൻ മദനി മാനോളി, ഹംസക്കുട്ടി സലഫി പാലക്കാട്, ജാബിർ മൂസ എറണാംകുളം, പി.കെ.അഷ്റഫ് സുല്ലമി തൃശൂർ, നിസാർ കരുനാഗപ്പള്ളി തുടങ്ങിയവർ സംസാരിച്ചു.

# അന്നഹ്ദ ആർട്സ് ഫെസ്റ്റ് ഉജ്ജ്വലമായി സമാപിച്ചു

മിനി ഊട്ടി: ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ്യ വിസ്ഡം സ്റ്റുഡൻസ് യൂണിറ്റിന്റെ കീഴിൽ വിദ്യാർഥികളുടെ സർഗാത്മക കഴിവുകൾ വളർത്തുവാനും പ്രതിഭാധനരായ വിദ്യാർഥികൾക്ക് വേദിയൊരുക്കുവാനുമായി സംഘടിപ്പിച്ച 'അന്നഹ്ദ ആർട്സ് ഫെസ്റ്റ്' ഉജ്ജ്വലമായി സമാപിച്ചു.

60ഓളം ഓഫ്സ്റ്റേജ് ഇനങ്ങളിലും 30ഓളം സ്റ്റേജ് ഇനങ്ങളിലുമായി നടത്തിയ മത്സരങ്ങൾ വിദ്യാർഥികൾക്ക് വളരെയധികം ഉണർവ് നൽകുന്നതായിരുന്നു. ജനുവരി 31, ഫെബ്രുവരി 1 തീയതികളിലാണ് സ്റ്റേജ് മത്സരങ്ങൾ നടന്നത്. ഉദ്ഘാടന സെഷനിൽ ജാമിഅ സ്റ്റുഡൻസ് യൂണിയൻ സെക്രട്ടറി ആസിഫ് എം.എസ് സ്വാഗതം പറഞ്ഞു. ആർട്സ് കൺവീനർ അഷ്റഫ് അൽഹികമി അധ്യക്ഷത വഹിച്ചു. ജാമിഅ അൽഹിന്ദ് റെക്ടർ കുഞ്ഞി മുഹമ്മദ് മദനി പറപ്പൂർ ഉദ്ഘാടനം നിർവഹിച്ചു. കുല്ലിയ്യത്തുദ്ദഅ്‌വ പ്രിൻസിപ്പൽ ഹംസ മദീനി, മഅ്ഹദ് പ്രിൻസിപ്പൽ ശുറൈഹ് സലഫി, യൂണിയൻ അഡ്വൈസർ ത്വൽഹത്ത് സ്വലാഹി എന്നിവർ ആശംസകൾ നേർന്നു. ആർട്സ് സെക്രട്ടറിമുഹമ്മദ് മുസ്തഫ നന്ദി രേഖപ്പെടുത്തി.

കോവിഡ് കാരണമായുണ്ടായ ദീർഘകാല അടച്ചുപൂട്ടൽ വിദ്യാർഥികളിലുണ്ടാക്കിയ വിരസതയകറ്റാൻ 'അന്നഹ്ദ' വളരെയധികം പ്രയോജനപ്പെട്ടു. ഫെബ്രുവരി 1ന് രാത്രി 'അന്നഹ്ദ'യുടെ ഏറ്റവും ശ്രദ്ധേയമായ പരിപാടിയായ മുഖാമുഖത്തോടുകൂടി 2021-22ലെ അന്നഹ്ദ സമാപിച്ചു

# പരസ്യങ്ങൾ നമ്മെ നിയന്ത്രിക്കുന്നുവോ?

പരസ്യത്തിന്റെ പ്രളയം നടന്നുകൊണ്ടിരിക്കുന്ന കാലമാണിത്. ഫേസ്ബുക്കിലായാലും യു ട്യൂബിലായാലും വളരെ ദൈർഘ്യം കുറഞ്ഞ ഒരു വീഡിയോ പോലും പരസ്യത്തിന്റെ അകമ്പടിയില്ലാതെ കാണുവാൻ സാധ്യമല്ല. ദൃശ്യ, ശ്രാവ്യ, അച്ചടി മാധ്യമങ്ങളുടെയൊക്കെ നിലനിൽപ്പുതന്നെ പരസ്യത്തിലൂടെ ലഭിക്കുന്ന വരുമാനത്തിലാണ്. പരസ്യം ലഭിക്കാത്തവയ്ക്ക് പിടിച്ചുനിൽക്കാൻ സാധ്യമല്ല.

സാധനങ്ങളെയും സേവനങ്ങളെയും ഉപഭോക്തൃസമൂഹത്തിന്റെ മുമ്പിൽ പരസ്യപ്പെടുത്തുക എന്ന വ്യാപാരതന്ത്രം പുതിയതല്ല. തങ്ങളുടെ ഉൽപന്നത്തിന്റെയോ സേവനത്തിന്റെയോ ഗുണപരമായ മൂല്യം ബോധ്യപ്പെടുത്തുവാനുള്ള അവകാശം ഓരോ ഉൽപാദകനും സേവനദാതാവിനുമുണ്ട്. ബാനറുകളിലും മതിലുകളിലും പത്രമാധ്യമങ്ങളിലും ഒതുങ്ങിനിന്നിരുന്ന പരസ്യം ആധുനിക സാങ്കേതിക വിദ്യയുടെ വരവോടെ പുതിയരൂപം കൈവരിച്ചു. ദൃശ്യ-ശ്രാവ്യ മാധ്യമങ്ങൾക്ക് പരസ്യങ്ങളെ ഫലപ്രദമായി വിനിമയം ചെയ്യാൻ കഴിയുമെന്ന് മാത്രമല്ല അത് അവരുടെ മുഖ്യവരുമാനമാർഗം കൂടിയാണ്.

ഒരു പരിധിവരെ പരസ്യങ്ങൾ ഉപഭോക്തൃസമൂഹത്തിന് ഗുണകരമാണ്. പുതിയ സാധനങ്ങളെയും സേവനങ്ങളെയും കുറിച്ചറിയാൻ അത് സഹായകമാണ്. ഒരേ ഉൽപന്നം തന്നെ വിവിധ ഉൽപാദകർ നിർമിക്കുന്നുണ്ട്. ഇവയുടെ ഗുണദോഷങ്ങൾ പരസ്യങ്ങളിൽനിന്ന് മനസ്സിലാകാനും ആവശ്യമുള്ളത് തിരഞ്ഞെടുക്കാനും പരസ്യങ്ങൾ സഹായിക്കുന്നു. പുതിയ സേവനങ്ങളെക്കുറിച്ചറിയാനും അവ പ്രയോജനപ്പെടുത്തി ജീവിതം കൂടുതൽ മെച്ചപ്പെടുത്താനും പരസ്യങ്ങൾ വഴി സാധിക്കും.

പരസ്യങ്ങൾ സമൂഹജീവിതത്തെ സമസ്ത മേഖലകളിലും നിയന്ത്രിച്ചുതുടങ്ങിയതോടെയാണ് അവ വരുത്തിവയ്ക്കുന്ന വിപത്ത് സമൂഹം മനസ്സിലാക്കിത്തുടങ്ങിയതും അവയെക്കുറിച്ച് ഗൗരവമായ ചർച്ചകൾ ആരംഭിച്ചതും. ഇന്ന് ഉപഭോഗസംസ്കൃതി പ്രോത്സാഹിപ്പിക്കുന്ന മുതലാളിത്ത സംസ്കാരത്തിന്റെചൂണ്ടയിലെ ഇരകളാണ് പരസ്യങ്ങൾ. ഈ ഇരകളെ വിഴുങ്ങുന്നതാകട്ടെ സാധാരണക്കാരായ ജനങ്ങളും. ആവശ്യം, അനാവശ്യം എന്ന വിവേചനങ്ങളെ പരസ്യം ഇല്ലാതാക്കുന്നു. അത് ആവശ്യത്തെ അനാവശ്യമായും അനാവശ്യത്തെ ആവശ്യമായും അവതരിപ്പിക്കുന്നു. ഇല്ലാത്ത ഗുണങ്ങൾ ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിച്ച് പരസ്യം ഉപഭോക്താവിനെ മാനസികമായി അടിമപ്പെടുത്തുന്നു.

പരസ്യം മനുഷ്യരിൽ ചില അപകർഷതാബോധങ്ങൾ സൃഷ്ടിക്കുന്നുണ്ട്. വരുമാനത്തിനൊത്ത് ചെലവു ചെയ്യാനുള്ള ഒരുവന്റെ ആന്തരിക ചോദനയെ അത് അട്ടിമറിക്കുന്നു. ഉപയോഗത്തിൽനിന്നും ഉപഭോഗത്തിലേക്ക് ഒരാളെ നയിക്കുവാൻ പരസ്യത്തിന് കഴിയുന്നു. കടക്കെണിയിലേക്കും നൈരാശ്യത്തിലേക്കും കൂപ്പുകുത്തുന്നവരുടെ എണ്ണം വർധിച്ചുവരുന്നതിലുള്ള പരസ്യങ്ങളുടെ പങ്ക് നിഷേധിക്കാനാവില്ല.

പരസ്യത്തെ മുഖ്യവരുമാനമായി സ്വീകരിച്ചിരിക്കുന്ന മാധ്യമങ്ങൾ സമൂഹത്തോട് ചെയ്യുന്നത് വലിയ പാതകമാണ്. അറിയേണ്ടത് അറിയിക്കാതിരിക്കാനും അറിയിക്കേണ്ടാത്തത് അറിയിക്കാനും പരസ്യദാതാക്കളെ ഭയന്ന് അവർ തയ്യാറാകുന്നു. തങ്ങൾക്ക് ലഭിക്കുന്ന കോടികളുടെ പരസ്യം മുടങ്ങരുത് എന്ന ചിന്തയാൽ മാധ്യമധർമം കാറ്റിൽ പറത്തുന്നു. വിശ്വാസത്തെയും ജീവിതവീക്ഷണത്തെയുമൊക്കെ മാറ്റിമറിക്കാൻ പരസ്യങ്ങൾക്ക് കഴിയുന്നു. സ്വന്തം വ്യക്തിത്വത്തെ ആവർത്തിച്ചുറപ്പിക്കുകയും തിരഞ്ഞെടുപ്പിനുള്ള കഴിവിനെ ഫലപ്രദമായി ഉപയോഗിക്കുകയും ചെയ്യുന്നവർക്കേ ആധുനിക ലോകത്തെ പരസ്യങ്ങളിൽനിന്ന് കുതറി മാറാനാവുകയുള്ളൂ.

ലേഖനം



# ആത്മഹത്യ: പ്രശ്നങ്ങൾ, പ്രതിവിധികൾ

ഡോ. ടി. കെ യൂസുഫ്
:9349798262

ലോകാരോഗ്യ സംഘടനയുടെ നിരീക്ഷണമനുസരിച്ച് പ്രതിവർഷം ഒരു മില്യൺ ആളുകളെങ്കിലും പല മാർഗങ്ങളിലൂടെ ജീവനൊടുക്കുന്നുണ്ട്. ആത്മാഹുതി ചെയ്യുന്നവരുടെ തോത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ജപ്പാൻ, ചൈന, ഉത്തര യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലാണ്. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ അറുപത് ശതമാനംവരെ വർധനവുണ്ടായിട്ടുണ്ടെന്നും പ്രസ്തുത സംഘടനയുടെ സ്ഥിതി വിവരക്കണക്കുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ മറ്റൊരു കണക്കനുസരിച്ച് ലോക ജനസംഖ്യയിലെ 450 മില്യൺ ആളുകൾ മാനസിക രോഗങ്ങൾക്ക് അടിമപ്പെട്ടവരാണ്. ആത്മഹത്യ ചെയ്യുന്നവരിൽ 90 ശതമാനവും മാനസികരോഗികളുടെ ഗണത്തിൽ പെടുന്നവരുമാണ്.

ലോകാരോഗ്യ സംഘടനയുടെ നീരീക്ഷണമനുസരിച്ച് പ്രതിവർഷം ഒരു മില്യൺ ആളുകളെങ്കിലും പല മാർഗങ്ങളിലൂടെ ജീവനൊടുക്കുന്നുണ്ട്. ആത്മാഹുതി ചെയ്യുന്നവരുടെ തോത് ഏറ്റവും കൂടുതൽ കാണപ്പെടുന്നത് ജപ്പാൻ, ചൈന, ഉത്തര യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിലാണ്. ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണത്തിൽ കഴിഞ്ഞ അമ്പത് വർഷത്തിനിടയിൽ അറുപത് ശതമാനംവരെ വർധനവുണ്ടായിട്ടുണ്ടെന്നും പ്രസ്തുത സംഘടനയുടെ സ്ഥിതിവിവരക്കണക്കുകൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇവരുടെ മറ്റൊരു കണക്കനുസരിച്ച് ലോക ജനസംഖ്യയിലെ 450 മില്യൺ ആളുകൾ മാനസിക രോഗങ്ങൾക്ക് അടിമപ്പെട്ടവരാണ്. ആത്മഹത്യ ചെയ്യുന്നവരിൽ 90 ശതമാനവും മാനസികരോഗികളുടെ ഗണത്തിൽ പെടുന്നവരുമാണ്. ലോകത്തെ സമസ്ത ജനങ്ങളുടെയും ആരോഗ്യ പ്രശ്നങ്ങൾക്കുള്ള സമഗ്ര പരിഹാരം നിർദേശിക്കാറുള്ള ഇക്കൂട്ടർ ഈ അപകടകരമായ പ്രതിഭാസത്തിന് ഒരു സമ്പൂർണ പരിഹാരം കാണാൻ തികച്ചും അശക്തരാണ് എന്നതാണ് അത്ഭുതം.

ഒരുവർഷത്തിൽ ലോകത്താകമാനം നടക്കുന്ന ആത്മഹത്യയുടെ നാൽപത് ശതമാനവും സംഭവിക്കുന്നത് ചൈനയിലും ജപ്പാനിലുമാണ്. യൂറോപിലെ ബാൾട്ടിക് രാജ്യങ്ങളിലാകട്ടെ ഒരു ലക്ഷത്തിൽ എഴുപത് പേർ എന്ന തോതിലും മറ്റു രാജ്യങ്ങളിൽ ലക്ഷത്തിൽ മുപ്പത്തിയഞ്ച് പേർ എന്ന തോതിലും ഈ കടുംകൈ ചെയ്യാൻ മുതിരുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക നാടുകളിലും മെഡിറ്ററേനിയൻ രാജ്യങ്ങളിലും ലാറ്റിൻ അമേരിക്കയിലും ഈ പ്രവണത വളരെ കുറഞ്ഞ തോതിൽ മാത്രമെ കാണപ്പെടുന്നുള്ളൂ. ഈ നാടുകളിലെ ജനങ്ങൾ ഇസ്‌ലാമിന്റെയും ക്രിസ്തുമതത്തിന്റെയും അധ്യാപനങ്ങളും മൂല്യങ്ങളും മുറുകെ പിടി

ക്കുന്നതുകൊണ്ടാണ് ഇവർ മരണത്തിലേക്ക് എടുത്തുചാടാൻ മടി കാണിക്കുന്നത് എന്നും പ്രസ്തുത റിപ്പോർട്ടിൽതന്നെ സൂചിപ്പിക്കുന്നുണ്ട്. എന്നാൽ ഇസ്‌ലാമിക നാടുകളിലെ ജനങ്ങളിൽ ഒരു ലക്ഷത്തിൽ ആറു പേർ എന്ന തോതിൽപോലും സ്വയം ജീവനൊടുക്കുന്നവരായി കാണപ്പെടുന്നില്ല. ആത്മഹത്യ ദൈവകോപത്തിന് വിധേയമാകുന്ന ഒരു അപരാധമായിട്ടാണ് അധിക മതവിശ്വാസികളും കാണുന്നത്. എന്നാൽ ആത്മാഹുതി ചെയ്യുവരെ അനുഭാവപൂർവം വീക്ഷിക്കുന്നവരും സമൂഹത്തിലുണ്ട്.

ഈ അപകടകരമായ പ്രതിഭാസം വ്യാപകമാകുന്നതിനുള്ള ഏറ്റവും പ്രധാന കാരണങ്ങളിലൊന്ന് വിഷാദരോഗം പോലുള്ള മാനസിക പ്രശ്നങ്ങളാണ്. ജനിതകമായി തന്നെ ചിലരിൽ ആത്മഹത്യ പ്രവണത കാണപ്പെടുന്നുണ്ടെന്നും ചില പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളാണ് പിന്നീട് ഈ പ്രതിഭാസത്തിന് ഇരകളാകുന്നത്. കാരണം, സ്ഥിരമായി മയക്കുമരുന്നുകൾ ഉപയോഗിക്കുന്നവർക്ക് മാനസിക സംഘർഷങ്ങൾ നേരിടുന്നതിനുള്ള ശക്തിയും ദുർബലമാകാറുണ്ട്. ഭൗതിക സുഖസൗകര്യങ്ങൾ എമ്പാടുമുള്ള പാശ്ചാത്യരാജ്യങ്ങളിലെ ആത്മീയപാപ്പരത്തം ആത്മഹത്യയുടെ തോത് വർധിക്കുന്നതിന് ഒരു പ്രധാന കാരണമായി വർത്തിക്കുന്നുണ്ട് എന്ന വസ്തുത ആരും നിഷേധിക്കുന്നില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ സഫലീകരിക്കപ്പെടുന്നവർക്ക് മതബോധത്തിന്റെ അഭാവത്തിൽ ഒരു ആത്മീയശൂന്യത അനുഭവപ്പെടാറുണ്ട്. ഇത്തരം ശൂന്യതയും അന്തർസംഘഷർങ്ങളും കാരണമായുണ്ടാകുന്ന മനസ്സമാധാനമില്ലായ്മയാണ് നല്ലൊരു ശതമാനം മനുഷ്യരെയും ജീവനൊടുക്കാൻ പ്രേരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ഇത്തരത്തിലുള്ള വിടവുകൾ നികത്തുന്നതിനു വേണ്ടി ജൂത, ക്രൈസ്തവ, ഇസ്‌ലാമിക മതസംഘടനകളുടെ പ്രവർത്തനങ്ങൾക്ക് പല രാജ്യങ്ങളും പിന്തുണ നൽകിവരുന്നുണ്ട്.

ഓരോ രാജ്യത്തിലെയും സാമ്പത്തികവും സാമൂഹികവും മതപരവുമായ വൈവിധ്യമനുസരിച്ച് അവിടങ്ങളിലെ ആത്മഹത്യയുടെ കാരണങ്ങളും വ്യത്യസ്തമാണ്. സാമ്പത്തിക പ്രതിസന്ധിയാണ് ദരിദ്ര രാജ്യങ്ങളിൽ ആത്മഹത്യക്ക് പ്രധാന കാരണമായി ഭവിക്കുന്നത്. കുടുംബത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കാൻ കഴിയാത്തവരാണ് ദരിദ്രരാജ്യങ്ങളിൽ ജീവനൊടുക്കുന്നത്. ഇസ്‌ലാമിക നാടുകളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈജിപ്ത്, ടുണീഷ്യ പോലുള്ള രാജ്യങ്ങളിൽ ആത്മഹത്യ ചെയ്യുന്നവരിൽ 98 ശതമാനവും സാമ്പത്തിക പ്രതിസന്ധിമൂലമാണ് അതിനൊരുങ്ങുന്നത്. കുടുംബകലഹം, പ്രേമനൈരാശ്യം, പരീക്ഷയിലെ പരാജയം എന്നിവ ഇവിടങ്ങളിൽ തുലോം തുഛമാണ്. മതബോധം അൽപം ശക്തമായിത്തന്നെ നിലനിൽക്കുന്നതുകൊണ്ടും നാളയെക്കുറിച്ച് മങ്ങലേൽക്കാത്ത പ്രതീക്ഷയുള്ളതുകൊണ്ടും ഇസ്‌ലാമിക അധ്യാപനങ്ങൾ ക്ഷമിക്കാനും സഹിക്കാനുമുള്ള കരുത്ത് നൽകുന്നതുകൊണ്ടും ഗതിമുട്ടുമ്പോൾ മാത്രമെ ഇവർ മരണത്തിന്റെ വഴി തെരഞ്ഞെടുക്കാറുള്ളൂ. ഒരു ലക്ഷത്തിൽ രണ്ടുപേർ എന്ന തോതിൽ മാത്രമെ ഇസ്‌ലാമിക നാടുകളിൽ ആത്മഹത്യ കാണപ്പെടുന്നുള്ളൂ.

മനുഷ്യൻ ജീവിക്കുന്ന പരിതസ്ഥിതിയും കാലാവസ്ഥയും അന്തരീക്ഷവും അവന്റെ മാനസികനില തകർക്കുന്നതിൽ കാര്യമായ പങ്കുവഹിക്കുന്നുണ്ടെന്നാണ് ചില പഠനങ്ങൾ തെളിയിക്കുന്നുണ്ട്. ഉദാഹരണമായി, ഉത്തര യൂറോപ്പിലെ ചില രാജ്യങ്ങളിൽ ജീവിക്കുന്നവർക്ക് വിഷാദരോഗം അധികം പിടിപെടുന്നതായി കാണപ്പെട്ടിട്ടുണ്ട്. സൂര്യതാപം താരതമ്യേന കുറവും ആണ്ടിൽ മിക്ക ദിവസങ്ങളിലും താപനില പൂജ്യത്തിൽ താഴെ നിലനിൽക്കുന്നതുമാണ് ഇവിടുത്തെ ജനങ്ങളിൽ വിഷാദരോഗവും ആത്മഹത്യയും വർധിക്കാൻ കാരണം എന്നാണ് വിലയിരുത്തപ്പെടുന്നത്. സ്വീഡൻ, നോർവേ, ഡൻമാർക്ക്, ലിത്വാനിയ തുടങ്ങിയ രാജ്യങ്ങളിൽ ആത്മഹത്യനിരക്ക് വർധിക്കാൻ കാരണമാകുന്നത് അവിടുത്തെ തണുത്ത കാലാവസ്ഥയാണ്. എന്നാൽ ആത്മീയതയുടെ ഊഷ്മളത ഈ പ്രതിസന്ധി പരിഹരിക്കാൻ ഒരളവോളം സഹായകമാകുന്നുണ്ട്. ഇവിടങ്ങളിൽ ഇസ്‌ലാം ആശ്ലേഷിക്കുന്നവരിൽ ആത്മഹത്യാപ്രവണത തീരെ കാണപ്പെടുന്നില്ല എന്ന കാര്യം ശ്രദ്ധേയമാണ്. ആത്മഹത്യാപ്രവണത കുറക്കുന്നതിന് വേണ്ടി പല യൂറോപ്യൻ രാജ്യങ്ങളും ധാരാളം പണം ചെലവഴിക്കുന്നുണ്ടെങ്കിലും അവിടങ്ങളിൽ ഈ പ്രതിഭാസം വർധിച്ചുവരികയാണ് ചെയ്യുന്നത്.

> കുടുംബത്തിന്റെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റിക്കൊണ്ട് ജീവിതത്തിന്റെ രണ്ടറ്റവും മുട്ടിക്കാൻ കഴിയാത്തവരാണ് ദരിദ്രരാജ്യങ്ങളിൽ ജീവനൊടുക്കുന്നത്. ഇസ്‌ലാമിക നാടുകളിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ഈജിപ്ത്, ടുണീഷ്യ പോലുള്ള രാജ്യങ്ങളിൽ ആത്മഹത്യ ചെയ്യുന്നവരിൽ 98 ശതമാനവും സാമ്പത്തിക പ്രതിസന്ധിമൂലമാണ് അതിനൊരുങ്ങുന്നത്. കുടുംബകലഹം, പ്രേമനൈരാശ്യം, പരീക്ഷയിലെ പരാജയം എന്നിവ ഇവിടങ്ങളിൽ തുലോം തുഛമാണ്. മതബോധം അൽപം ശക്തമായിത്തന്നെ നിലനിൽക്കുന്നതുകൊണ്ടും നാളയെക്കുറിച്ച് മങ്ങലേൽക്കാത്ത പ്രതീക്ഷയുള്ളതുകൊണ്ടും ഇസ്‌ലാമിക അധ്യാപനങ്ങൾ ക്ഷമിക്കാനും സഹിക്കാനുമുള്ള കരുത്ത് നൽകുന്നതുകൊണ്ടും ഗതിമുട്ടുമ്പോൾ മാത്രമെ ഇവർ മരണത്തിന്റെ വഴി തെരഞ്ഞെടുക്കാറുള്ളൂ.

മനുഷ്യരുടെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കുന്ന വിശുദ്ധ ക്വുർആൻ ഈ പ്രതിസന്ധിക്കും പരിഹാരം നിർദേശിക്കുന്നുണ്ട്. ആരോഗ്യസംഘടനകൾ നിർദേശിക്കുന്നതിനെക്കാൾ ശാസ്ത്രീയവും പ്രായോഗികവുമായ മാർഗനിർദേശങ്ങളാണ് ക്വുർആൻ മുന്നോട്ടു



**മനുഷ്യരുടെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം നിർദേശിക്കുന്ന വിശുദ്ധ ക്വുർആൻ ഈ പ്രതിസന്ധിക്കും പരിഹാരം നിർദേശിക്കുന്നുണ്ട്. ആരോഗ്യസംഘടനകൾ നിർദേശിക്കുന്നതിനെക്കാൾ ശാസ്ത്രീയവും പ്രായോഗികവുമായ മാർഗനിർദേശങ്ങളാണ് ക്വുർആൻ മുന്നോട്ടു വയ്ക്കുന്നത്. മനുഷ്യന്റെ ആത്മാവിന്റെ വില അവനെ ബോധ്യപ്പെടുത്താനാണ് ക്വുർആൻ ആദ്യമായി ശ്രമിക്കുന്നത്. ആത്മാവ് തികച്ചും ദൈവികമായ ഒരു വരദാനമാണെന്നും അതിനെക്കുറിച്ച് മനുഷ്യന് യാതൊരു അറിവും നൽകപ്പെട്ടിട്ടില്ലെന്നും ക്വുർആൻ ആദ്യമായി മനുഷ്യനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്: ''നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല''**

വയ്ക്കുന്നത്. മനുഷ്യന്റെ ആത്മാവിന്റെ വില അവനെ ബോധ്യപ്പെടുത്താനാണ് ക്വുർആൻ ആദ്യമായി ശ്രമിക്കുന്നത്. ആത്മാവ് തികച്ചും ദൈവികമായ ഒരു വരദാനമാണെന്നും അതിനെക്കുറിച്ച് മനുഷ്യന് യാതൊരു അറിവും നൽകപ്പെട്ടിട്ടില്ലെന്നും ക്വുർആൻ ആദ്യമായി മനുഷ്യനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്: ''നിന്നോടവർ ആത്മാവിനെപ്പറ്റി ചോദിക്കുന്നു. പറയുക: ആത്മാവ് എന്റെ രക്ഷിതാവിന്റെ കാര്യത്തിൽ പെട്ടതാകുന്നു. അറിവിൽ നിന്ന് അൽപമല്ലാതെ നിങ്ങൾക്ക് നൽകപ്പെട്ടിട്ടില്ല'' (17:85).

പിന്നീട് ക്വുർആൻ മനുഷ്യരോട് തങ്ങളുടെ ആത്മാവിനെ സ്വയം ഹനിക്കരുതെന്ന് കൽപിക്കുന്നു: ''...നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു'' (4:29).

എന്നാൽ ഇത്തരം ഒരു ആജ്ഞ കൊണ്ട് മാത്രം മനുഷ്യൻ മരണത്തിൽനിന്ന് വിട്ടുനിന്നുകൊള്ളണമെന്നില്ല. അതുകൊണ്ടാണ് പ്രസ്തുത വചനത്തിനോട് അനുബന്ധമായി 'തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു' എന്ന് കൂടി പ്രഖ്യാപിച്ചത്. ജീവിതത്തിൽ നിരാശപ്പെട്ട് ജീവനൊടുക്കാൻ ശ്രമിക്കുന്നവന് ദിവ്യകാരുണ്യത്തിന്റെ കാണാപ്പുറങ്ങൾ ബോധ്യപ്പെടുത്തിക്കൊടുക്കാൻ സാധിക്കുകയാണെങ്കിൽ തീർച്ചയായും അവൻ അതിൽനിന്നും വിട്ടുനിൽക്കുന്നതാണ്. മനുഷ്യരുടെ കാരുണ്യ സ്പർശംകൊണ്ടും കൗൺസിലിംഗ് കൊണ്ടും നിരവധിപേരെ മരണശ്രമത്തിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിയാറുണ്ടല്ലോ. അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിൽ ഒരംശം മാത്രമാണ് അവൻ ഈ ലോകത്ത് മനുഷ്യരിലും ഇതര ജീവജാലങ്ങളിലും വിന്യസിച്ചിട്ടുള്ളതെന്നും ആ ഒരംശംകൊണ്ടാണ് അവ പരസ്പരം കരുണ കാണിക്കുന്നതെന്നും നബി(സ്വ) അറിയിച്ചിട്ടുണ്ട്. മനുഷ്യകാരുണ്യത്തിന്റെ വളരെ ചെറിയ ഒരംശംകൊണ്ട് ആളുകളെ ആത്മഹത്യാ മുനമ്പിൽനിന്നും രക്ഷിക്കാൻ കഴിയുന്ന സ്ഥിതിക്ക് അല്ലാഹു അവന്റ അടിയാൻമാർക്ക് പാരത്രിക ജീവിതത്തിൽ കരുതിവെച്ച അപാരമായ കാരുണ്യത്തെക്കുറിച്ച് അറിയുന്നവന് തന്റെ ജീവിതത്തിലെ ഏത് വിഷമസന്ധികളെയും പരീക്ഷണഘട്ടങ്ങളെയും ക്ഷമയോടെ നേരിടാനുള്ള കെൽപുണ്ടാകുന്നതാണ്.

പ്രതീക്ഷയും കാരുണ്യവും നല്ലൊരു ശതമാനം ആളുകളെയും ആത്മഹത്യയിൽനിന്ന് പിന്തിരിപ്പിക്കുമെങ്കിലും ചിലർക്ക് അത് ഫലിച്ചില്ലെന്ന് വരും. അവരെ സംബന്ധിച്ചിടത്തോളം ഭീഷണിയുടെ സ്വരമായിരിക്കും ഫലപ്രദമാകുക. അതുകൊണ്ട് തന്നെയാണ് ക്വുർആൻ അടുത്ത വചനത്തിൽ ആത്മഹത്യ ചെയ്യുന്നവർക്കുള്ള അതികഠിനമായ ശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകിയത്: 'ആരെങ്കിലും അതിക്രമമായും അന്യായമായും അങ്ങനെ (ആത്മഹത്യ) ചെയ്യുന്നപക്ഷം നാമവനെ നരകാഗ്നിയിലിട്ട് കരിക്കുന്നതാണ്' (4:30).

ആത്മഹത്യ നിരോധിക്കുന്ന കാര്യത്തിൽ ക്വുർആനിന്റെ അതേ ശൈലിതന്നെയാണ് ഹദീസുകളിലും കാണാൻ കഴിയുന്നത്. മാനസികമായും ശാരീരികമായും സാമ്പത്തികമായും വിഷമിക്കുന്ന ഒരു മനുഷ്യനെ സഹായിക്കുന്നതിന്റെ പുണ്യവും പ്രാധാന്യവും നബി (സ്വ) നിരവധി വചനങ്ങളിലൂടെ പഠിപ്പിച്ചിട്ടുണ്ട്. നബി (സ്വ) പറഞ്ഞു: 'ആരെങ്കിലും ഒരു വിശ്വാസിയുടെ ഐഹിക ദുരിതങ്ങളിൽ പെട്ട ഒരു ദുരിതം അകറ്റിക്കൊടുത്താൽ അല്ലാഹു അവന് പാരത്രിക ദുരിതങ്ങളിലെ ഒരു ദുരിതം അകറ്റിക്കൊടുക്കും. ആരെങ്കിലും ഒരു പ്രയാസപ്പെടുന്നവന് എളുപ്പമാക്കിയാൽ അല്ലാഹു ഇഹത്തിലും പരത്തിലും അവന് എളുപ്പം നൽകും....ഒരു ദാസൻ തന്റെ സഹോദരനെ സഹായിക്കുന്ന കാലത്തോളം അല്ലാഹു അവന്റെ സഹായത്തിനുണ്ടാകും...' (മുസ്‌ലിം).

വിശ്വാസികളുടെ ദുരിതമകറ്റുന്നത് മാത്രമല്ല, മനുഷ്യകുലത്തോടും ജന്തുലോകത്തോടും കാരുണ്യം ചെയ്യുന്നതും മതത്തിന്റെ ഭാഗം തന്നെയാണെന്ന് നബി(സ്വ) അരുളിയിട്ടുണ്ട്. മാനസിക വിഷമങ്ങളാണ് നല്ലൊരു ശതമാനം മനുഷ്യരെയും ജീവനൊടുക്കാൻ പ്രേരിപ്പിക്കുന്നത്. എന്നാൽ ഒരു വിശ്വാസി അനുഭവിക്കുന്ന ദുഃഖങ്ങളും വേദനകളും വിഷമങ്ങളും അവന്റെ പാപമോചനത്തിനും പാരത്രിക നേട്ടങ്ങൾക്കും വഴിയൊരുക്കുമെന്നാണ് പ്രവാചകൻ(സ്വ) പഠിപ്പിച്ചിട്ടുള്ളത്: 'ഒരു മുസ്‌ലിമിന് ബാധിക്കുന്ന ക്ഷീണം, വിഷമം, വ്യസനം, ദുഃഖം, ബുദ്ധി

മുട്ട്, മനോവ്യഥ തുടങ്ങി അവന്റെ ശരീരത്തിൽ ഒരു മുള്ള് തറക്കുന്നത് കാരണമായി പോലും അവന്റെ പാപങ്ങൾ പൊറുക്കപ്പെടും' (ബുഖാരി).

ഇത്തരം നിർദേശങ്ങൾകൊണ്ട് മരണത്തിൽനിന്ന് പിന്തിരിയാത്തവരോട് ആത്മഹത്യ ചെയ്യുന്നവരെ കാത്തിരിക്കുന്ന കഠോര ശിക്ഷയെക്കുറിച്ചും ഹദീസുകളിൽ വിവരിക്കുന്നുണ്ട്. നബി(സ്വ) പറഞ്ഞു: 'ആരെങ്കിലും ഒരു ഇരുമ്പുകൊണ്ട് ആത്മാഹുതി ചെയ്താൽ ശാശ്വത നരകത്തിൽവച്ച് അവൻ ആ ഇരുമ്പും കൈയിലേന്തി വരികയും അത്കൊണ്ട് നിരന്തരം അവൻ തന്റെ വയറ്റിൽ കുത്തിക്കൊണ്ടിരിക്കുകയും ചെയ്യും. ആരെങ്കിലും പർവതത്തിൽനിന്ന് ചാടി ആത്മഹത്യ ചെയ്താൽ അവൻ ശാശ്വതമായ നരകത്തിൽ നിരന്തരമായി ചാടിക്കൊണ്ടിരിക്കും. ആരെങ്കിലും വിഷം കുടിച്ച് ആത്മഹത്യ ചെയ്താൽ അവൻ ശാശ്വതമായ നരകത്തിൽ കൈയിൽ വിഷവുമായി വരികയും എക്കാലവും അത് കുടിച്ചുകൊണ്ടിരിക്കുകയും ചെയ്യും' (മുസ്‌ലിം).

മറ്റൊരു ഹദീസിൽ നബി(സ്വ) പറഞ്ഞതായി ഇങ്ങനെ കാണാം: 'ഇഹലോകത്തുവച്ച് ആരെങ്കിലും വല്ലത് കൊണ്ടും ആത്മാഹുതി ചെയ്താൽ അന്ത്യദിനത്തിൽ അത്കൊണ്ട് തന്നെ അവനെ അല്ലാഹു ശിക്ഷിക്കും' (ബുഖാരി).

ആത്മഹത്യ നിഷിദ്ധമാക്കിക്കൊണ്ടുള്ള ക്വുർആനിലെയും ഹദീസിലെയും വചനങ്ങൾ ഇവ ദൈവിക വെളിപാടുകൾ തന്നെയാണെന്നതിന് ഒരു തെളിവ് കൂടിയാണ്. കാരണം ജാഹിലിയ്യ കാലത്തെ വിശ്വാസാചാര പ്രകാരം ഒരാൾ ആത്മഹത്യയെക്കുറിച്ച് പ്രതിപാദിക്കുന്നത് പോലും വിലക്കപ്പെട്ടതായിരുന്നു. കാരണം ഇതിനെക്കുറിച്ചുള്ള പരാമർശങ്ങൾ ജനങ്ങളെ അതിന് പ്രേരിപ്പിച്ചേക്കും എന്നാണ് അവർ ധരിച്ചിരുന്നത്. എന്നാൽ മനുഷ്യന്റെ ഇഹപരജീവിതവിജയത്തിനാവശ്യമായ മുഴുവൻ കാര്യങ്ങളും വിവരിച്ച ഇസ്‌ലാമിക പ്രമാണങ്ങൾ ഇക്കാര്യത്തിലും വ്യക്തമായ മാർഗദർശനങ്ങൾ നൽകിയിട്ടുണ്ട്. ആത്മഹത്യ തടയുന്നതിന് ആധുനിക മനഃശാസ്ത്രം മുന്നോട്ടുവയ്ക്കുന്ന പ്രധാന മാർഗം കൗൺസിലിംഗാണ്. എന്നാൽ കൗൺസിലിംഗ് രംഗത്ത് അതുല്യവും ഫലപ്രദവുമായ മാർഗനിർദേശങ്ങളാണ് ക്വുർആൻ മുന്നോട്ടുവയ്ക്കുന്നത്.

സാമ്പത്തിക പ്രതിസന്ധി, ഉറ്റവരുടെ വേർപാട്, പ്രേമനൈരാശ്യം, ഇഛാഭംഗം, കുടുംബശൈഥില്യം തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ നമുക്ക് ആത്മഹത്യക്ക് പുറകിൽ കണ്ടെത്താൻ കഴിയും. ഇതിന് പരിഹാരമായി മനുഷ്യന്റെ മുഴുവൻ ആഗ്രഹങ്ങളും അവൻ ആഗ്രഹിക്കുന്ന രൂപത്തിൽ സഫലീകരിക്കപ്പെടില്ല എന്ന ജീവിത യാഥാർഥ്യം അവനെ ബോധ്യപ്പെടുത്തുകയാണ് ക്വുർആൻ ചെയ്യുന്നത്.

'അതല്ല, മനുഷ്യന് അവൻ മോഹിച്ചതാണോ ലഭിക്കുന്നത്' എന്ന് ക്വുർആൻ ചോദിക്കുന്നുണ്ട്. അതോടൊപ്പം ജീവിതം പരീക്ഷണമാണെന്ന പാഠവും അവന് പകർന്നുനൽകുന്നുണ്ട്. ക്വുർആൻ പറയുന്നു: 'കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക' (2:155).

സാമ്പത്തിക പ്രതിസന്ധി, ഉറ്റവരുടെ വേർപാട്, പ്രേമനൈരാശ്യം, ഇഛാഭംഗം, കുടുംബശൈഥില്യം തുടങ്ങിയ ഒട്ടനവധി കാരണങ്ങൾ നമുക്ക് ആത്മഹത്യക്ക് പുറകിൽ കണ്ടെത്താൻ കഴിയും. ഇതിന് പരിഹാരമായി മനുഷ്യന്റെ മുഴുവൻ ആഗ്രഹങ്ങളും അവൻ ആഗ്രഹിക്കുന്ന രൂപത്തിൽ സഫലീകരിക്കപ്പെടില്ല എന്ന ജീവിത യാഥാർഥ്യം അവനെ ബോധ്യപ്പെടുത്തുകയാണ് ക്വുർആൻ ചെയ്യുന്നത്. 'അതല്ല, മനുഷ്യന് അവൻ മോഹിച്ചതാണോ ലഭിക്കുന്നത്' എന്ന് ക്വുർആൻ ചോദിക്കുന്നുണ്ട്. അതോടൊപ്പം ജീവിതം പരീക്ഷണമാണെന്ന പാഠവും അവന് പകർന്നുനൽകുന്നുണ്ട്. ക്വുർആൻ പറയുന്നു: 'കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവനഷ്ടം എന്നിവ മുഖേന നാം നിങ്ങളെ പരീക്ഷിക്കുക തന്നെ ചെയ്യും. അത്തരം സന്ദർഭങ്ങളിൽ ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക'

'ഒരു പരീക്ഷണം എന്ന നിലയിൽ തിന്മ നൽകിക്കൊണ്ടും നന്മ നൽകിക്കൊണ്ടും നിങ്ങളെ നാം പരീക്ഷിക്കുന്നതാണ്' (21:35).

ഇതുപോലെ, മാനസിക വിഷമങ്ങൾ അനുഭവിക്കുന്നവർക്ക് സാന്ത്വനം കണ്ടെത്താനുതകുന്ന നിരവധി നിർദേശങ്ങൾ ക്വുർആനിലും ഹദീസുകളിലും കാണാൻ കഴിയും. അതിനുപുറമെ ആത്മഹത്യ പൊറുക്കപ്പെടാത്ത അപരാധമാണെന്ന് വ്യക്തമാക്കുന്ന വചനങ്ങളും ഇവയിലടങ്ങിയിട്ടുണ്ട്. ആത്മഹത്യ വർധിച്ചുവരുന്ന ഇക്കാലത്ത് മതപ്രബോധകർ ഇക്കാര്യങ്ങൾ കൂടി പരിഗണിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ■





> ഓരോ യുദ്ധവും തകർത്തെറിയുന്നത് അനേകായിരങ്ങളുടെ പ്രതീക്ഷകളെയും ജീവിതത്തെയുമാണ്. ലോകം മുഴുവൻ കോവിഡ് മഹാമാരിയുടെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിലും യാതൊരു തത്ത്വദീക്ഷയുമില്ലാതെ യുദ്ധത്തിൻെറ നരകവാതിൽ തുറന്നിട്ടിരിക്കുകയാണ് റഷ്യൻ പ്രസിഡന്റ് പുടിൻ. ഭിന്നവീക്ഷണങ്ങൾ പുലർത്തുന്ന ലോകരാജ്യങ്ങൾക്കിടയിൽ ഈ യുദ്ധത്തിന്റെ അനന്തരഫലമെന്താവും?

# യുദ്ധവും അധിനിവേശവും ലോകസമാധാനവും

സുഫ്‌യാൻ അബ്ദുസ്സലാം
: 81296 17676

യുക്രെയ്ൻ എന്ന സ്വതന്ത്ര പരമാധികാര രാഷ്ട്രത്തിനുമേൽ റഷ്യ നടത്തിയ അധിനിവേശവും യുദ്ധവുമാണ് വർത്തമാനലോകം ഇന്നേറെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു രാജ്യം മറ്റൊരു രാജ്യത്തിന്റെ പരമാധികാരത്തിനും അഖണ്ഡതക്കുമെതിരെ കടന്നുകയറ്റം നടത്തുന്നത് എന്തുകൊണ്ടും അപലപനീയമാണ്. ലോകവും മനുഷ്യരും പുരോഗമിച്ചുവെന്ന് അഭിമാനിക്കുമ്പോഴാണ് ശിലായുഗങ്ങളെപ്പോലും നാണിപ്പിക്കുന്ന 'കൈയൂക്കുള്ളവൻ കാര്യക്കാരൻ' എന്ന വിധത്തിലുള്ള സംഭവങ്ങൾ അരങ്ങേറുന്നത്. ലോകസമാധാനത്തിനായി അന്താരാഷ്ട്രസമൂഹം കെട്ടിപ്പടുത്ത ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിലെ സ്ഥിരാംഗമാണ് ഇപ്പോൾ യുദ്ധത്തിന് നേതൃത്വം നൽകുന്ന റഷ്യ. യുദ്ധവും അശാന്തിയും പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങളിൽ ലോകത്തിന് സുരക്ഷ ഒരുക്കാനുള്ള ഉത്തരവാദിത്തമുള്ള രാജ്യങ്ങളാണ് റഷ്യ അടക്കമുള്ള രക്ഷാസമിതി അംഗങ്ങൾ. അതേ റഷ്യയാണ് ഒട്ടേറെ മനുഷ്യരെ കൊന്നൊടുക്കിയും ഭൂമിയെയും പരിസ്ഥിതിയെയും നശിപ്പിച്ചും യുദ്ധതാണ്ഡവമാടിക്കൊണ്ടിരിക്കുന്നത്. യുക്രെയ്നെതിരെയുള്ള യുദ്ധത്തെ അപലപിക്കാൻ ചേർന്ന രക്ഷാസമിതി യോഗത്തിൽ യുദ്ധത്തെ അപലപിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ വീറ്റോ ചെയ്തതും റഷ്യയാണ് എന്നറിയുമ്പോൾ എത്രമാത്രം പരിഹാസ്യവും ദുർബലവുമാണ് ലോകസമാധാനത്തിനായി രൂപംകൊണ്ട ഐക്യരാഷ്ട്രസഭയുടെ അവസ്ഥ എന്ന് ഒന്നുകൂടി ബോധ്യപ്പെടുകയാണ്.

ഇതെഴുതിക്കൊണ്ടിരിക്കുമ്പോഴും യുദ്ധം അതിന്റെ എല്ലാ ബീഭത്സമായ മുഖങ്ങളും അവതരിപ്പിച്ചുകൊണ്ടാണ് മുമ്പോട്ട് പോയിക്കൊണ്ടിരിക്കുന്നത്. ലോകരാഷ്ട്രങ്ങൾക്കിടയിൽ ചേരിതിരിവുകൾ വരാൻ സാധ്യതയുണ്ടെന്നും ആണവായുധങ്ങൾ ഉപയോഗിക്കാൻ സാധ്യതയുള്ള ഒരു മൂന്നാംലോക യുദ്ധത്തിലേക്ക് ഈ യുദ്ധം മാറാനും സാധ്യതയുണ്ടെന്നുമാണ് നിരീക്ഷിക്കപ്പെടുന്നത്.

## യുദ്ധം മനുഷ്യന്റെ ദൗർബല്യം

യുദ്ധങ്ങൾ മാനവരാശിക്ക് നഷ്ടങ്ങൾ മാത്രമാണ് വരുത്തിവെച്ചിട്ടുള്ളത്. സാമ്രാജ്യത്വമോഹികളുടെ സ്വാർഥതാൽപര്യങ്ങൾ മാത്രമാണ് യുദ്ധങ്ങളുടെ അടിസ്ഥാന കാരണങ്ങൾ. ലോകചരിത്രത്തിൽ സംഭവിച്ച ഒട്ടനവധി യുദ്ധങ്ങളെ പരിശോധിച്ചാൽ ഈ വസ്തുത ബോധ്യപ്പെടും. മനുഷ്യൻ പിറന്ന നാളുതൊട്ട് പരസ്പരം പോരടിച്ച് കഴിയുകയാണ് മനുഷ്യസമൂഹങ്ങൾ. ജീവിതത്തിന്റെ ലക്ഷ്യത്തെക്കുറിച്ച് ബോധ്യമില്ലാതെ പൈശാചിക ദുർബോധനങ്ങൾക്ക് വശംവദരായി രക്തച്ചൊരിച്ചിലുകൾ സൃഷ്ടിച്ചും കൊന്നൊടുക്കിയും എല്ലാം വെട്ടിപ്പിടിക്കാനുള്ള നെട്ടോട്ടമാണ് മനുഷ്യർ നടത്തിക്കൊണ്ടിരിക്കുന്നത്. മനുഷ്യസമൂഹത്തെ സൃഷ്ടിക്കുന്നതിന് മുമ്പായി സ്വർഗലോകത്തുവച്ച് മലക്കുകൾ സ്രഷ്ടാവിന്റെ മുമ്പിൽ സമർപ്പിച്ച ആശങ്കകൾ ഇതുതന്നെയായിരുന്നല്ലോ. 'ഭൂമിയിൽ രക്തച്ചൊരിച്ചിലുകൾ സൃഷ്ടിക്കുകയും കുഴപ്പങ്ങൾ വർധിപ്പിക്കുകയും ചെയ്യുന്ന ഒരു സമൂഹത്തെ നിയമിക്കുകയാണോ' (ക്വുർആൻ 2:30) എന്നായിരുന്നല്ലോ മലക്കുകളുടെ ചോദ്യം. ഭൂലോകത്തേക്ക് കടന്നുവന്ന മനുഷ്യർ അന്നുതുടങ്ങിയ യുദ്ധങ്ങളും അധിനിവേശവും വെട്ടിപ്പിടിക്കലും കൊല്ലും കൊലയുമെല്ലാം ഇന്നും അനുസ്യൂതം തുടരുകയാണ്.

## ക്വുർആൻ സാമ്രാജ്യത്വ യുദ്ധങ്ങൾക്കെതിരെ

സാമ്രാജ്യത്വ മോഹികളുടെ അധിനിവേശത്തിന്റെ സ്വഭാവവും അതുണ്ടാക്കുന്ന നഷ്ടങ്ങളും ക്വുർആൻ നേരത്തെ മനുഷ്യരോട് പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരുടെ സ്വാതന്ത്ര്യങ്ങളെയും അവകാശങ്ങളെയും ഹനിച്ചും അധികാരകേന്ദ്രങ്ങളെ കടന്നാക്രമിച്ചും സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വവാദികൾ ഒരു പ്രദേശത്ത് അധിനിവേശം നടത്തിയാൽ ആ പ്രദേശത്തെ നശിപ്പിക്കുമെന്നും അവിടങ്ങളിൽ ഐശ്വര്യത്തോടെ ജീവിച്ചുവന്നിരുന്നവർക്ക് മേൽ നിന്ദ്യതയും ദൈന്യതയും അടിച്ചേൽപിക്കുമെന്നും ക്വുർആൻ (27:34) വ്യക്തമാക്കിയിട്ടുണ്ട്. സാമ്രാജ്യത്വ ശക്തികൾ തങ്ങളുടെ അഭീഷ്ടങ്ങൾ നടപ്പാക്കുന്നതിനായി ജനങ്ങളെ വിവിധ കക്ഷികളും ഗ്രൂപ്പുകളുമാക്കി പരസ്പരം തല്ലിക്കുമെന്നും ദുർബലവിഭാഗങ്ങളെ അവർ ഉന്മൂലനം ചെയ്യുമെന്നും ക്വുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഭൂമിയിൽ അടിച്ചമർത്തപ്പെട്ട ദുർബലരോട് ഔദാര്യം കാണിക്കുകയും അവരെ മുൻനിരയിലേക്ക് കൊണ്ടുവരികയും അവരെ നാടിന്റെ അവകാശികളാക്കുകയുമാണ് ദൈവികനിശ്ചയമെന്നും ക്വുർആൻ (28:45) അറിയിച്ചിട്ടുണ്ട്.

## മഹാമാരികളെക്കാൾ ആപത്കരം

യുദ്ധങ്ങൾ മഹാമാരികളെക്കാൾ നാശകരമാണ്. കോവിഡ് മഹാമാരിയിൽ ഇതുവരെ മരണപ്പെട്ടത് 60 ലക്ഷത്തോളം മനുഷ്യരാണെങ്കിൽ ഒന്നാം ലോകയുദ്ധത്തിൽ മാത്രം ഒരു കോടിയോളം മനുഷ്യജീവനുകൾ പൊലിഞ്ഞിട്ടുണ്ട്. രണ്ടാം ലോകയുദ്ധത്തിൽ എട്ടര കോടിയോളം മനുഷ്യർക്കാണ് ജീവൻ നഷ്ടപ്പെട്ടത്. രണ്ടാം ലോകയുദ്ധത്തിന് ശേഷം കൊറിയൻ യുദ്ധം (19501953), ക്യൂബൻ യുദ്ധം (1961), 12 വർഷം നീണ്ടുനിന്ന വിയറ്റ്നാം യുദ്ധം (1961-1973), ഡൊമിനിക്കൻ റിപ്പബ്ലിക് യുദ്ധം (1965), ലെബനോൻ (1982), ഗ്രെനേഡ (1983), പനാമ (1989), ഇറാഖ്-കുവൈത്ത് ഗൾഫ് യുദ്ധം (1991), സൊമാലിയ (1993), ഹെയ്ത്തി (1994), ബോസ്നിയ ഹെർസഗോവിന (1994-1995), കൊസോവോ (1999), അഫ്ഗാനിസ്താൻ (2001),

**ലോകസമാധാനത്തിനായി അന്താരാഷ്ട്രസമൂഹം കെട്ടിപ്പടുത്ത ഐക്യരാഷ്ട്ര സഭയുടെ രക്ഷാസമിതിയിലെ സ്ഥിരാംഗമാണ് ഇപ്പോൾ യുദ്ധത്തിന് നേതൃത്വം നൽകുന്ന റഷ്യ. യുദ്ധവും അശാന്തിയും പൊട്ടിപ്പുറപ്പെടുന്ന സാഹചര്യങ്ങളിൽ ലോകത്തിന് സുരക്ഷ ഒരുക്കാനുള്ള ഉത്തരവാദിത്തമുള്ള രാജ്യങ്ങളാണ് റഷ്യ അടക്കമുള്ള രക്ഷാസമിതി അംഗങ്ങൾ. അതേ റഷ്യയാണ് ഒട്ടേറെ മനുഷ്യരെ കൊന്നൊടുക്കിയും ഭൂമിയെയും പരിസ്ഥിതിയെയും നശിപ്പിച്ചും യുദ്ധതാണ്ഡവമാടിക്കൊണ്ടിരിക്കുന്നത്. യുക്രെയ്നെതിരെയുള്ള യുദ്ധത്തെ അപലപിക്കാൻ ചേർന്ന രക്ഷാസമിതി യോഗത്തിൽ യുദ്ധത്തെ അപലപിച്ചുകൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ വീറ്റോ ചെയ്തതും റഷ്യയാണ് എന്നറിയുമ്പോൾ എത്രമാത്രം പരിഹാസ്യവും ദുർബലവുമാണ് ലോകസമാധാനത്തിനായി രൂപം കൊണ്ട ഐക്യരാഷ്ട്രസഭയുടെ അവസ്ഥ എന്ന് ഒന്നുകൂടി ബോധ്യപ്പെടുകയാണ്.**

> **ഭൂലോകത്തേക്ക് കടന്നുവന്ന മനുഷ്യർ അന്നുതുടങ്ങിയ യുദ്ധങ്ങളും അധിനിവേശവും വെട്ടിപ്പിടിക്കലും കൊല്ലും കൊലയുമെല്ലാം ഇന്നും അനുസ്യൂതം തുടരുകയാണ്. ക്വുർആൻ സാമ്രാജ്യത്വ യുദ്ധങ്ങൾക്കെതിരെ സാമ്രാജ്യത്വ മോഹികളുടെ അധിനിവേശത്തിന്റെ സ്വഭാവവും അതുണ്ടാക്കുന്ന നഷ്ടങ്ങളും ക്വുർആൻ നേരത്തെ മനുഷ്യരോട് പറഞ്ഞിട്ടുണ്ട്. മറ്റുള്ളവരുടെ സ്വാതന്ത്ര്യങ്ങളെയും അവകാശങ്ങളെയും ഹനിച്ചും അധികാരകേന്ദ്രങ്ങളെ കടന്നാക്രമിച്ചും സാമ്രാജ്യങ്ങൾ കെട്ടിപ്പടുക്കാൻ ശ്രമിക്കുന്ന സാമ്രാജ്യത്വവാദികൾ ഒരു പ്രദേശത്ത് അധിനിവേശം നടത്തിയാൽ ആ പ്രദേശത്തെ നശിപ്പിക്കുമെന്നും അവിടങ്ങളിൽ ഐശ്വര്യത്തോടെ ജീവിച്ചുവന്നിരുന്നവർക്ക് മേൽ നിന്ദ്യതയും ദൈന്യതയും അടിച്ചേൽപിക്കുമെന്നും ക്വുർആൻ (27:34) വ്യക്തമാക്കിയിട്ടുണ്ട്.**

7 വർഷം നീണ്ടുനിന്ന ഇറാഖ് യുദ്ധം (2003-2010), ലിബിയ (2011), ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്ന സിറിയൻ ആഭ്യന്തര പ്രശ്നങ്ങൾ തുടങ്ങി എത്രയെത്ര യുദ്ധങ്ങൾ പിന്നീടുണ്ടായി. എത്രകോടി ജനങ്ങൾ കൊല്ലപ്പെട്ടു! 1948 മുതൽ ഫലസ്തീൻ ജനതക്കുനേരെ ഇസ്രായേൽ നടത്തിക്കൊണ്ടിരിക്കുന്ന അധിനിവേശത്തിനും അതിക്രമങ്ങൾക്കും കൂട്ടക്കുരുതികൾക്കും നശീകരണ പ്രവർത്തനങ്ങൾക്കും ഇനിയും ഒരറുതി ഉണ്ടായിട്ടില്ല.

### യുക്രെയ്ൻ ഭൂമിശാസ്ത്രം

യുക്രെയ്ൻ എന്ന രാജ്യത്തിനുമേലുള്ള റഷ്യയുടെ അധിനിവേശത്തിന്റെ അടിസ്ഥാനകാരണങ്ങൾ അന്വേഷിക്കുന്നതിന് മുമ്പ് യുക്രെയ്നിന്റെ ഭൂമിശാസ്ത്രവും ചരിത്രവും അറിയുക അനിവാര്യമാണ്. സൗദി അറേബ്യയുടെ വടക്കുള്ള സിറിയയുടെയും വടക്കാണ് തുർക്കി സ്ഥിതിചെയ്യുന്നത്. തുർക്കിയുടെ വടക്ക് ഭാഗം കരിങ്കടലാണ്. കരിങ്കടലിനും വടക്കാണ് യുക്രെയ്ൻ എന്ന രാജ്യം. യുക്രെയ്നിന്റെ പടിഞ്ഞാറെ അതിർത്തിയാണ് റഷ്യ പങ്കിടുന്നത്. കിഴക്കൻ അതിർത്തി ഹംഗറി, സ്ലോവാക്യ, പോളണ്ട് എന്നീ രാജ്യങ്ങൾ പങ്കിടുമ്പോൾ വടക്കുഭാഗത്ത് ബെലാറസ് ആണ്. തെക്കുഭാഗത്ത് കരിങ്കടലും റൊമാനിയ, മൊൾഡോവ എന്നീ രാജ്യങ്ങളുമാണ്. ഈ ഒരു ഭൂമിശാസ്ത്രം തന്നെ യുക്രെയ്നെ സംബന്ധിച്ചിടത്തോളം വലിയ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്. ഏഷ്യൻ വൻകരയെയും യൂറോപ്പിനെയും വേർതിരിക്കുന്ന അതിർത്തിരേഖ ഇപ്പോഴും അവ്യക്തമായി തുടരുന്നു. റഷ്യക്ക് പടിഞ്ഞാറ് ഭാഗത്തുള്ള പല രാജ്യങ്ങളും റഷ്യയുടെ തന്നെ ചില ഭാഗങ്ങളും യൂറോപ്പിലാണോ ഏഷ്യയിലാണോ എന്ന് തീരുമാനിക്കാൻ സാധിക്കുന്നില്ല.

പൂർണമായും യൂറോപ്യൻ സാംസ്കാരിക സ്വഭാവങ്ങളാണ് യുക്രെയ്നിൽ ഉള്ളതെങ്കിലും വളരെക്കാലമായി റഷ്യയുടെ ഭാഗമായിരുന്ന യുക്രെയ്നെ യൂറോപ്പിന് വിട്ടുകൊടുക്കാൻ തയ്യാറാവാത്ത മനോഭാവം അവർക്ക് തലവേദന സൃഷ്ടിക്കുന്നുണ്ട്. ചുരുക്കത്തിൽ യുക്രെയ്നിന്റെ ഈ ഭൂമിശാസ്ത്ര സവിശേഷത ആ പ്രദേശത്തിന് എന്നും അസ്വസ്ഥതകളാണ് സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത്.

### യുക്രെയ്ൻ ചരിത്രത്തിലൂടെ

ബി.സി ആറാം നൂറ്റാണ്ട് മുതൽ എ.ഡി ആറാം നൂറ്റാണ്ട് വരെ ഗ്രീക്ക്, റോമൻ, ബൈസന്റൈൻ സാമ്രാജ്യങ്ങളുടെ കീഴിലായിരുന്ന യുക്രെയ്ൻ പ്രദേശം ഹുന്നിക്, ഗോഥിക് വിഭാഗങ്ങളും ഭരിച്ചിട്ടുണ്ട്. അതിന് ശേഷമാണ് ഇന്നത്തെ തലസ്ഥാനമായ കീവിനെ കേന്ദ്രമാക്കി സ്ലാവിക് ഭരണകൂടം നിലവിൽ വന്നത്. പിന്നീട് ഏഴാം നൂറ്റാണ്ടിൽ ബൾഗാറുകളും എട്ടാം നൂറ്റാണ്ടോടെ ഖസാറുകളും പ്രദേശത്തെ അടക്കിവാണു. ഒമ്പതാം നൂറ്റാണ്ട് മുതൽ പതിമൂന്നാം നൂറ്റാണ്ട് വരെ ആധുനിക യുക്രെയ്നിന്റെ മധ്യ, പടിഞ്ഞാറൻ, വടക്കൻ ഭാഗങ്ങൾ, ബെലാറസ്, പോളണ്ടിന്റെ കിഴക്കൻ സ്ട്രിപ്പ്, ഇന്നത്തെ റഷ്യയുടെ പടിഞ്ഞാറൻ ഭാഗം എന്നീ പ്രദേശങ്ങളെല്ലാം ഉൾകൊണ്ട കീവൻ റസിന്റെ ഭാഗമായിരുന്നു യുക്രെയ്ൻ. പിന്നീട് പതിനേഴാം നൂറ്റാണ്ട് വരെ റഷ്യയിലെ റൂറിക് രാജവംശത്തിന്റെ കീഴിലായി. അതിന് ശേഷം അൽപകാലം പോളണ്ട് രാജഭരണത്തിന് കീഴിലായെങ്കിലും വീണ്ടും റഷ്യൻ സാമ്രാജ്യത്വത്തിന്റെ ഭാഗമാകുകയായിരുന്നു.

### യുക്രെയ്നിലെ മതസമൂഹങ്ങൾ

യുക്രെയ്ൻ എന്ന രാജ്യത്തിന് ഏകദേശം നമ്മുടെ മഹാരാഷ്ട്രയോളം വലിപ്പം മാത്രമാണുള്ളത്. ജനങ്ങളിൽ മഹാഭൂരിപക്ഷവും വിവിധ ക്രിസ്ത്യൻ മതവിഭാഗത്തിൽ പെട്ടവരാണ്. ഈസ്റ്റേൺ ഓർത്തഡോക്സ് (67.3), ഗ്രീക്ക് കത്തോലിക്ക (9.4), പ്രൊട്ടസ്റ്റന്റ് (2.2), ലാറ്റിൻ കത്തോലിക്ക (0.8), മറ്റു ക്രിസ്ത്യാനികൾ (7.7), മതമില്ലാത്തവർ (11), ഇസ്‌ലാം (1), മറ്റുള്ളവർ (0.6).



റഷ്യ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധത്തിനെതിരെ യാണ് പൊതുവിൽ ലോകത്തെ അറബ് മുസ്‌ലിം രാജ്യ ങ്ങളുടെ വികാരമെങ്കിലും അത് പ്രതിഫലിപ്പിക്കുന്ന കാര്യത്തിൽ അവർക്ക് വേണ്ടത്ര വിജയിക്കാനിയിട്ടി ല്ല. സിറിയ അധിനിവേശത്തെ പിന്തുണക്കുകയാണ് ചെയ്തതെങ്കിൽ ലെബനോൻ അപലപിക്കുകയു ണ്ടായി. യു.എൻ രക്ഷാസമിതി അംഗം കൂടിയായ യു.എ.ഇ വിഷയത്തിൽ മൗനമവലംബിച്ചിരിക്കുക യാണ്. മാത്രവുമല്ല, റഷ്യക്കെതിരെ രക്ഷാസമിതി യിൽ വന്ന പ്രമേയത്തിൽ അനുകൂലമോ പ്രതികൂലമോ വോട്ടുചെയ്യാതെ മാറി നിൽക്കുകയാണ് യു.എ.ഇയും മറ്റൊരു അംഗമായ ഇന്ത്യയും ചെയ്തത്. അറബ് ലീഗ് ഉടൻ തന്നെ യോഗം ചേർന്ന് വിഷയത്തിൽ പ്രതികരിക്കണമെന്ന് ഈജിപ്ത് ആവശ്യപ്പെട്ടിട്ടുണ്ട്. 1991ൽ ഇറാഖ് കുവൈത്തിനെ ആക്രമിക്കുകയും പിടിച്ചടക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അക്രമിയായ ഇറാഖിനെതിരെ യോജിച്ചുനിന്നവരാണ് അറബ് മുസ്‌ലിം രാജ്യങ്ങൾ. അക്രമത്തിനെതിരെ നിലപാട് സ്വീകരിച്ച പാരമ്പര്യമുള്ള അറബ് മുസ്‌ലിം രാജ്യങ്ങൾ യുദ്ധംകൊണ്ടുള്ള കെടുതികളെ മാത്രം അപലപിച്ചാൽ പോരാ, അക്രമം നടത്തിയ റഷ്യയുടെ അധിനിവേശത്തെയും അപലപിക്കേണ്ടതുണ്ട്. അക്രമ ത്തെ അപലപിക്കുകയും അക്രമിയെ തിരുത്തുകയും സമാധാനത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഒരു മുസ്‌ലിമിനുണ്ടാവേണ്ട നിലപാട്.

### റഷ്യയും യുക്രെയ്നും ഇണങ്ങിയും പിണങ്ങിയും

പതിനെട്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ യൂറോപ്യൻ വിഭാഗ ങ്ങളിൽ പൊതുവിൽ ഉയർന്നു വന്ന ദേശീയവികാരങ്ങൾ യുക്രെയ്ൻ ജനതയിലും ഉടലെ ടുത്തു. ഇത് റഷ്യക്ക് തലവേദന സൃഷ്ടിച്ചു. എങ്ങനെയെങ്കിലും യുക്രെയ്ൻ ജനതയിൽ ഉയർന്നു വന്ന ദേശീയവികാരത്തെ അടി ച്ചൊതുക്കാൻ അവർ ശ്രമിച്ചു. യുക്രെയ്ൻ ഭാഷയെ അവർ നിരോധിച്ചു. സാംസ്കാരിക ചിഹ്നങ്ങൾക്ക് വിലക്കേർപ്പെ ടുത്തി. അതിന്റെ പേരിൽ കുറേപേർ പടിഞ്ഞാറൻ യുക്രെ യ്നിലേക്ക് പലായനം ചെയ്തു വെങ്കിലും ചിലർ റഷ്യൻ സ്വ ത്വത്തെ അംഗീകരിച്ച് ജീവിച്ചു. ലോകം ഇരുപതാം നൂറ്റാണ്ടിലേ ക്ക് പ്രവേശിക്കുകയും റഷ്യൻ ബോൾഷെവിക് വിപ്ലവം ആരം ഭിക്കുകയും ചെയ്തതോടെ യുക്രെയ്ൻ ജനതയിൽ ഉരുണ്ടു കൂടിയിരുന്ന സ്വതന്ത്ര യുക്രെയ്ൻ എന്ന വികാരം ശക്തമായി.

### സ്വതന്ത്ര യുക്രെയ്ൻ എന്ന വികാരം

1917നും 1920നും ഇടയിൽ സ്വ തന്ത്ര യുക്രെയ്ൻ രാജ്യത്തിന് വേണ്ടി ആഗ്രഹിച്ച നിരവധി വിഭാഗങ്ങൾ ഉണ്ടായെങ്കിലും അരാജകത്വമായിരുന്നു ഫലം. വിവിധ വിഭാഗങ്ങൾക്കിടയിൽ ഏകോപനമില്ലായ്മ, ആഭ്യന്തര കലഹങ്ങൾ, ഒരു കേന്ദ്രീയ അധികാരത്തിന്റെ അഭാവം എന്നിവ യുക്രെയ്ൻ ജനതയെ അരാജകത്വത്തിലേക്ക് തള്ളി നീക്കി. ഓരോ വിഭാഗവും അധികാരത്തിനായി യത്നിച്ചപ്പോൾ ആർക്കും അധികാരം ലഭിക്കാത്ത അവസ്ഥയിലേക്ക് യുക്രയ്നിന്റെ രാഷ്ട്രീയം ദുർബ ലമായി. അതുകൊണ്ടുതന്നെ യുക്രെയ്ൻ സ്വാത ന്ത്ര്യം എന്ന ആശയം ഹ്രസ്വകാലത്തിൽ ഒതുങ്ങി. അങ്ങനെ ഭൂരിഭാഗം യുക്രെയ്നിയൻ ഭൂപ്രദേശങ്ങളും സോവിയറ്റ് യൂണിയനിൽ ചേക്കേറുകയും അവശേ ഷിക്കുന്നവ പടിഞ്ഞാറൻ മേഖലയിലെ പോളണ്ട്, ചെക്കോസ്ലോവാക്യ, റൊമാനിയ എന്നിങ്ങനെയു ള്ള രാജ്യങ്ങളുടെ ഭാഗമാവുകയും ചെയ്തു.

### യുക്രെയ്ൻ സോവിയറ്റ് യൂണിയനിൽ

ചുരുക്കത്തിൽ റഷ്യൻ സാമ്രാജ്യം നിലനിന്നിരു ന്ന കാലങ്ങളിലെല്ലാം യുക്രെയ്ൻ റഷ്യയുടെ ഭാഗ മായിരുന്നു എന്നതാണ് ചരിത്രം. റഷ്യൻ സാമ്രാ ജ്യത്തിലെ അവസാന ഭരണാധികാരിയായ സാർ നിക്കോളാസ് രണ്ടാമൻ ചക്രവർത്തിയെ അട്ടിമറിച്ച് വ്ളാഡ്മിർ ലെനിന്റെ നേതൃത്വത്തിൽ ബോൾഷെവി ക്കുകൾ റഷ്യയുടെ അധികാരം പിടിച്ചെടുക്കുന്നത്

1918ലാണ്. ഈ സന്ദർഭത്തിൽയുക്രെയ്ൻ റഷ്യയിൽനിന്ന് താത്കാലികമായി സ്വാതന്ത്ര്യം നേടിയെങ്കിലും 1922ൽ റഷ്യയുടെ നേതൃത്വത്തിൽ അയൽരാജ്യങ്ങളെയെല്ലാം ചേർത്തുകൊണ്ട് യൂണിയൻ ഓഫ് സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്സ് (യു.എസ്.എസ്.ആർ) എന്നപേരിൽ ഒരൊറ്റ രാഷ്ട്രം രൂപീകരിച്ചപ്പോൾ യുക്രെയ്നും അതിൽ ചേർന്നു. യുക്രെയ്നിനും റഷ്യക്കും പുറമെ എസ്റ്റോണിയ, ലിത്വാനിയ, ലാത്വിയ, അസർബൈജാൻ, ഉസ്ബകിസ്ഥാൻ, കസാഖിസ്ഥാൻ, കിർഗിസ്ഥാൻ, താജികിസ്ഥാൻ, തുർക്മെനിസ്ഥാൻ, മോൾഡോവിയ, ജോർജിയ, ബെലാറസ്, അർമേനിയ എന്നീ പ്രദേശങ്ങളായിരുന്നു യു.എസ്.എസ്.ആറിന്റെ ഭാഗമായി ചേർന്നത്. ഇവ ഓരോന്നും അതാത് പ്രദേശങ്ങളുടെ പേരിൽ എസ്.എസ്.ആർ എന്ന് ചേർത്തുകൊണ്ടായിരുന്നു അറിയപ്പെട്ടിരുന്നത്. അതായത് യുക്രെയ്ൻ അന്ന് അറിയപ്പെട്ടിരുന്നത് യുക്രെയ്ൻ സോവിയറ്റ് സോഷ്യലിസ്റ്റ് റിപ്പബ്ലിക്ക് എന്നായിരുന്നു.

### ക്രീമിയ എന്ന തുറുപ്പ്ഷീട്ട്


യുക്രെയ്നിന്റെ തെക്കുഭാഗത്ത് കരിങ്കടലിലേക്ക് ചേർന്നുകിടക്കുന്ന പ്രദേശമാണ് ക്രീമിയ. ക്രീമിയൻ പെനിൻസുല എന്നാണ് ഇത് അറിയപ്പെടുന്നത്. ഈ പ്രദേശം സാംസ്കാരികമായും ഭാഷാപരമായും സാമ്പത്തികമായും യുക്രെയ്നിനോടാണ് ബന്ധപ്പെട്ട് കിടക്കുന്നത്. എന്നാൽ 1922ൽ യു.എസ്.എസ്.ആർ രൂപം കൊണ്ടപ്പോൾ ക്രീമിയയെ റഷ്യൻ എസ്.എസ്.ആറിൽ ആയിരുന്നു ഉൾപ്പെടുത്തിയിരുന്നത്. ഇതിൽ യുക്രെയിന് വലിയ അമർഷമുണ്ടായിരുന്നു. ഒടുവിൽ 32 വർഷങ്ങൾക്ക് ശേഷം 1954 ഫെബ്രുവരിയിൽ ക്രീമിയയെ യുക്രെയ്ൻ എസ്.എസ്.ആറിന്റെ ഭാഗമാക്കി സോവിയറ്റ് അധികാരികൾ ഉത്തരവിറക്കി. അങ്ങനെ ക്രീമിയ യുക്രെയ്ന്റെ ഭാഗമായി. എന്നാൽ ഈ ഉത്തരവ് പുറത്തിറക്കുന്നതിന് മുമ്പ് ജനഹിത പരിശോധന നടത്തിയിരുന്നില്ല. അതുകൊണ്ടുതന്നെ യുക്രെയിനിലേക്ക് ക്രീമിയയെ ലയിപ്പിച്ചതിനെതിരെ അന്നുതന്നെ വിമർശനമുണ്ടായിരുന്നു.

### സോവിയറ്റ് യൂണിയൻ ചിന്നിച്ചിതറിയപ്പോൾ

1990ൽ യു.എസ്.എസ്.ആർ ഛിന്നഭിന്നമായതിനെ തുടർന്ന് യുക്രെയ്ൻ 1991 ആഗസ്റ്റ് 24ന് റഷ്യൻ നിയന്ത്രണത്തിൽ ിന്നും പൂർണമായും വേർപെട്ടു സ്വതന്ത്ര രാഷ്ട്രമായി. യുക്രെയ്നിൽ 77 ശതമാനം ജനങ്ങൾ യുക്രെയ്ൻ ഭാഷ സംസാരിക്കുന്നവരായിരുന്നെങ്കിലും 17 ശതമാനം ജനങ്ങൾ റഷ്യൻ ഭാഷ സംസാരിക്കുന്നവരായിരുന്നു. ഇവർ ജീവിച്ചിരുന്നത് യുക്രെയ്നിന്റെ റഷ്യയോട് ചേർന്നിരിക്കുന്ന കിഴക്കൻ ഭാഗത്തായിരുന്നു. ഇവർക്ക് റഷ്യയോട് ചേരാനായിരുന്നു താൽപര്യം. റഷ്യയിൽനിന്നും പിരിഞ്ഞശേഷവും ജനതയിൽ ഒരു വിഭാഗത്തിന് റഷ്യൻ ആഭിമുഖ്യമുണ്ടായത് ആഭ്യന്തര ഭിന്നതയ്ക്ക് വഴിയൊരുക്കി.

### യൂറോപ്യൻ യൂണിയനും യുക്രെയ്നും

ഈ കാലഘട്ടത്തിൽ തന്നെയാണ് യൂറോപ്പിലെ രാജ്യങ്ങൾ ചേർന്ന് യൂറോപ്യൻ യൂണിയൻ രൂപീകരിക്കുന്നത്. യൂറോപ്യൻ രാജ്യങ്ങൾക്കിടയിൽ കമ്പോളം, നാണയം, കാർഷികം, വ്യാപാരം, മത്സ്യബന്ധനം തുടങ്ങിയ വിഷയങ്ങളിൽ ഏകീകൃതമായ നയം രൂപീകരിക്കുന്നതിന് വേണ്ടിയാണ് ഇതുണ്ടാക്കിയത്. 1991 നവംബറിലാണ് ഇത് രൂപംകൊണ്ട



ത്. 1991ലാണ് സോവിയറ്റിൽനിന്നും വേർപെട്ട യുക്രെയ്ൻ രാഷ്ട്രം ഉണ്ടായതും. യൂറോപ്യൻ യൂണിയനിൽ ചേരുന്നതിനുള്ള താല്പര്യം യുക്രെയ്ൻ എന്ന സ്വതന്ത്ര രാഷ്ട്രത്തിന് ഉണ്ടാവുക സ്വാഭാവികമാണ്. സോവിയറ്റ് യൂണിയനിലെ അംഗങ്ങളായിരുന്ന ലാത്വിയ, ലിത്വാനിയ, എസ്തോണിയ എന്നീ രാജ്യങ്ങൾ 2007ൽ യൂറോപ്യൻ യൂണിയനിൽ അംഗങ്ങളായി. അതോടൊപ്പം യു.എസ്.എസ്.ആറിന്റെ നിയന്ത്രണത്തിലായിരുന്ന ഹംഗറി, പോളണ്ട്, സ്ലോവാക്യ, റൊമാനിയ, ബൾഗേറിയ തുടങ്ങിയ രാജ്യങ്ങളും യൂറോപ്യൻ യൂണിയനിൽ അംഗങ്ങളായി.

## നാറ്റോ അംഗത്വവും യുക്രെയ്നും

സോവിയറ്റ് യൂണിയന്റെ പ്രതാപകാലത്ത് ലോകമാകമാനം സോവിയറ്റ് ആശയങ്ങളും സോഷ്യലിസവും പിടിമുറുക്കുമോ എന്ന ആശങ്ക കാരണം അമേരിക്കയുടെ നേതൃത്വത്തിൽ ചില യൂറോപ്യൻ രാജ്യങ്ങളെ കൂട്ടുപിടിച്ച് അതിനെ തടയാനുള്ള ശ്രമം തുടങ്ങി. അങ്ങനെയാണ് ക്യാപിറ്റലിസവും സോഷ്യലിസവും തമ്മിലുള്ള ആശയയുദ്ധത്തിന്റെ ഭാഗമായി 'നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ' (നാറ്റോ) എന്ന സംഘടന പിറന്നത്. അംഗരാജ്യങ്ങൾക്കെതിരെ ഉണ്ടാകുന്ന അതിക്രമങ്ങളെ കൂട്ടായ മിലിട്ടറി ഓപ്പറേഷനിലൂടെ നേരിടുക എന്നതാണ് നാറ്റോയുടെ പ്രധാന ലക്ഷ്യം. റഷ്യയുമായി അതിർത്തി പങ്കിടുന്ന, നേരത്തെ സോവിയറ്റിന്റെ ഭാഗമായിരുന്ന ബാൾട്ടിക് രാജ്യങ്ങൾ എന്നറിയപ്പെടുന്ന ലാത്വിയ, ലിത്വാനിയ, എസ്തോണിയ എന്നീ രാജ്യങ്ങൾ യൂറോപ്യൻ യൂണിയലിലും നാറ്റോയിലും അംഗത്വം നേടിയത് റഷ്യയിൽ അങ്കലാപ്പ് സൃഷ്ടിച്ചിരുന്നു. യുക്രെയ്ൻ കൂടി ഇ.യു.വിലും നാറ്റോയിലും അംഗത്വം ആവശ്യപ്പെട്ടതോടെ റഷ്യയുടെ അങ്കലാപ്പ് വർധിച്ചു. അവർ അതിനെതിരെ ശക്തമായ നിലപാടെടുത്തു.

## പുതിയ പ്രശ്നങ്ങൾ ഉടലെടുക്കുന്നു

2013ൽ യൂറോപ്യൻ യൂണിയൻ ജനാധിപത്യം ഉറപ്പുവരുത്തുക തുടങ്ങിയ ഏതാനും ഉപാധികൾ യുക്രെയ്ന്റെ മുന്നിൽ അവതരിപ്പിച്ചു. എങ്കിൽ മാത്രമെ അംഗത്വം നൽകാൻ സാധിക്കൂ എന്ന് അവർ യുക്രെയ്നെ അറിയിച്ചു. തദടിസ്ഥാനത്തിൽ പാർലമെന്റ് വിളിച്ചുചേർത്ത് യൂറോപ്യൻ യൂണിയന്റെ ഉപാധികൾ അംഗീകരിക്കുന്നതായി യുക്രെയ്ൻ പ്രമേയം പാസാക്കുകയും ചെയ്തു. പ്രമേയം പാസാക്കിയതോടെ റഷ്യയുടെ ശത്രുത വർധിച്ചു. അവർ യുക്രെയ്നെതിരെ ഉപരോധം ഏർപ്പെടുത്തി. എന്നാൽ അന്നത്തെ യുക്രെയ്ൻ പ്രസിഡന്റ് വിക്റ്റർ യാനുക്കോവിച്ചിനെ റഷ്യൻ പ്രസിഡന്റ് പുട്ടിൻ സ്വാധീനിക്കുകയും യൂറോപ്യൻ യൂണിയനുമായുള്ള ഉടമ്പടി ഒപ്പുവെക്കുന്നതിൽനിന്നും യുക്രെയ്ൻ പിന്തിരിയുകയും ചെയ്തു. യുക്രെയ്ൻ ജനതയുടെ താൽപര്യത്തിന് വിരുദ്ധമായായിരുന്നു പ്രസിഡന്റിന്റെ നടപടി. അതോടെ ജനങ്ങൾ ഇളകി. ജനങ്ങൾ പ്രത്യക്ഷ പ്രക്ഷോഭങ്ങളുടെ തെരുവിലിറങ്ങി. പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും അത് കൂടുതൽ ശക്തമാകുകയായിരുന്നു. 2014ൽ പ്രസിഡന്റിനെ ഇംപീച്ച് ചെയ്ത് പുറത്താക്കുകയും ചെയ്തു. പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന പെട്രോ പൊറോഷെങ്കോയെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ മൃഗീയ ഭൂരിപക്ഷത്തിന് അധികാരത്തിലേറ്റി. പുതിയ പ്രസിഡന്റ് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിച്ചു. റഷ്യ അദ്ദേഹത്തെയും സ്വാധീനിക്കാൻ ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല.

## ക്രീമിയ വീണ്ടും രാഷ്ട്രീയ ഭൂപടത്തിൽ

റഷ്യയുടെ അത്തരം ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ കൂടുതൽ കടുത്ത നടപടിയിലേക്ക് അവർ

2013ൽ യൂറോപ്യൻ യൂണിയൻ ജനാധിപത്യം ഉറപ്പുവരുത്തുക തുടങ്ങിയ ഏതാനും ഉപാധികൾ യുക്രെയ്ന്റെ മുന്നിൽ അവതരിപ്പിച്ചു. എങ്കിൽ മാത്രമെ അംഗത്വം നൽകാൻ സാധിക്കൂ എന്ന് അവർ യുക്രെയ്നെ അറിയിച്ചു. തദടിസ്ഥാനത്തിൽ പാർലമെന്റ് വിളിച്ചുചേർത്ത് യൂറോപ്യൻ യൂണിയന്റെ ഉപാധികൾ അംഗീകരിക്കുന്നതായി യുക്രെയ്ൻ പ്രമേയം പാസാക്കുകയും ചെയ്തു. പ്രമേയം പാസാക്കിയതോടെ റഷ്യയുടെ ശത്രുത വർധിച്ചു. അവർ യുക്രെയ്നെതിരെ ഉപരോധം ഏർപ്പെടുത്തി. എന്നാൽ അന്നത്തെ യുക്രെയ്ൻ പ്രസിഡന്റ് വിക്റ്റർ യാനുക്കോവിച്ചിനെ റഷ്യൻ പ്രസിഡന്റ് പുട്ടിൻ സ്വാധീനിക്കുകയും യൂറോപ്യൻ യൂണിയനുമായുള്ള ഉടമ്പടി ഒപ്പുവെക്കുന്നതിൽനിന്നും യുക്രെയ്ൻ പിന്തിരിയുകയും ചെയ്തു. യുക്രെയ്ൻ ജനതയുടെ താൽപര്യത്തിന് വിരുദ്ധമായായിരുന്നു പ്രസിഡന്റിന്റെ നടപടി. അതോടെ ജനങ്ങൾ ഇളകി. ജനങ്ങൾ പ്രത്യക്ഷ പ്രക്ഷോഭങ്ങളുടെ തെരുവിലിറങ്ങി. പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ ശ്രമിച്ചെങ്കിലും അത് കൂടുതൽ ശക്തമാകുകയായിരുന്നു. 2014ൽ പ്രസിഡന്റിനെ ഇംപീച്ച് ചെയ്ത് പുറത്താക്കുകയും ചെയ്തു. പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയിരുന്ന പെട്രോ പൊറോഷെങ്കോയെ തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ജനങ്ങൾ മൃഗീയ ഭൂരിപക്ഷത്തിന് അധികാരത്തിലേറ്റി. പുതിയ പ്രസിഡന്റ് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് പ്രവർത്തിച്ചു. റഷ്യ അദ്ദേഹത്തെയും സ്വാധീനിക്കാൻ ശ്രമിച്ചുവെങ്കിലും വിജയിച്ചില്ല.

യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്ന നയമമല്ല ഇസ്‌ലാമിന്റേത്. പ്രവാചകന്റെ(സ്വ) കാലത്ത് യുദ്ധ സാഹചര്യങ്ങൾ ഉരുണ്ടുകൂടിയ പല സന്ദർഭങ്ങളിലും യുദ്ധം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നിലപാടുകളായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. ശത്രുത വച്ചുപുലർത്തുന്നവരോട് പോലും സന്ധിയുണ്ടാക്കി അദ്ദേഹം സമാധാനത്തിനായി യത്നിച്ചു. നാല് ഭാഗത്തുനിന്നും അധിനിവേശത്തിന്റെയും ഉന്മൂലനത്തിന്റെയും ഭീഷണികൾ ഉയർത്തിക്കൊണ്ട് യുദ്ധക്കൊതിയന്മാർ വന്നപ്പോൾ അദ്ദേഹം പ്രതിരോധത്തിന്റെ മാർഗം മാത്രം സ്വീകരിച്ചു. അതുകൊണ്ടാണ് ലോകത്തെ അറിയപ്പെടുന്ന യുദ്ധങ്ങളിൽ കോടിക്കണക്കിന് മനുഷ്യർ മരിച്ചുവീണപ്പോൾ പ്രവാചകൻ യുദ്ധങ്ങളെ പ്രതിരോധിച്ച് മുന്നോട്ട് പോയപ്പോൾ ആയിരത്തോളം ആളുകൾക്ക് മാത്രം ജീവൻ നഷ്ടപ്പെട്ടത്. ഇസ്‌ലാം ഒരു സാമ്രാജ്യശക്തിയല്ല. വെട്ടിപ്പിടിക്കലും അധിനിവേശം നടത്തലുമല്ല അതിന്റെ ദൗത്യം. ലോകസമൂഹത്തിൽ ശാന്തി പ്രചരിപ്പിച്ച് അവർക്ക് ഏറ്റവും നല്ല ഭൗതികജീവിതവും മരണശേഷം അതിലേറെ ഉദാത്തമായ പാരത്രികജീവിതവും ലഭിക്കാൻ ആവശ്യമായ കാര്യങ്ങൾ പ്രബോധനം ചെയ്യുക മാത്രമാണ് ഇസ്‌ലാം ചെയ്യുന്നത്.

നീങ്ങി. അവർ ലക്ഷ്യംവച്ചത് നേരത്തെ സോവിയറ്റ് കാലത്ത് അവർ കൈവശം വെച്ചിരുന്ന ക്രീമിയയെ ആയിരുന്നു. ക്രീമിയ ഒരു ഉപദ്വീപ് ആയതുകൊണ്ടുതന്നെ യുക്രെയിന്റെ പ്രധാന തുറമുഖങ്ങൾ അവിടെയായിരുന്നു. അത് കൈവശപ്പെടുത്തിയാൽ യുക്രെയ്ൻ അവരുടെ യൂറോപ്യൻ യൂണിയൻ ആഗ്രഹങ്ങൾ ഉപേക്ഷിച്ച് റഷ്യയുടെ വരുതിക്ക് വരുമെന്നായിരുന്നു റഷ്യ പ്രതീക്ഷിച്ചത്. ലോകരാഷ്ട്രങ്ങൾ റഷ്യക്കെതിരെ ആഞ്ഞടിച്ചപ്പോൾ റഷ്യ ക്രീമിയയിൽ ഒരു ഹിതപരിശോധന സംഘടിപ്പിച്ചു. പൂർണമായും റഷ്യൻ നിയന്ത്രണത്തിൽ നടന്ന റഫറണ്ടം സ്വാഭാവികമായും റഷ്യൻ അനുകൂലമായിട്ടാണ് സമാപിച്ചത്. അന്താരാഷ്ട്ര നിയമങ്ങളൊന്നും പാലിക്കാതെ വളരെ കൃത്രിമമായ രൂപത്തിൽ സംഘടിപ്പിച്ച ഈ ഹിതപരിശോധനക്ക് അന്താരാഷ്ട്രസമൂഹം വില കൽപിച്ചിട്ടില്ല.

### റഷ്യ ജി8ൽനിന്ന് പുറത്തേക്ക്

ക്രീമിയക്ക് നേരെ നടത്തിയ അധിനിവേശത്തിന്റെ ഫലമായി ലോക സമ്പന്ന രാജ്യങ്ങളുടെ സംഘടനയായ ജി8ൽനിന്നും റഷ്യ പുറത്താക്കപ്പെട്ടു. ഇപ്പോൾ അത് ജി7 എന്നാണ് അറിയപ്പെടുന്നത്. ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ, യു.കെ, യു.എസ്, കാനഡ എന്നിവയാണ് ജി7 അംഗരാജ്യങ്ങൾ.

എന്നാൽ പുറത്താക്കൽ നടപടി റഷ്യയെ അനുനയിപ്പിച്ചില്ല. ലോകസമൂഹവും യുക്രെയ്നിയൻ ജനതയും അത് അംഗീകരിച്ചിട്ടില്ലെങ്കിലും ക്രീമിയ ഇപ്പോഴും റഷ്യയുടെ നിയന്ത്രണത്തിലാണ്.

### റഷ്യയുടെ നയതന്ത്ര അടവുകൾ പരാജയപ്പെട്ടപ്പോൾ

ബാൾട്ടിക് രാജ്യങ്ങളടക്കം റഷ്യയുമായി അതിർത്തി പങ്കിടുന്ന ചില രാജ്യങ്ങൾ യൂറോപ്യൻ യൂണിയന്റെയും നാറ്റോയുടെയും ഭാഗമായതിന് ശേഷം യുക്രെയ്നും അതേവഴി പിന്തുടരുന്നതിലുള്ള അമർഷമാണ് റഷ്യ പ്രകടിപ്പിക്കുന്നത്. നയതന്ത്രതലത്തിൽ റഷ്യൻ പ്രസിഡന്റ് വ്ളാഡ്മിർ പുട്ടിൻ ചില ശ്രമങ്ങൾ നടത്തിയെങ്കിലും അത് പരാജയപ്പെട്ടു. യു.എസ് പ്രസിഡന്റുമാരുമായും മറ്റു ലോക രാഷ്ട്രത്തലവന്മാരുമായും പുട്ടിൻ ചർച്ച നടത്തിയിരുന്നു. എന്നാൽ ഒരു സ്വതന്ത്ര പരമാധികാര രാഷ്ട്രം ഏതെങ്കിലും രാഷ്ട്ര സഖ്യങ്ങളിൽ ചേരുന്നതിനെ വിലക്കാൻ സാധിക്കില്ലെന്ന നിലപാടാണ് ലോകരാജ്യങ്ങൾ സ്വീകരിച്ചത്. നയതന്ത്ര ശ്രമങ്ങൾ പരാജയപ്പെട്ട റഷ്യ ഇപ്പോൾ അതിക്രമത്തിന്റെയും അധിനിവേശത്തിന്റെയും മാർഗമാണ് തിരഞ്ഞെടുത്തിട്ടുള്ളത്.

### യുദ്ധവും അധിനിവേശവും ഇന്ത്യൻ നിലപാടുകളും

യുദ്ധം ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ അന്താരാഷ്ട്ര സമൂഹത്തിൽനിന്നും ഉണ്ടാവേണ്ടതുണ്ട്. ലോകരാജ്യങ്ങൾ ചേരിതിരിയുകയും വിവിധ സംഘങ്ങളായി സംഘടിക്കുകയും ചെയ്യുന്നത് ലോകസമാധാനത്തിന് ഭീഷണിയാവാൻ പാടില്ല. ചേരിചേരാ പ്രസ്ഥാനത്തിന്റെ പ്രസക്തി ഇതാണ് വിളിച്ചറിയിക്കുന്നത്. ലോകയുദ്ധങ്ങൾക്ക് ശേഷം ഇന്ത്യയുടെ നേതൃത്വത്തിലാണ് ചേരിചേരാ പ്രസ്ഥാനം ശക്തിപ്പെട്ടത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റു, യൂഗോസ്ലാവ്യൻ പ്രസിഡന്റ് മാർഷൽ ടിറ്റോ, ഈജിപ്ഷ്യൻ പ്രസിഡന്റ് ജമാൽ അബ്ദുന്നാസർ എന്നീ നേതാക്കളുടെ ശ്രമഫലമായാണ് ചേരിചേരാ പ്രസ്ഥാനം രൂപംകൊണ്ടത്. എന്നാൽ ഇന്ത്യ അടുത്തകാലത്തായി തങ്ങളുടെ പ്രഖ്യാപിത നയം മറന്നുകൊണ്ട് പ്രവർത്തിക്കുന്നതായി ലോകരാജ്യങ്ങൾ തന്നെ ആരോപണം ഉന്നയിച്ചുകൊണ്ടിരിക്കുന്നുണ്ട്. റോഹിങ്ക്യൻ പ്രശ്നം കൈകാര്യം ചെയ്തതും ഫലസ്തീനെ ഉപേക്ഷിച്ച് ഇസ്രായേലിനെ അമിതമായി പ്രീതിപ്പെടുത്തിയതും അയൽരാജ്യങ്ങളിൽനിന്നും ഇന്ത്യയിലെത്തുന്ന ജനങ്ങൾക്കിടയിൽ മതപരമായ ചേരിതിരിവ് ഉണ്ടാക്കുന്ന വിധത്തിൽ പൗരത്വ നയം പ്രഖ്യാപിച്ചതുമെല്ലാം ഇന്ത്യയുടെ വിശ്വാസ്യത ചോദ്യം ചെയ്യപ്പെട്ട സംഭവങ്ങളാണ്.

## യുദ്ധവും അറബ് മുസ്‌ലിം രാജ്യങ്ങളും

റഷ്യ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധത്തിനെ തിരെയാണ് പൊതുവിൽ ലോകത്തെ അറബ് മുസ്‌ലിം രാജ്യങ്ങളുടെ വികാരമെങ്കിലും അത് പ്രതിഫലിപ്പിക്കുന്ന കാര്യത്തിൽ അവർക്ക് വേണ്ടത്ര വിജയിക്കാനിയിട്ടില്ല. സിറിയ അധിനിവേശത്തെ പിന്തുണക്കുകയാണ് ചെയ്തതെങ്കിൽ ലെബനോൻ അപലപിക്കുകയുണ്ടായി. യു.എൻ രക്ഷാസമിതി അംഗം കൂടിയായ യു.എ.ഇ വിഷയത്തിൽ മൗനമവലംബിച്ചിരിക്കുകയാണ്. മാത്രവുമല്ല, റഷ്യക്കെതിരെ രക്ഷാസമിതിയിൽ വന്ന പ്രമേയത്തിൽ അനുകൂലമോ പ്രതികൂലമോ വോട്ടുചെയ്യാതെ മാറി നിൽക്കുകയാണ് യു.എ.ഇയും മറ്റൊരു അംഗമായ ഇന്ത്യയും ചെയ്തത്. അറബ് ലീഗ് ഉടൻ തന്നെ യോഗം ചേർന്ന് വിഷയത്തിൽ പ്രതികരിക്കണമെന്ന് ഈജിപ്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

1991ൽ ഇറാഖ് കുവൈത്തിനെ ആക്രമിക്കുകയും പിടിച്ചടക്കാൻ ശ്രമിക്കുകയും ചെയ്തപ്പോൾ അക്രമിയായ ഇറാഖിനെതിരെ യോജിച്ചുനിന്നവരാണ് അറബ് മുസ്‌ലിം രാജ്യങ്ങൾ. അക്രമത്തിനെതിരെ നിലപാട് സ്വീകരിച്ച പാരമ്പര്യമുള്ള അറബ് മുസ്‌ലിം രാജ്യങ്ങൾ യുദ്ധംകൊണ്ടുള്ള കെടുതികളെ മാത്രം അപലപിച്ചാൽ പോരാ, അക്രമം നടത്തിയ റഷ്യയുടെ അധിനിവേശത്തെയും അപലപിക്കേണ്ടതുണ്ട്. അക്രമത്തെ അപലപിക്കുകയും അക്രമിയെ തിരുത്തുകയും സമാധാനത്തിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് ഒരു മുസ്‌ലിമിനുണ്ടാവേണ്ട നിലപാട്. സംഘർഷങ്ങളുണ്ടായാൽ സമാധാനമുണ്ടാക്കാൻ ശ്രമിക്കുകയും സമാധാനത്തിനെതിരെ നിലപാട് സ്വീകരിക്കുന്നവർക്കെതിരെ, അവർ സുഹൃത്തുക്കളാണെങ്കിലും പോലും, ശക്തമായ നിലപാട് സ്വീകരിക്കുകയുമാണ് വേണ്ടത് എന്നാണ് ക്വുർആൻ (49:9) വ്യക്തമാക്കുന്നത്.

## യുദ്ധവും ഇസ്‌ലാമിന്റെ നയവും

യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്ന നയമമല്ല ഇസ്‌ലാമിന്റേത്. പ്രവാചകന്റെ(സ്വ) കാലത്ത് യുദ്ധസാഹചര്യങ്ങൾ ഉരുണ്ടുകൂടിയ പല സന്ദർഭങ്ങളിലും യുദ്ധം ഒഴിവാക്കുന്നതിന് വേണ്ടിയുള്ള നിലപാടുകളായിരുന്നു അദ്ദേഹം സ്വീകരിച്ചിരുന്നത്. ശത്രുത വച്ചുപുലർത്തുന്നവരോട് പോലും സന്ധിയുണ്ടാക്കി അദ്ദേഹം സമാധാനത്തിനായി യത്നിച്ചു. നാല് ഭാഗത്തുനിന്നും അധിനിവേശത്തിന്റെയും ഉന്മൂലനത്തിന്റെയും ഭീഷണികൾ ഉയർത്തിക്കൊണ്ട് യുദ്ധക്കൊതിയന്മാർ വന്നപ്പോൾ അദ്ദേഹം പ്രതിരോധത്തിന്റെ മാർഗം മാത്രം സ്വീകരിച്ചു. അതുകൊണ്ടാണ് ലോകത്തെ അറിയപ്പെടുന്ന യുദ്ധങ്ങളിൽ കോടിക്കണക്കിന് മനുഷ്യർ മരിച്ചുവീണപ്പോൾ പ്രവാചകൻ യുദ്ധങ്ങളെ പ്രതിരോധിച്ച് മുന്നോട്ട് പോയപ്പോൾ ആയിരത്തോളം ആളുകൾക്ക് മാത്രം ജീവൻ നഷ്ടപ്പെട്ടത്.

ഇസ്‌ലാം ഒരു സാമ്രാജ്യശക്തിയല്ല. വെട്ടിപ്പിടിക്കലും അധിനിവേശം നടത്തലുമല്ല അതിന്റെ ദൗത്യം. ലോകസമൂഹത്തിൽ ശാന്തി പ്രചരിപ്പിച്ച് അവർക്ക് ഏറ്റവും നല്ല ഭൗതികജീവിതവും മരണശേഷം അതിലേറെ ഉദാത്തമായ പാരത്രികജീവിതവും ലഭിക്കാൻ ആവശ്യമായ കാര്യങ്ങൾ പ്രബോധനം ചെയ്യുക മാത്രമാണ് ഇസ്‌ലാം ചെയ്യുന്നത്. ഏതെങ്കിലും രാജ്യം വെട്ടിപ്പിടിച്ച് അവിടെ ബലപ്രയോഗത്തിലൂടെ ഇസ്‌ലാം സ്ഥാപിക്കുക വിശുദ്ധ ക്വുർആനോ മുഹമ്മദ് നബി(സ്വ)യോ പഠിപ്പിച്ച മാതൃകയിലില്ല. എന്നാൽ ചരിത്രത്തിൽ ഇസ്‌ലാമിനെ വികലമാക്കുന്ന തരത്തിലുള്ള സംഭവങ്ങൾ പലരിൽനിന്നായി ഉണ്ടായിട്ടുണ്ട്. ഇസ്‌ലാമിനെ യഥാവിധി മനസ്സിലാക്കാതെ ചിലരുടെ സാമ്രാജ്യതാല്പര്യങ്ങൾ ഇസ്‌ലാമിലൂടെ നേടുന്നതിന് വേണ്ടിയുള്ള ശ്രമങ്ങൾ മാത്രമായിരുന്നു അത്. യുദ്ധങ്ങളെ ഇല്ലാതാക്കുന്നതിന് വേണ്ടിയുള്ള പ്രയത്നങ്ങൾ സംഘടിപ്പിക്കാൻ ഇസ്‌ലാമിക സമൂഹത്തിനും രാഷ്ട്രനായകർക്കും പണ്ഡിതന്മാർക്കും ബാധ്യതയുണ്ട്. ലോകരാജ്യങ്ങളിൽ മാനവികതയുടെയും മനുഷ്യസൗഹാർദത്തിന്റെയും സന്ദേശങ്ങൾ പ്രചരിപ്പിക്കാൻ ഇസ്‌ലാമിക സമൂഹം മുമ്പോട്ട് വരേണ്ടതുണ്ട്. ■



ലേഖനം



# ഹിജാബ് വിവാദവും ഗവർണറുടെ വെളിപാടുകളും

ടി.കെ അശ്റഫ്
: 81118 07199

എവിടെയും ഇന്ന് ഹിജാബാണ് ചർച്ചാവിഷയം. കർണാടകയിലെ സ്കൂളുകളിലും കോളേജുകളിലും തലയിൽ തട്ടമിട്ട് എത്തുന്ന മുസ്‌ലിം പെൺകുട്ടികളെ ഗേറ്റിൽ തടയുന്നതിന്റെ വീഡിയോ ദൃശ്യങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ നിറഞ്ഞിരിക്കുന്നു. അങ്ങേയറ്റത്തെ ഹൃദയവ്യഥയോടെയല്ലാതെ ഈ ദൃശ്യങ്ങൾ കാണാനാവില്ല.

ഹിജാബ് വിവാദ വിഷയമായത് മുസ്‌ലിം പെൺകുട്ടികൾ പെട്ടെന്നൊരു സുപ്രഭാതത്തിൽ തലയിൽ തട്ടമിട്ടതുകൊണ്ടല്ല. ഹിജാബ് ധരിച്ച് ക്ലാസ്സിൽ എത്തിയതിന്റെ കാരണത്താൽ സഹപാഠികളുടെ മൗലികാവകാശത്തെ ഹനിക്കുകയോ വിദ്യാലയത്തിൽ ആർക്കെങ്കിലും ശല്യം ഉണ്ടാക്കുകയോ ചെയ്തതിന്റെ പേരിലും അല്ല ഇപ്പോൾ ഈ വിവാദം ഉണ്ടായിരിക്കുന്നത്.

നൂറ്റാണ്ടുകളായി ലോകരാജ്യങ്ങളിലും അവിഭക്ത ഇന്ത്യയിലും വിഭജനാനന്തര ഇന്ത്യയിലും മുസ്‌ലിം സ്ത്രീകൾ നിരാക്ഷേപം ധരിച്ച് വരുന്ന ഒന്നാണ് ഹിജാബ്. എത്ര പെട്ടെന്നാണ് ഹിജാബിന്റെ പേരിൽ സാഹചര്യം മാറിമറിഞ്ഞത്! ഇതുവരെ യൂണിഫോം നിലവിലില്ലാത്ത കോളേജുകളിൽവരെ തല മറയ്ക്കുന്നത് യൂണിഫോമിന് എതിരാണെന്ന് പ്രത്യേക ലക്ഷ്യത്തോടെ സർക്കുലർ ഇറക്കുന്നു! ഹിജാബ് ധരിച്ച് എത്തിയ കുട്ടികളെ ഗേറ്റിൽ തടയുകയും ക്ലാസ്സിന് പുറത്തു നിർത്തുകയും ചെയ്യുന്നു. തൊട്ടടുത്ത ദിവസം കാവിഷാൾ അണിഞ്ഞുകൊണ്ട് മറ്റൊരു കൂട്ടം വിദ്യാർഥികൾ കടന്നുവരുന്നു. ചേരിതിരിഞ്ഞ് മുദ്രാവാക്യം വിളിക്കുന്നു. സംഘർഷത്തിലേക്ക് വഴിമാറുന്നു. ഹിജാബ്

**രണ്ടും മതവസ്ത്രമാണെന്നും തൽകാലം കാമ്പസിൽ അതൊന്നും പറ്റില്ലെന്നുമുള്ള കോടതിയുടെ വിചിത്രമായ നിരീക്ഷണ മാണ് ഇടക്കാല ഉത്തരവിലൂടെ പുറപ്പെടുവിച്ചത്. ഒരു പൗരന്റെ മൗലികാവകാശം ഒരു ദിവസത്തെക്കാ ണെങ്കിലും മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി എന്നത് നമ്മുടെ രാജ്യത്തി ന്റെ ചരിത്രത്തിൽ ഒരു കറുത്ത പുള്ളിയാണ്. ഹിജാബ് ധരിച്ചെത്തിയ വരെ കോടതിയുടെ ഇടക്കാല ഉത്തരവ് ഉയർത്തിക്കാട്ടി കൂടുതൽ കാമ്പസുക ളിൽ തടയുന്ന ദൃശ്യമാണ് ശേഷവും കണ്ടു കൊണ്ടിരിക്കുന്നത്. പരീക്ഷ എഴുതാനാകാതെ തിരിച്ചുപോകുന്ന കുട്ടികളുടെ ദൃശ്യം ആരുടെ കണ്ണിനെയാണ് ഈറനണിയിക്കാത്തത്!**



ധരിക്കുകയെന്ന തങ്ങളുടെ മൗലികാവ കാശം പുനഃസ്ഥാപിക്കുവാനായി വിദ്യാ ർഥിനികൾ നീതിപീഠത്തെ സമീപിക്കുന്നു. പതിറ്റാണ്ടുകൾക്ക് മുമ്പുള്ള ഹിജാബി നെയും കഴിഞ്ഞ ദിവസം ഒരു വാശിപ്പു റത്ത് ചിലർ ധരിച്ച കാവിഷാളിനെയും ഒരു പോലെ സമീകരിക്കുന്നതാണ് നാം പിന്നീട് കണ്ടത്!

രണ്ടും മതവസ്ത്രമാണെന്നും തൽകാ ലം കാമ്പസിൽ അതൊന്നും പറ്റില്ലെന്നു മുള്ള കോടതിയുടെ വിചിത്രമായ നിരീ ക്ഷണമാണ് ഇടക്കാല ഉത്തരവിലൂടെ പുറപ്പെടുവിച്ചത്. ഒരു പൗരന്റെ മൗലികാ വകാശം ഒരു ദിവസത്തെക്കാണെങ്കിലും മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടായി എന്നത് നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തി ൽ ഒരു കറുത്ത പുള്ളിയാണ്. ഹിജാബ് ധരിച്ചെത്തിയവരെ കോടതിയുടെ ഇട ക്കാല ഉത്തരവ് ഉയർത്തിക്കാട്ടി കൂടുത ൽ കാമ്പസുകളിൽ തടയുന്ന ദൃശ്യമാണ് ശേഷവും കണ്ടുകൊണ്ടിരിക്കുന്നത്. പരീ ക്ഷ എഴുതാനാകാതെ തിരിച്ചുപോകുന്ന കുട്ടികളുടെ ദൃശ്യം ആരുടെ കണ്ണിനെയാ ണ് ഈറനണിയിക്കാത്തത്!

ഇവിടെ ഈ കുട്ടികളുടെ അവകാശ ത്തിന് വേണ്ടി സധൈര്യം നിലകൊണ്ട പൊതുപ്രവർത്തകർ, എഴുത്തുകാർ, രാ ഷ്ട്രീയ പാർട്ടികൾ, മാധ്യമ പ്രവർത്തകർ, പത്രങ്ങൾ, ചാനലുകൾ എന്നിവരെ പ്രത്യേ കം അഭിനന്ദിക്കുന്നു. എന്നാൽ ചില മാ ധ്യമ പ്രവർത്തകരും മാധ്യമ സ്ഥാപനങ്ങ ളും ഇരുവിഭാഗവും പ്രശ്നക്കാരാണെന്നും അഥവാ അടിച്ചവനും അടികൊണ്ടവനും ഒരുപോലെയാണ് എന്നും വരുത്തിത്തീ ർക്കുവാനാണ് ശ്രമിക്കുന്നത്. മാത്രമല്ല, ചർച്ചയെ വഴിതിരിച്ച് കൊണ്ടുപോവുക യും ചെയ്യുന്നു. മതവിശ്വാസം മുറുകെപി ടിച്ച് ജീവിക്കാനും വിദ്യാഭ്യാസം നേടാനുമു ള്ള ഒരു പൗരന്റെ ഭരണഘടനാപരമായ അവകാശം ഇത്രയുംകാലം അനുവദിച്ച് കൊടുത്തതുപോലെ അനുവദിക്കണം എന്ന് വളച്ച് കെട്ടില്ലാതെ പറയുന്നതിന് പകരം, ഹിജാബ് എന്നാൽ എന്താണെ ന്നും അത് പർദയാണോ, നിഖാബാണോ തുടങ്ങിയ ചർച്ചകളിലേക്കാണ് പലരും ബോധപൂർവം ഈ വിഷയത്തെ കൊ ണ്ടുപോകുന്നത്. ഇനി മുതൽ, ചാനലു കളിലും രാഷ്ട്രീയ വേദികളിലും കോടതി വ്യവഹാരങ്ങളിലും ഡിബേറ്റ് നടത്തി തീരുമാനിക്കുന്നതേ ഓരോ മതവിഭാഗ ത്തിന്റെയും വിശ്വാസവും ആചാരവും ആഘോഷവുമായി അംഗീകരിക്കാവൂ എന്ന നിലയിലേക്കാണ് കാര്യങ്ങൾ ചെ ന്നെത്തിയിരിക്കുന്നത്.

ഇവിടെ തിരുത്തേണ്ട ചില ധാരണക ളുണ്ട്. ഒരു വിഭാഗത്തിന്റെ മതവിശ്വാസം എന്താണെന്ന് തീരുമാനിക്കേണ്ടത് അവരു ടെ മതഗ്രന്ഥങ്ങളാണ്. രാജ്യത്തിനോ മറ്റു ള്ളവർക്കോ അതിൽ ഇടപെടാൻ അവകാശ മില്ല. ഒരാളുടെ മതവിശ്വാസം മറ്റുള്ളവർക്ക് ശല്യമാകരുത് എന്ന് മാത്രം. ഒരു മതത്തി ന്റെ വിശ്വാസം ആ മതത്തിലെ നാമധാരി കളെ നോക്കിയല്ല തീരുമാനിക്കേണ്ടത്.

ലഹരി ഉപയോഗിക്കുന്നവർ മുസ്‌ലിം സമുദായത്തിലുണ്ടെന്ന് ചൂണ്ടിക്കാട്ടി ലഹരി ഇസ്‌ലാമിൽ ഹറാമല്ല എന്ന് പറയാനാകുമോ? ഇവിടെ ചർച്ച ചെയ്യേണ്ടത് ഭരണഘടന ഒരു പൗരന് നൽകുന്ന മതസ്വാതന്ത്ര്യം ഹനിക്കുന്നതിനെ കുറിച്ചായിരിക്കണം. ഹിജാബിന്റെ ചർച്ച വേറെ നടത്താം. ഇസ്‌ലാം സ്ത്രീക്ക് നൽകിയ സുരക്ഷയും അവകാശവും ചർച്ച ചെയ്യപ്പെടുന്നതിൽ ഇസ്‌ലാമിക പ്രബോധകർക്ക് സന്തോഷമേയുള്ളൂ.

### ഹിജാബ് നിർബന്ധമല്ലെന്നോ?

ചാനലുകളിലും പത്രങ്ങളിലും ചിലർ ഉയർത്തുന്ന വാദങ്ങളുടെ നിജസ്ഥിതിയും നാം അറിയേണ്ടതുണ്ട്. ഹിജാബ് ഇസ്‌ലാമിൽ ഒരു നിർബന്ധ കടമയല്ലെന്ന (essential practice) വാദമാണ് പ്രധാനമായും ഇവർ ഉന്നയിക്കുന്നത്. കർണാടക സർക്കാർ ഹൈക്കോടതിയിൽ കാര്യമായി വാദിച്ചതും ഇതേ കാര്യമാണ്. കേരള ഗവർണർ ആരിഫ് മുഹമ്മദ് ഖാനും പ്രവാചക (സ്വ)ന്റെ കാലത്ത് സ്വഹാബാവനിതകളൊന്നും സൗന്ദര്യം മറച്ചുവച്ചിട്ടില്ലന്നും ഹിജാബ് ധരിച്ചിരുന്നില്ലെന്നും തന്റെ മുസ്‌ലിം നാമത്തിന്റെ ആനുകൂല്യമുപയോഗിച്ച് 'ആധികാരികമായി' സമർഥിക്കാൻ മീഡിയകൾക്ക് മുമ്പിൽ സാഹസപ്പെടുന്നത് നാം കണ്ടു.

പുരുഷന്മാരുടെയും സ്ത്രീകളുടെയും വസ്ത്രം സംബന്ധിച്ച് കൃത്യമായ കൽപനകൾ പുറപ്പെടുവിച്ച മതമാണ് ഇസ്‌ലാം. ക്വുർആൻ പറയുന്നത് നോക്കൂ:

"ഹേ, നബിയേ! നിന്റെ ഭാര്യമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും പറയുക; അവർ തങ്ങളുടെമേൽ തങ്ങളുടെ മേലാടകളിൽനിന്നും (കുറെഭാഗം) താഴ്ത്തിയിട്ടുകൊള്ളണമെന്നും. അവർ (തിരിച്ച്) അറിയപ്പെടുവാൻ വളരെ എളുപ്പമുള്ളതാണ്. അപ്പോഴവർക്കു ശല്യം ബാധിക്കുകയില്ല. അല്ലാഹു വളരെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു" (33:59).

മറ്റൊരു സൂക്തത്തിൽ ഇങ്ങനെ കാണാം: "സത്യവിശ്വാസികളായ സ്ത്രീകളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യസ്ഥാനങ്ങൾ കാത്തുകൊള്ളുവാനും അവരുടെ ഭംഗി -അതിൽനിന്നു പ്രത്യക്ഷമാകുന്നതല്ലാതെ-വെളിപ്പെടുത്താതിരിക്കുവാനും പറയുക. അവർ, തങ്ങളുടെ മക്കനകൾ (ശിരോവസ്ത്രങ്ങൾ) അവരുടെ മാർവിടങ്ങളിൽകൂടി ആക്കിക്കൊള്ളുകയും ചെയ്യട്ടെ..." (24:31).

മേൽ വചനങ്ങളിൽനിന്നും മുസ്‌ലിം സ്ത്രീകൾ ഹിജാബ് ധരിച്ചിരിക്കണമെന്ന കാര്യം ഇസ്‌ലാമിൽ നിർബന്ധ കൽപനയാണെന്നത് സുവ്യക്തമാണ്.

### ഇസ്‌ലാം കാര്യത്തിൽ ഹിജാബ് ഉൾപ്പെടില്ലെന്നോ?

ഹിജാബ് വിവാദം കത്തിനിൽക്കുന്ന സമയത്ത് ചാനൽ ചർച്ചയിൽ ചിലർ സംഘടിതമായി ചോദിച്ച ഒരു ചോദ്യം ഇപ്രകാരമായിരുന്നു: 'മുസ്‌ലിംകൾക്ക് നിർബന്ധമായും പാലിക്കേണ്ടത് ഇസ്‌ലാം കാര്യങ്ങളായ ശഹാദത്ത്, നമസ്‌കാരം, നോമ്പ്, സകാത്ത്, ഹജ്ജ് എന്നീ അഞ്ച് കാര്യങ്ങൾ മാത്രമല്ലേ? അതിൽ എവിടെയാണ് ഹിജാബുള്ളത്?'

**ഇവിടെ തിരുത്തേണ്ട ചില ധാരണകളുണ്ട്. ഒരു വിഭാഗത്തിന്റെ മതവിശ്വാസം എന്താണെന്ന് തീരുമാനിക്കേണ്ടത് അവരുടെ മതഗ്രന്ഥങ്ങളാണ്. രാജ്യത്തിനോ മറ്റുള്ളവർക്കോ അതിൽ ഇടപെടാൻ അവകാശമില്ല. ഒരാളുടെ മതവിശ്വാസം മറ്റുള്ളവർക്ക് ശല്യമാകരുത് എന്ന് മാത്രം. ഒരു മതത്തിന്റെ വിശ്വാസം ആ മതത്തിലെ നാമധാരികളെ നോക്കിയല്ല തീരുമാനിക്കേണ്ടത്. ലഹരി ഉപയോഗിക്കുന്നവർ മുസ്‌ലിം സമുദായത്തിലുണ്ടെന്ന് ചൂണ്ടിക്കാട്ടി ലഹരി ഇസ്‌ലാമിൽ ഹറാമല്ല എന്ന് പറയാനാകുമോ? ഇവിടെ ചർച്ച ചെയ്യേണ്ടത് ഭരണഘടന ഒരു പൗരന് നൽകുന്ന മതസ്വാതന്ത്ര്യം ഹനിക്കുന്നതിനെ കുറിച്ചായിരിക്കണം. ഹിജാബിന്റെ ചർച്ച വേറെ നടത്താം. ഇസ്‌ലാം സ്ത്രീക്ക് നൽകിയ സുരക്ഷയും അവകാശവും ചർച്ച ചെയ്യപ്പെടുന്നതിൽ ഇസ്‌ലാമിക പ്രബോധകർക്ക് സന്തോഷമേയുള്ളൂ.**

കേട്ടാൽ തോന്നും ഇത് എന്തോ വലിയൊരു കണ്ടെത്തലാണെന്ന്. ഇസ്‌ലാം കാര്യത്തിൽ പോലും പരാമർശിക്കാത്ത ഹിജാബെന്ന ഒരു നിസ്സാര കാര്യത്തിന്റെ പേരിലാണ് മുസ്‌ലിം സമുദായം വാശിപിടിക്കുന്നതെന്ന ചിന്തയാണ് പൊതുസമൂഹത്തിന് മുന്നിൽ ഇവർ ഉയർത്തിവിടുന്നത്.

ഈ വാദം ഉന്നയിക്കുന്നവർക്ക് ഇസ്‌ലാമിന്റെ ബാലപാഠം പോലുമറിയില്ലന്ന കാര്യം നാം തിരിച്ചറിയണം. എന്താണ് ശഹാദത്ത് കലിമയെന്നും ഒരു മുസ്‌ലിമിന്റെ അടിസ്ഥാന വിശ്വാസ കാര്യങ്ങളെന്തെന്നും മനസ്സിലാക്കാത്തതാണ് അടിസ്ഥാന പ്രശ്നം.

ആറ് വിശ്വാസ കാര്യങ്ങളും (ഈമാൻ കാര്യങ്ങൾ) അഞ്ച് കർമകാര്യങ്ങളും (ഇസ്‌ലാം കാര്യങ്ങൾ) അംഗീകരിച്ച് അതനുസരിച്ച് ജീവിക്കുന്നവനാണ് യഥാർഥ വിശ്വാസി.

അല്ലാഹുവിലുള്ള വിശ്വാസം, മലക്കുകളിലുള്ള വിശ്വാസം, വേദഗ്രന്ഥങ്ങളിലുള്ള വിശ്വാസം, ദൈവദൂതന്മാരിലുള്ള വിശ്വാസം, വിധിയിലുള്ള വിശ്വാസം, പരലോകത്തിലുള്ള വിശ്വാസം എന്നിവയാണ് ഈമാൻ കാര്യങ്ങൾ. അഥവാ നിർബന്ധമായും വിശ്വസിക്കേണ്ട കാര്യങ്ങൾ.

'അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ലെന്നും മുഹമ്മദ് നബി(സ്വ) അല്ലാഹുവിന്റെ ദൂതനാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു' എന്ന പ്രഖ്യാപനമാണ് ശഹാദത്ത് അഥവാ സാക്ഷ്യവാക്യം. ഇത് മനസ്സിലുറപ്പിച്ച് നാവുകൊണ്ട് ഉച്ചരിക്കുന്നതിലൂടെ അല്ലാഹുവും അവന്റെ ദൂതനും കൽപിച്ചതെല്ലാം ഞാൻ അംഗീകരിക്കുകയും അതനുസരിച്ച് ജീവിക്കുക

യും ചെയ്യുമെന്നാണ് ഒരു മുസ്‌ലിം പ്രഖ്യാപിക്കുന്നത്. അതിനാൽ ക്വുർആനിലും പ്രവാചക വചനങ്ങളിലും നിർബന്ധമായി നിർവഹിക്കണമെന്ന് പഠിപ്പിച്ച കാര്യങ്ങളെല്ലാം ഒരു മുസ്‌ലിം നിർബന്ധമായി അനുഷ്ഠിക്കേണ്ടതാണ്. അതെല്ലാം പ്രത്യേകം ഇസ്‌ലാം കാര്യത്തിൽ എണ്ണിപ്പറയണമെന്നില്ല. അപ്രകാരം ക്വുർആൻ നിർബന്ധമായി കൽപിച്ച ഒന്നാണ് ഹിജാബ്. പ്രസ്തുത വചനങ്ങൾ നാം മുകളിൽ സൂചിപ്പിച്ചുകഴിഞ്ഞു.


അല്ലാഹു പറയുന്നത് നോക്കൂ: "റസൂൽ നിങ്ങൾക്കു (കൊണ്ടു) തന്നതെന്തോ അതു നിങ്ങൾ സ്വീകരിച്ചുകൊള്ളുക. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ചു വിരോധിച്ചുവോ (അതിൽനിന്നു) വിരമിക്കുകയും ചെയ്യുക" (ക്വുർആൻ 59:7).

നബി(സ്വ) ചെയ്യാൻ കൽപിച്ചതെല്ലാം ചെയ്യലും വിരോധിച്ചതെല്ലാം വെടിയലും ഒരു മുസ്‌ലിമിന് നിർബന്ധമാണെന്ന് മേൽ വചനത്തിൽനിന്നും വ്യക്തമാണ്. മാതാപിതാക്കളെ പരിചരിക്കണമെന്ന് ഇസ്‌ലാം കാര്യത്തിൽ പ്രത്യേകം എണ്ണിയിട്ടില്ലെന്ന് വാദിച്ച് ഒരു മുസ്‌ലിമിന് അക്കാര്യം ചെയ്യാതിരിക്കാനാവുമോ? എത്ര ബാലിശവും യുക്തിരഹിതവുമാണ് ഇവരുടെ വാദങ്ങൾ!

## വ്യക്തിയുടെ അവകാശം സ്ഥാപനത്തിന്റെ അവകാശത്തിന് താഴെയോ?

വ്യക്തിയുടെ അവകാശവും (individual right) സ്ഥാപനത്തിന്റെ അവകാശവും (institutional right) ഒന്നിച്ചു വന്നാൽ സ്ഥാപനത്തിന്റെ താൽപര്യത്തിനാണ് പ്രാധാന്യം നൽകേണ്ടതെന്ന 'ന്യായം' പറഞ്ഞുകൊണ്ടാണ് കാമ്പസിൽ ഹിജാബ് അഴിച്ചുവയ്ക്കണമെന്ന് വാദിക്കുന്നത്. ഈ വാദവും നിലനിൽക്കുന്നതല്ല.

വ്യക്തിയുടെ മതവിശ്വാസം എന്നത് അവന്റെ മൗലികാവകാശമാണ്. അതിനെതിരായി ഒരു സ്ഥാപനത്തിനും നയമുണ്ടാക്കാൻ സാധ്യമല്ല. 2018ൽ തിരുവ



ല്ലയിലെ ഒരു സ്ഥാപനത്തിൽ ഹിജാബ് ധരിക്കാൻ അനുവദിക്കാതെ വന്നപ്പോൾ ഹൈക്കോടതിയെ സമീപിച്ച വിദ്യാർഥിനിക്ക് അനുകൂല വിധി ലഭിക്കാതെ വന്നതാണ് institutional right ന് അപ്രമാദിത്തം നൽകാൻ പലരും തെളിവ് പിടിക്കുന്നത്.

അത് സ്വകാര്യ സ്ഥാപനമാണ്. ഭരണഘടനയുടെ 29, 30 വകുപ്പുകളുടെ ന്യൂനപക്ഷ അവകാശത്തെ മുൻനിർത്തിയാണ് അപ്രകാരം ഒരു വിധി വന്നിരിക്കുന്നത്. കർണാടകയിൽ സർക്കാർ കോളേജാണെന്ന സത്യം മറച്ചുപിടിച്ചാണ് സ്വകാര്യ സ്ഥാപനത്തിന് ലഭിച്ച വിധി ഉയർത്തിക്കൊണ്ട് ഹിജാബ് നിരോധനത്തെ ന്യായീകരിക്കുന്നത്. മാത്രവുമല്ല; 2017ൽ സി.ബി.എസ്.ഇ പരീക്ഷക്ക് ശിരോവസ്ത്രം അനുവദിക്കാതെ വന്നപ്പോൾ കോടതിയെ സമീപിച്ച വിദ്യാർഥിനിക്ക് അനുകൂല വിധി ലഭിച്ചത് ബോധപൂർവം മറച്ചുപിടിക്കുകയും ചെയ്യുന്നു. ഹിജാബ് ധരിച്ച കുട്ടികൾ ഒരു മണിക്കൂർ മുമ്പ് സ്ഥലത്തെത്തി ദേഹപരിശോധനക്ക് ശേഷം ഹിജാബ് ധരിച്ചുകൊണ്ടുതന്നെ പരീക്ഷ എഴുതാമെന്നാണ് അന്ന് കോടതി വിധിച്ചത്.

സുപ്രീം കോടതിയിൽനിന്നുണ്ടായ മറ്റൊരു വിധിയും നാം ഇവിടെ ഓർക്കേണ്ടതുണ്ട്. ഒരു സ്വകാര്യ സ്‌കൂളിൽ, 'യഹോവയുടെ സാക്ഷികൾ' എന്ന ക്രിസ്തീയ വിഭാഗത്തിൽപെട്ട മൂന്ന് വിദ്യാർഥികൾ ദേശീയഗാനം ആലപിക്കാൻ വിസമ്മതിച്ചു. ഗാനാലാപന സമയത്ത് ഈ കുട്ടികൾ സവിനയം എണീറ്റ് നിൽക്കുകയും നിശ്ശബ്ദത പാലിക്കുകയും ചെയ്തു. തങ്ങളുടെ മതാചാരം അനുശാസിക്കുന്നതുകൊണ്ടാണ് ഈ കുട്ടികൾ ഗാനാലാപനത്തിൽ നിശ്ശബ്ദത പാലിച്ചത്. ഗവൺമെന്റ് ഉത്തരവ് ലംഘിച്ചതിന് കുട്ടികളെ സ്‌കൂളിൽനിന്നും പുറത്താക്കി. ഉത്തരവ് സാധുവാണെന്ന് ഹൈക്കോടതി വിധിച്ചു. സുപ്രീം കോടതി ഈ വിധിയെ അസ്ഥിരപ്പെടുത്തുകയും കുട്ടികളെ സ്‌കൂളിൽനിന്നും പുറത്താക്കിയ ഉത്തരവ് റദ്ദാക്കുകയും ചെയ്തു. ഭരണഘടനയിൽ കൊടുത്തിരിക്കുന്ന സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തിന്റെയും മതസ്വാതന്ത്ര്യത്തിന്റെയും ലംഘനമാണ് പുറത്താക്കൽ ഉത്തരവ് എന്ന സുപ്രീം കോടതിയുടെ വിധി വ്യക്തിയുടെ മതപരമായ അവകാശവും സ്ഥാപനത്തിന്റെ താൽപര്യവും ഒന്നിച്ചുവന്നാൽ, വ്യക്തിയുടെ മതവിശ്വാസം ഹനിക്കാൻ പാടില്ലെന്ന് വ്യക്തമാക്കുന്നുണ്ട്.

യൂണിഫോമിന്റെ വിഷയത്തിൽ സദുദ്ദേശമാണു

**ഹിജാബ് ധരിച്ചു മാത്രമെ വിദ്യാലയത്തിൽ പോകുകയുള്ളൂ എന്ന തീരുമാനം മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാണെന്നും അവരെ പിറകോട്ടടിപ്പിക്കാനുള്ള ഗൂഢാലോചനയാണെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആരോപിക്കുന്നുണ്ട്. ഹിജാബ് ധരിച്ച് പഠിച്ച പെൺകുട്ടികൾ ലോകാടിസ്ഥാനത്തിലും നമ്മുടെ രാജ്യത്തും വിശിഷ്യാ കേരളത്തിലും ആൺകുട്ടികളെ കടത്തിവെട്ടുംവിധം മിന്നും വിജയമാണ് കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതെന്ന കാര്യം അദ്ദേഹം കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് ബാലിശമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഹിജാബ് ധരിക്കുന്ന കുട്ടികൾക്ക് അത് അവരുടെ പുരോഗതിക്ക് വിലങ്ങ് വയ്ക്കുന്നുണ്ടെന്ന പരാതിയില്ല. പിന്നെ ഗവർണർക്ക് മാത്രം എന്താണ് പ്രശ്നം ഉണ്ടാകേണ്ട കാര്യം?**

ള്ളതെങ്കിൽ നിറം മാത്രം ഒന്നാക്കിയാൽതന്നെ യൂണിഫോമിന്റെ ലക്ഷ്യം നിർവഹിക്കപ്പെടും. ഒരേ നിറത്തിൽ, ഓരോരുത്തരുടെയും ശരീരത്തിനും വിശ്വാസത്തിനും ഉചിതമായ വിധത്തിൽ യൂണിഫോം ധരിക്കാൻ അനുവദിച്ചാൽ വിദ്യാഭ്യാസത്തിന് യാതൊരു കോട്ടവും തട്ടാനില്ല.

## ഹിജാബ് ഒഴിവാക്കി വിജ്ഞാനം നേടണോ?

വിജ്ഞാനവും ഹിജാബും നേർക്കുനേർ വന്നാൽ ഹിജാബ് ഒഴിവാക്കി വിജ്ഞാനം നേടാൻ കാമ്പസിൽ എത്തുകയാണ് വേണ്ടതെന്ന് കേരള ഗവർണർ നാഷണൽ മീഡിയക്ക് നൽകിയ പ്രത്യേക അഭിമുഖത്തിൽ ആവശ്യപ്പെടുകയുണ്ടായി. 'വായിക്കുക' എന്ന് ആഹ്വാനം ചെയ്തുകൊണ്ടാണ് ഖുർആൻ ഇറങ്ങിത്തുടങ്ങിയത്. വിദ്യ തേടി പുറപ്പെട്ടവൻ തിരിച്ചുവരുന്നതുവരെ അല്ലാഹുവിന്റെ മാർഗത്തിലാണെന്ന് നബി(സ്വ) പറഞ്ഞതായി കാണാം. ഒട്ടകം, ആകാശം, പർവതം, ഭൂമി, രാപകലുകളുടെ മാറ്റം എന്നിങ്ങനെയുള്ള പലതിനെക്കുറിച്ചും ചിന്തിക്കുവാനുള്ള ആഹ്വാനം ഖുർആനിലുണ്ട്.... ഈ നിർദേശങ്ങൾ പാലിക്കാൻ തയ്യാറാകുന്ന മുസ്‌ലിം പെൺകുട്ടികളോടാണ് ഗവർണർ ഹിജാബ് ഒഴിവാക്കി വിജ്ഞാനം നേടാൻ കോളേജിലെത്തണമെന്ന് ഉപദേശിക്കുന്നത്! ഇസ്‌ലാമിനെക്കുറിച്ച് യാതൊരു ധാരണയുമില്ലാതെയാണ് ഗവർണർ സംസാരിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. സ്ത്രീകൾ ഹിജാബ് ധരിക്കണമെന്നത് ഖുർആനിൽനിന്നും പ്രവാചകനിൽനിന്നുമുള്ള വിജ്ഞാനത്തിന്റെ ഭാഗമാണ്. വിജ്ഞാനത്തിന് പ്രാധാന്യം നൽകുന്നതുകൊണ്ട് തന്നെയാണ് അത് ധരിച്ചുകൊണ്ട് മാത്രമെ വിജ്ഞാനം നേടാൻ കാമ്പസിലെത്താൻ കഴിയുകയുള്ളൂവെന്ന് മുസ്‌ലിം കുട്ടികൾ നിർബന്ധം പിടിക്കുന്നത്. വിജ്ഞാനം പകർന്നാൽ പോരാ, അത് ജീവിതത്തിൽ പകർത്തുകകൂടി വേണമെന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്.

നിങ്ങൾക്ക് വിശ്വാസം വേണോ ഹിജാബ് വേണോ എന്ന ചോദ്യംതന്നെ ഒരു വിഭാഗത്തെ അരികുവത്കരിക്കാനുള്ള ആസൂത്രണത്തിന്റെ ഭാഗമാണ്. നിങ്ങൾക്ക് മുസ്‌ലിമായി ജീവിക്കുവാൻ ഇവിടെ സാധിക്കില്ലെന്ന് പറയുന്നതിന്റെ പ്രഥമഘട്ടമാണ് ഈ ചോദ്യം. മതവിശ്വാസം മൗലികാവകാശമായി എഴുതപ്പെട്ട ഒരു ഭരണഘടനയുള്ള രാജ്യത്ത് നിങ്ങൾക്ക് മതവിശ്വാസം വേണോ വിദ്യാഭ്യാസം വേണോ എന്ന ചോദ്യം തന്നെ കുറ്റകൃത്യമാണ്. ഒന്നിച്ച് കാമ്പസിലെത്തുന്ന വിദ്യാർഥികളിൽ ഒരാൾ തന്റെ മതവിശ്വാസമനുസരിച്ച് വസ്ത്രം ധരിച്ചുവെന്ന ഒരൊറ്റ കാരണത്താൽ തിരിച്ചയക്കപ്പെടുന്നത് ആ കുട്ടിയിൽ ഉണ്ടാക്കുന്ന മാനസിക സംഘർഷം എത്രയാണ്? മതവിശ്വാസം ഹനിക്കപ്പെട്ടതിന്റെ പേരിൽ ഇളംമനസ്സുകളിൽ തീ കോരിയിടുന്നത് ഭരണഘടനാ ലംഘനമാണ്.

## ഹിജാബ് പുരോഗതിക്ക് തടസ്സമോ?

ഹിജാബ് ധരിച്ചു മാത്രമെ വിദ്യാലയത്തിൽ പോകുകയുള്ളൂ എന്ന തീരുമാനം മുസ്‌ലിം പെൺകുട്ടികളുടെ വിദ്യാഭ്യാസ പുരോഗതിക്ക് തടസ്സമാണെന്നും അവരെ പിറകോട്ടടിപ്പിക്കാനുള്ള ഗൂഢാലോചനയാണെന്നും ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ആരോപിക്കുന്നുണ്ട്.

**സമുദായത്തിൽ ഹിജാബ് ധരിക്കാത്ത ചില മുസ്‌ലിം പെൺകുട്ടികളെ ചൂണ്ടി 'അവരും നിങ്ങളെപ്പോലെയല്ലേ, നിങ്ങൾക്ക് മാത്രമെന്താണ് ഇതിലിത്ര വാശി' എന്നത് ഹിജാബ് ചർച്ചകളിൽ ഉയർന്ന് കേൾക്കുന്ന ഒരു ചോദ്യമാണ്. ശരിയാംവിധം ഹിജാബ് ധരിക്കാതെ പുറത്തിറങ്ങുന്ന മുസ്‌ലിം പെൺകുട്ടികളും അവരുടെ രക്ഷിതാക്കളും ഈ ചോദ്യത്തിന് മറുപടി പറയാൻ ബാധ്യസ്ഥരാണ്. നമ്മൾ മുഖേന ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും ഒരു പ്രതിസന്ധിയുണ്ടാകാൻ ഇടയുണ്ടാക്കരുത്. കോടതിയിലും പൊതുസമൂഹത്തിലും ഹിജാബിന്റെ അനിവാര്യത ബോധ്യപ്പെടുത്താൻ പോരാട്ടം തുടരുമ്പോൾ തന്നെ സ്വന്തം വീട്ടിലുള്ള സ്ത്രീകൾ ഹിജാബ് ധരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്.**

ഹിജാബ് ധരിച്ച് പഠിച്ച പെൺകുട്ടികൾ ലോകാടിസ്ഥാനത്തിലും നമ്മുടെ രാജ്യത്തും വിശിഷ്യാ കേരളത്തിലും ആൺകുട്ടികളെ കടത്തിവെട്ടുംവിധം മിന്നും വിജയമാണ് കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നതെന്ന കാര്യം അദ്ദേഹം കണ്ടില്ലെന്ന് നടിച്ചുകൊണ്ടാണ് ബാലിശമായ ആരോപണങ്ങൾ ഉന്നയിക്കുന്നത്. ഹിജാബ് ധരിക്കുന്ന കുട്ടികൾക്ക് അത് അവരുടെ പുരോഗതിക്ക് വിലങ്ങ് വയ്ക്കുന്നുണ്ടെന്ന പരാതിയില്ല. പിന്നെ ഗവർണർക്ക് മാത്രം എന്താണ് പ്രശ്നം ഉണ്ടാകേണ്ട കാര്യം?

മുസ്‌ലിം പെൺകുട്ടികളെ ഹിജാബ് ധരിപ്പിച്ച് വിദ്യാഭ്യാസത്തിൽനിന്ന് തടയാൻ മുസ്‌ലിം സമുദായം എന്തായാലും ഗൂഢാലോചന നടത്തില്ലെന്ന കാര്യം ആർക്കാണ് അറിഞ്ഞുകൂടാത്തത്?

## സമുദായം തിരിച്ചറിയേണ്ടത്

സമുദായത്തിൽ ഹിജാബ് ധരിക്കാത്ത ചില മുസ്‌ലിം പെൺകുട്ടികളെ ചൂണ്ടി 'അവരും നിങ്ങളെപ്പോലെയല്ലേ, നിങ്ങൾക്ക് മാത്രമെന്താണ് ഇതിലിത്ര വാശി' എന്നത് ഹിജാബ് ചർച്ചകളിൽ ഉയർന്ന് കേൾക്കുന്ന ഒരു ചോദ്യമാണ്. ശരിയാംവിധം ഹിജാബ് ധരിക്കാതെ പുറത്തിറങ്ങുന്ന മുസ്‌ലിം പെൺകുട്ടികളും അവരുടെ രക്ഷിതാക്കളും ഈ ചോദ്യത്തിന് മറുപടി പറയാൻ ബാധ്യസ്ഥരാണ്. നമ്മൾ മുഖേന ഇസ്‌ലാമിനും മുസ്‌ലിം സമുദായത്തിനും ഒരു പ്രതിസന്ധിയുണ്ടാകാൻ ഇടയുണ്ടാക്കരുത്. കോടതിയിലും പൊതുസമൂഹത്തിലും ഹിജാബിന്റെ അനിവാര്യത ബോധ്യപ്പെടുത്താൻ പോരാട്ടം തുടരുമ്പോൾ തന്നെ സ്വന്തം വീട്ടിലുള്ള സ്ത്രീകൾ ഹിജാബ് ധരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ രക്ഷിതാക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 49

# അൽഹുജുറാത്ത് (അറകൾ)

12. സത്യവിശ്വാസികളേ, ഊഹത്തിൽ മിക്കതും നിങ്ങൾ വെടിയുക. തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു. നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്. നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. തന്റെ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവം തിന്നുന്നത്) നിങ്ങൾ വെറുക്കുകയാണു ചെയ്യുന്നത്. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു.

13. ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

14. ഗ്രാമീണ അറബികൾ പറയുന്നു; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. നീ പറയുക: നിങ്ങൾ വിശ്വസിച്ചിട്ടില്ല. എന്നാൽ ഞങ്ങൾ കീഴ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക. വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല. അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുന്നപക്ഷം നിങ്ങൾക്കു നിങ്ങളുടെ കർമഫലങ്ങളിൽനിന്ന് യാതൊന്നും അവൻ കുറവ് വരുത്തുകയില്ല. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱجْتَنِبُوا۟ كَثِيرًا مِّنَ ٱلظَّنِّ إِنَّ
بَعْضَ ٱلظَّنِّ إِثْمٌ ۖ وَلَا تَجَسَّسُوا۟ وَلَا يَغْتَب
بَّعْضُكُم بَعْضًا ۚ أَيُحِبُّ أَحَدُكُمْ أَن
يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ ۚ وَٱتَّقُوا۟ ٱللَّهَ ۚ
إِنَّ ٱللَّهَ تَوَّابٌ رَّحِيمٌ ﴿١٢﴾

يَٰٓأَيُّهَا ٱلنَّاسُ إِنَّا خَلَقْنَٰكُم مِّن ذَكَرٍ وَأُنثَىٰ
وَجَعَلْنَٰكُمْ شُعُوبًا وَقَبَآئِلَ لِتَعَارَفُوٓا۟ ۚ إِنَّ
أَكْرَمَكُمْ عِندَ ٱللَّهِ أَتْقَىٰكُمْ ۚ إِنَّ ٱللَّهَ عَلِيمٌ خَبِيرٌ
﴿١٣﴾

قَالَتِ ٱلْأَعْرَابُ ءَامَنَّا ۖ قُل لَّمْ تُؤْمِنُوا۟ وَلَٰكِن
قُولُوٓا۟ أَسْلَمْنَا وَلَمَّا يَدْخُلِ ٱلْإِيمَٰنُ فِى قُلُوبِكُمْ ۖ
وَإِن تُطِيعُوا۟ ٱللَّهَ وَرَسُولَهُۥ لَا يَلِتْكُم مِّنْ أَعْمَٰلِكُمْ
شَيْـًٔا ۚ إِنَّ ٱللَّهَ غَفُورٌ رَّحِيمٌ ﴿١٤﴾

إِنَّمَا ٱلۡمُؤۡمِنُونَ ٱلَّذِينَ ءَامَنُواْ بِٱللَّهِ وَرَسُولِهِۦ
ثُمَّ لَمۡ يَرۡتَابُواْ وَجَٰهَدُواْ بِأَمۡوَٰلِهِمۡ وَأَنفُسِهِمۡ
فِي سَبِيلِ ٱللَّهِۚ أُوْلَٰٓئِكَ هُمُ ٱلصَّٰدِقُونَ ١٥

15. അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളുംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുവരാരോ അവർ മാത്രമാകുന്നു സത്യവിശ്വാസികൾ. അവർ തന്നെയാകുന്നു സത്യവാന്മാർ.

12-13 സത്യവിശ്വാസികളെക്കുറിച്ചുള്ള ചീത്ത വിചാരങ്ങളിൽ മിക്കതും അല്ലാഹു നിരോധിക്കുന്നു. (തീർച്ചയായും ഊഹത്തിൽ ചിലത് കുറ്റമാകുന്നു) തെളിവും വസ്തുതയും ഇല്ലാത്ത ഊഹങ്ങൾ. ചീത്ത വിചാരങ്ങളോടനുബന്ധിച്ച് ധാരാളം നിഷിദ്ധവാക്കുകളും പ്രവർത്തനങ്ങളും ഉണ്ടാകുന്നു. ഹൃദയത്തിൽ തെറ്റായ ഊഹങ്ങളുണ്ടാക്കുന്നത് അയാളെ അതിൽമാത്രം നിർത്തുന്നില്ല. മറിച്ച്, പറയാൻ പറ്റാത്തതും ചെയ്യാൻ പറ്റാത്തതും അയാൾ പറയുകയും ചെയ്യുകയും ചെയ്യും. അതുകൂടാതെ, മുസ്‌ലിമിനെക്കുറിച്ചുള്ള ചീത്ത ഊഹങ്ങൾ അവനോട് വിദ്വേഷവും ശത്രുതയും ഉണ്ടാക്കുകയും അത് തെറ്റായ കാര്യങ്ങൾക്ക് പ്രേരണ നൽകുകയും ചെയ്യും. (നിങ്ങൾ ചാരവൃത്തി നടത്തുകയും അരുത്) മുസ്‌ലിംകളുടെ സ്വകാര്യതകളെ നിങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്. അതിന്റെ പുറകെ പോവുകയും ചെയ്യരുത്. മുസ്‌ലിമിനെ അവന്റെ അവസ്ഥയിൽ വിട്ടേക്കുക. അവന്റെ വീഴ്ചകളെ ശ്രദ്ധിക്കാതിരിക്കുക. അന്വേഷിച്ച് പോയാൽ ആവശ്യമില്ലാത്ത പലതും വെളിവാകും. (നിങ്ങളിൽ ചിലർ ചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദുഷിച്ചുപറയുകയും അരുത്. ദുഷിച്ചുപറയൽ എന്താണെന്ന് നബി(സ്വ) പറഞ്ഞു:

ذِكْرُكَ أَخَاكَ بِمَا يَكْرَهُ ولو كان فيه

''നിന്റെ സഹോദരന് ഇഷ്ടമില്ലാത്തത് നീ പറയലാണ്; അത് അവനിൽ ഉണ്ടെങ്കിൽപോലും'' (മുസ്‌ലിം 2589).

തുടർന്ന് 'ഗീബത്ത്' പറയുന്നതിൽനിന്ന് അകറ്റുന്ന ഒരു ഉപമയാണ് പറയുന്നത്. (തന്റെ സഹോദരൻ മരിച്ചുകിടക്കുമ്പോൾ അവന്റെ മാംസം ഭക്ഷിക്കുവാൻ നിങ്ങളിൽ ആരെങ്കിലും ഇഷ്ടപ്പെടുമോ?) മനസ്സുകൾക്ക് ഏറ്റവും വെറുപ്പുള്ള, മരിച്ചവന്റെ മാംസം ഭക്ഷിക്കുന്നതിനോടാണ് ഗീബത്തിനെ സാദൃശ്യപ്പെടുത്തിയത്. അത് നിങ്ങൾ അവന്റെ മാംസം ഭക്ഷിക്കാൻ വെറുക്കുന്നതുപോലെത്തന്നെയാണ് എന്നർഥം; പ്രത്യേകിച്ചും മരിച്ചുകിടക്കുമ്പോൾ. അതുപോലെ നിങ്ങൾ ഗീബത്തും വെറുക്കണം. (അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു പശ്ചാത്താപം സ്വീകരിക്കുന്നവനും കരുണാനിധിയുമാകുന്നു). 'തവ്വാബ്' എന്നാൽ തന്റെ അടിമയുടെ പാപം പൊറുക്കാൻ അനുവദിക്കുന്നവൻ എന്നാണ്. അപ്പോൾ അത് സാധ്യമാകും. തുടർന്ന് അവന്റെ പശ്ചാത്താപം സ്വീകരിച്ച് അവനിലേക്ക് മടങ്ങുക. തന്റെ അടിമകളോട് കരുണയുള്ളവനാണവൻ. അവർക്ക് ഗുണകരമായതിലേക്ക് അവരെ ക്ഷണിക്കുന്നതിലൂടെ; അവരുടെ പശ്ചാത്താപം സ്വീകരിക്കുന്നതിലൂടെയും. ഗീബത്തിനെക്കുറിച്ചും ശക്തമായ താക്കീത് ഈ വചനത്തിലുണ്ട്. അത് മഹാപാപമാണ്. കാരണം, അല്ലാഹു അതിനെ സാദൃശ്യപ്പെടുത്തിയത് ശവം തിന്നുന്നതിനോടാണ്. അതിനാൽ അത് മഹാപാപങ്ങളിൽ ഉൾപ്പെട്ടതാണ്.

ഇവിടെ അല്ലാഹു പറയുന്നത്, മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചതുമുതൽ ഒരു വർഗമായും ഒരു അടിത്തറയിൽ നിന്നുമാണ്; അവരിലെ ആണും പെണ്ണുമെല്ലാം. അവരെല്ലാവരും മടങ്ങുന്നത് ആദമിലേക്കും ഹവ്വായിലേക്കുമാണ്. അവർ രണ്ടുപേരിൽനിന്നും ധാരാളം സ്ത്രീപുരുഷന്മാരെ അവൻ വ്യാപിപ്പിക്കുകയും വേർതിരിക്കുകയും ചെയ്തു. അവൻ അവരെ (വിവിധ സമുദായങ്ങളും ഗോത്രങ്ങളും) ആക്കി. ചെറുതും വലുതുമായ ഗോത്രങ്ങൾ. അതവർ പരസ്പരം തിരിച്ചറിയുന്നതിനുവേണ്ടിയാണ്. ഓരോരുത്തരും സ്വതന്ത്രരായ ഓരോരുത്തരായിരുന്നുവെങ്കിൽ പരസ്പരസഹായം, അനന്തരമെടുക്കൽ, ബന്ധുക്കളോട് കടമ നിർവഹിക്കൽ എന്നീ പരസ്പര പരിചയത്തിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കേണ്ട കാര്യങ്ങൾ ഉണ്ടാകില്ല. കാരണം, ഇവയെല്ലാം കുടുംബബന്ധങ്ങൾ, പരസ്പര തിരിച്ചറിവ് എന്നിവകൊണ്ട് മാത്രം സാധ്യമാകുന്നവയാണ്.

എന്നാൽ ആദരവ് എന്നത് തക്‌വ (ധർമനിഷ്ഠയാണ്) കൊണ്ടാണ്. നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. അവരാകട്ടെ തെറ്റുകളിൽ

നിന്ന് മാറിനിൽക്കുന്നവരും കൂടുതൽ മതകാര്യങ്ങൾ അനുസരിക്കുന്നവരുമാണ്. സമുദായമെന്നതിന്റെയും കുടുംബബന്ധത്തിന്റെയും ആധിക്യമല്ല. കുടുംബ പാരമ്പര്യത്തിന്റെ മഹത്ത്വവുമല്ല. എന്നാൽ അല്ലാഹു (സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു). നിങ്ങളിൽ അകത്തും പുറത്തും സൂക്ഷ്മത പാലിക്കുന്നവരെയും അല്ലാത്തവരെയും അവന് ശരിയായി അറിയാം. എല്ലാവർക്കും അർഹമായത് അവൻ നൽകും. കുടുംബന്ധങ്ങളറിയുക എന്നത് മതപരമായി നിർദേശിക്കപ്പെട്ട കാര്യമാണെന്ന് കൂടി ഇതിൽനിന്ന് മനസ്സിലാക്കാം. ഗോത്രങ്ങളും ജനവിഭാഗങ്ങളുമാക്കിയത് അതിനുവേണ്ടിയാണല്ലോ.

**14.** സത്യവിശ്വാസത്തിന്റെ നിർബന്ധ താൽപര്യമനുസരിച്ച് പ്രവർത്തിക്കാത്ത, ഉൾക്കാഴ്ചയില്ലാത്ത; നബി(സ്വ)യുടെ കാലത്ത് ഇസ്‌ലാമിലേക്ക് കടന്നുവന്ന ഗ്രാമീണരായ അറബികളെക്കുറിച്ചാണ് അല്ലാഹു ഇവിടെ പരാമർശിക്കുന്നത്. അവരുടെ അവസ്ഥ ഇതാണെങ്കിലും അവർ വാദിക്കുകയും പറയുകയും ചെയ്യുന്നത് ഇതാണ്: (ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു) എല്ലാകാര്യത്തിലും പൂർണമായ നിലയിലുള്ള വിശ്വാസം. അതാണ് ഈ വാക്കിന്റെ അർഥം. അപ്പോൾ അല്ലാഹു അവന്റെ ദൂതനോട് അവർക്ക് മറുപടി നൽകാൻ കൽപിക്കുന്നു: (പറയുക, നിങ്ങൾ വിശ്വസിച്ചിട്ടില്ല). അകത്തും പുറത്തും സത്യവിശ്വാസം നിങ്ങൾക്കുണ്ടെന്ന് നിങ്ങൾ വാദിക്കരുത്. (എന്നാൽ ഞങ്ങൾ കീഴ്പ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾ പറഞ്ഞുകൊള്ളുക). അതായത് ഞങ്ങൾ ഇസ്‌ലാമിൽ പ്രവേശിച്ചിട്ടുണ്ടെന്ന്. അത്ര പറഞ്ഞാൽ മതി. അതിനു കാരണം (വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല. നിങ്ങൾ പേടികൊണ്ടോ ആശകൊണ്ടോ ഇസ്‌ലാം സ്വീകരിച്ചതാണ്. അതല്ലെങ്കിൽ സത്യവിശ്വാസത്തിന് കാരണമായ അതുപോലുള്ള മറ്റെന്തെങ്കിലും. അതുകൊണ്ട് സത്യവിശ്വാസത്തിന്റെ വെളിച്ചം നിങ്ങളുടെ ഹൃദയങ്ങളിൽ ശരിയായി പ്രവേശിച്ചിട്ടില്ല. (വിശ്വാസം നിങ്ങളുടെ ഹൃദയങ്ങളിൽ പ്രവേശിച്ചുകഴിഞ്ഞിട്ടില്ല). അതായത് ഈ വാക്ക് നിങ്ങൾ പറഞ്ഞസമയത്ത്. അതിനുശേഷമുള്ള നിങ്ങളുടെ അവസ്ഥയെക്കുറിച്ചുള്ള സൂചന അതിലുണ്ട്. ശരിയായ വിശ്വാസത്തിനും അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരത്തിനും അല്ലാഹു അനുഗ്രഹം നൽകിയവരായി ധാരാളം ആളുകളുണ്ട്. (അല്ലാഹുവെയും അവന്റെ ദൂതനെയും നിങ്ങൾ അനുസരിക്കുന്നപക്ഷം) നന്മ പ്രവർത്തിക്കുകയും തിന്മ ഉപേക്ഷിക്കുകയും ചെയ്യുന്നപക്ഷം. (നിങ്ങളുടെ കർമഫലങ്ങളിൽനിന്ന് യാതൊന്നും അവൻ കുറവ് വരുത്തുകയില്ല). അതായത് ഒരണുത്തൂക്കംപോലും അവൻ നിങ്ങൾക്ക് കുറക്കില്ല. മറിച്ച് ഏറ്റവും പൂർണമായ രൂപത്തിൽ നിങ്ങൾക്ക് പൂർത്തീകരിച്ചുതരും. ചെറുതോ വലുതോ ഒന്നും നിങ്ങൾക്ക് അതിൽനിന്ന് നഷ്ടപ്പെടില്ല. (അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു). ഖേദിച്ച് മടങ്ങുന്നവരോട് ഏറെ പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിച്ച് കരുണ കാണിക്കുന്നവനുമാണ്.

**15.** (അവർ മാത്രമാണ് സത്യവിശ്വാസികൾ) യഥാർഥത്തിൽ. (അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും പിന്നീട് സംശയിക്കാതിരിക്കുകയും തങ്ങളുടെ സ്വത്തുക്കളും ശരീരങ്ങളുംകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ സമരം നടത്തുകയും ചെയ്യുന്നവരാരോ) അല്ലാഹുവിലും അവന്റെ ദൂതനിലുമുള്ള വി ശ്വാസത്തെയും അവന്റെ മാർഗത്തിലുള്ള ധർമസമരത്തെയും ഒരുമിച്ചുകൂട്ടിയവർ. സത്യനിഷേധികളോട് ധർമസമരം നടത്തുന്നവർ, അവന്റെ ഹൃദയത്തിൽ വിശ്വാസമുണ്ടന്നതിന്റെ തെളിവാണത്. ഇസ്‌ലാമിനും സത്യവിശ്വാസത്തിനും മതനിയമങ്ങൾ നിലനിർത്തുന്നതിനും എതിരായി സമരം ചെയ്യുന്നവൻ, അവൻ അവന്റെ സ്വന്തത്തോട് സമരം ചെയ്യുന്നവനാണ്. ജിഹാദിൽ ശക്തി കാണിക്കാത്തവൻ, അവന്റെ വിശ്വാസ ദുർബലതയ്ക്ക് തെളിവാണത്. സത്യവിശ്വാസത്തിൽ സംശയമില്ലാതിരിക്കലും അല്ലാഹു ഒരു നിബന്ധനയാക്കി നിശ്ചയിച്ചു. വിശ്വസിക്കാൻ അല്ലാഹു കൽപിച്ച കാര്യങ്ങളിൽ ദൃഢമായും ഖണ്ഡിതമായും വിശ്വസിക്കുമ്പോഴാണ് ആ വിശ്വാസം പ്രയോജനപ്പെടുന്നതാവുന്നത്; ഒരു നിലയ്ക്കുള്ള സംശയവും ഇല്ലാത്ത വിശ്വാസം. അല്ലാഹു പറയുന്നു: (അവർതന്നെയാകുന്നു സത്യവാന്മാർ). ഭംഗിയാർന്ന പ്രവർത്തനങ്ങൾകൊണ്ട് തങ്ങളുടെ വിശ്വാസത്തെ സത്യപ്പെടുത്തുന്നവർ. വാദിക്കപ്പെടുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനം സത്യസന്ധതയാണ്. സത്യം സ്വീകരിക്കുന്നവന് തെളിവും പ്രമാണവും ആവശ്യമാണ്. സത്യവിശ്വാസമെന്നത് നിത്യവിജയത്തിന്റെയും ശാശ്വത സൗഭാഗ്യത്തിന്റെയും അച്ചുതണ്ടാണ്. ആർ അതുണ്ടെന്ന് വാദിക്കുന്നുണ്ടോ അതിന്റെ അനിവാര്യ താൽപര്യങ്ങളെ, നിർബന്ധങ്ങളെ അവൻ നിർവഹിക്കണം. അവനാണ് സത്യസന്ധനായ യഥാർഥ വിശ്വാസി. അങ്ങനെയല്ലാത്തവൻ അവന്റെ വാദത്തെ സത്യപ്പെടുത്തുന്നില്ലന്ന് മനസ്സിലാക്കാം. അവന്റെ വാദങ്ങളിൽ കാര്യമില്ല. ഹൃദയത്തിലെ വിശ്വാസം അല്ലാഹുവിന് മാത്രമെ അറിയൂ. തനിക്ക് വിശ്വാസം ഉണ്ടെന്നും ഇല്ലെന്നുമൊക്കെ വാദിക്കുന്നത് തന്റെ ഹൃദയത്തിലുള്ളത് അല്ലാഹുവിന് പഠിപ്പിച്ച് കൊടുക്കലാണ്. അതാവട്ടെ മര്യാദകേടും അല്ലാഹുവിനെക്കുറിച്ചുള്ള ദുഷിച്ച വിചാരവുമാണ്. ■



# കപടവിശ്വാസികളുടെ ഭീരുത്വം



ഹുസൈൻ സലഫി
: +971 50 634 6963

തന്റെ മുമ്പിൽ നിൽക്കുന്നവന്റെ മനസ്സിലുള്ള കാര്യങ്ങൾ അറിയാൻ നബി(സ്വ)ക്ക് സാധിക്കുമായിരുന്നില്ല. അതിനാൽതന്നെ തബൂക് യുദ്ധത്തിന്റെ സാഹചര്യത്തിൽ നബി(സ്വ)യുടെ മുമ്പിൽ ഒഴികഴിവ് ആവശ്യപ്പെട്ടവരുടെ സംസാരത്തിന്റെ യാഥാർഥ്യം നബി(സ്വ)ക്ക് അറിയുമായിരുന്നില്ല. അതുകൊണ്ട് പലർക്കും നബി(സ്വ) ഇളവ് നൽകി. എന്നാൽ ഈ നടപടിയെ എതിർത്തുകൊണ്ട് അല്ലാഹു ഇപ്രകാരം പറയുന്നു:

“(നബിയേ,) നിനക്ക് അല്ലാഹു മാപ്പ് നൽകിയിരിക്കുന്നു. സത്യം പറഞ്ഞവർ ആരെന്ന് നിനക്ക് വ്യക്തമായി ബോധ്യപ്പെടുകയും കള്ളം പറയുന്നവരെ നീ തിരിച്ചറിയുകയും ചെയ്യുന്നതുവരെ നീ എന്തിനാണ് അവർക്ക് അനുവാദം നൽകിയത്?”(9:43).

എന്തുകൊണ്ടാണ് കപടവിശ്വാസികളും വിശ്വാസം ഉറക്കാത്തവരും നബി(സ്വ)യുടെ കൂടെ യുദ്ധത്തിന് പുറപ്പെടാതെ പിന്മാറിയത്? വിശുദ്ധ ക്വുർആൻ പറയുന്നു:

“അടുത്തു തന്നെയുള്ള ഒരു നേട്ടവും വിഷമകരമല്ലാത്ത യാത്രയുമായിരുന്നെങ്കിൽ അവർ നിന്നെ പിന്തുടരുമായിരുന്നു. പക്ഷേ, വിഷമകരമായ യാത്രാലക്ഷ്യം അവർക്ക് വിദൂരമായിത്തോന്നിയിരിക്കുന്നു. ഞങ്ങൾക്ക് സാധിച്ചിരുന്നെങ്കിൽ ഞങ്ങൾ നിങ്ങളുടെ കൂടെ പുറപ്പെടുമായിരുന്നു എന്ന് അവർ അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്തു പറഞ്ഞേക്കും. അവർ അവർക്കുതന്നെ നാശമുണ്ടാക്കുകയാകുന്നു. തീർച്ചയായും അവർ കള്ളം പറയുന്നവരാണെന്ന് അല്ലാഹുവിനറിയാം” (9:43).

യുദ്ധം വിജയിക്കുമെന്ന് ഉറപ്പുള്ള ഘട്ടത്തിൽ കപടന്മാർ നബി(സ്വ)യുടെ കൂടെ പുറപ്പെട്ട സന്ദർഭങ്ങൾ നാം പലപ്പോഴും കണ്ടതാണല്ലോ. എന്നാൽ ക്ലേശകരമായ വഴികൾ തരണം ചെയ്യേണ്ടതാണെങ്കിൽ അവർ

പുറകോട്ടടിക്കുകയും ചെയ്യും. തബൂക്കിലേക്ക് വളരെ ദൂരം താണ്ടണമെന്നും യുദ്ധാർജിത സ്വത്ത് ലഭിക്കണമെങ്കിൽ ശക്തമായ പോരാട്ടം നടത്തി ശത്രുക്കളെ പരാജയപ്പെടുത്തേണ്ടതുണ്ടെന്നും കപടന്മാർക്ക് നന്നായി അറിയാം. അതിനാൽ മറ്റു പല കാരണങ്ങളും പറഞ്ഞ് ഉൾവലിയുകയായിരുന്നു അക്കൂട്ടർ. എന്നിട്ട് അവർ നബി(സ്വ)യോട് ആണയിട്ട് പറഞ്ഞു: 'നബിയേ, ഞങ്ങൾക്ക് കഴിയാത്തതിനാലാണ് ഞങ്ങൾ താങ്കളുടെ കൂടെ വരാത്തത്. ഞങ്ങൾക്ക് കഴിയുമായിരുന്നെങ്കിൽ താങ്കളുടെ കൂടെ ഞങ്ങൾ പുറപ്പെടുക തന്നെ ചെയ്യുമായിരുന്നു.'

അല്ലാഹുവിന്റെ മാർഗത്തിൽനിന്ന് ഇങ്ങനെ മാറിനിൽക്കുന്നവർ ആരാണെന്നും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്:

"അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരാരോ അവർ തങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും സമരം ചെയ്യുന്നതിൽനിന്നും ഒഴിഞ്ഞുനിൽക്കാൻ നിന്നോട് അനുവാദം ചോദിക്കുകയില്ല. സൂക്ഷ്മത പാലിക്കുന്നവരെ പറ്റി അല്ലാഹു നല്ലവണ്ണം അറിയുന്നവനാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാതിരിക്കുകയും മനസ്സുകളിൽ സംശയം കുടികൊള്ളുകയും ചെയ്യുന്നവർ മാത്രമാണ് നിന്നോട് അനുവാദം ചോദിക്കുന്നത്. കാരണം അവർ അവരുടെ സംശയത്തിൽ ആടിക്കളിച്ചുകൊണ്ടിരിക്കുകയാണ്. അവർ പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനുവേണ്ടി ഒരുക്കേണ്ടതെല്ലാം അവർ ഒരുക്കുമായിരുന്നു. പക്ഷേ, അവരുടെ പുറപ്പാട് അല്ലാഹു ഇഷ്ടപ്പെടാതിരുന്നതുകൊണ്ട് അവരെ പിന്തിപ്പിച്ച് നിർത്തിയിരിക്കയാണ്. മുടങ്ങിയിരിക്കുന്നവരോടൊപ്പം നിങ്ങളും ഇരുന്നുകൊള്ളുക എന്ന് അവരോട് പറയപ്പെടുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവർ പുറപ്പെട്ടിരുന്നെങ്കിൽ നാശമല്ലാതെ മറ്റൊന്നും അവർ നിങ്ങൾക്കു കൂടുതൽ നേടിത്തരുമായിരുന്നില്ല. നിങ്ങൾക്ക് കുഴപ്പം വരുത്താനാഗ്രഹിച്ചുകൊണ്ട് നിങ്ങളുടെ ഇടയിലൂടെ അവർ പരക്കം പായുകയും ചെയ്യുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവർ പറയുന്നത് ചെവികൊടുത്തു കേൾക്കുന്ന ചിലരുണ്ട് താനും. അല്ലാഹു അക്രമികളെപറ്റി നന്നായി അറിയുന്നവനാണ്. മുമ്പും അവർ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിക്കുകയും നിനക്കെതിരിൽ അവർ കാര്യങ്ങൾ കുഴച്ചുമറിക്കുകയും ചെയ്തിട്ടുണ്ട്. അവസാനം അവർക്കിഷ്ടമില്ലാതിരുന്നിട്ടും സത്യം വന്നെത്തുകയും അല്ലാഹുവിന്റെ കാര്യം വിജയിക്കുകയും ചെയ്തു" (44:48).

അല്ലാഹുവിന്റെ മാർഗത്തിൽ എന്തൊരു കാര്യത്തിനായി വിളിക്കപ്പെട്ടാലും അതിലേക്ക് അടുക്കാനാണോ അതിൽനിന്ന് ഒഴിഞ്ഞുമാറാനാണോ നാം കാരണങ്ങൾ ഉണ്ടാക്കാറുള്ളത് എന്നത് ഓരോരുത്തരും വിലയിരുത്തേണ്ട കാര്യമാണ്. അല്ലാഹുവിന്റെ മാർഗത്തിലേക്ക് വിളിക്കപ്പെട്ടാൽ അതിന് ഉത്തരം നൽകുന്നവരാരെന്നും അതിൽനിന്ന് തടിയൂരി രക്ഷപ്പെടാൻ ശ്രമിക്കുന്നവർ ആരെന്നുമാണ് മുകളിലെ സൂക്തങ്ങളിൽനിന്നും നാം മനസ്സിലാക്കേണ്ടത്.

അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുവാൻ കൽപിക്കപ്പെട്ടാൽ അതിൽനിന്നും മാറിനിൽക്കാനായി അനുവാദം ചോദിക്കുകയില്ല. അവർ സൂക്ഷ്മതയുള്ളവരാകയാൽ തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടോ ശരീരം കൊണ്ടോ സമരം ചെയ്യുന്നതടക്കമുള്ള ഏത് നല്ല കാര്യങ്ങൾക്കും മുന്നിലുണ്ടാകും. അവർ അതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയില്ല. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമില്ലാത്തവരായിരിക്കും ഇത്തരം മാർഗത്തിൽനിന്നും പിന്തിരിയാൻ ശ്രമിക്കുക. ഇനി അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുണ്ടെങ്കിൽ പോലും ഹൃദയങ്ങളിൽ സംശയം ഉള്ളവരാണെങ്കിൽ അവരും നന്മയുടെ വഴിയിൽനിന്നും വിട്ടകലാൻ വഴി തേടും. അതിനാൽ അല്ലാഹുവിലും അന്ത്യദിനത്തിലും

**അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുള്ളവർ അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുവാൻ കൽപിക്കപ്പെട്ടാൽ അതിൽനിന്നും മാറിനിൽക്കാനായി അനുവാദം ചോദിക്കുകയില്ല. അവർ സൂക്ഷ്മതയുള്ളവരാകയാൽ തന്നെ അല്ലാഹുവിന്റെ മാർഗത്തിൽ ധനം കൊണ്ടോ ശരീരം കൊണ്ടോ സമരം ചെയ്യുന്നതടക്കമുള്ള ഏത് നല്ല കാര്യങ്ങൾക്കും മുന്നിലുണ്ടാകും. അവർ അതിൽനിന്നും ഒഴിഞ്ഞുമാറാൻ ശ്രമിക്കുകയില്ല. എന്നാൽ അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമില്ലാത്തവരായിരിക്കും ഇത്തരം മാർഗത്തിൽനിന്നും പിന്തിരിയാൻ ശ്രമിക്കുക. ഇനി അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വാസമുണ്ടെങ്കിൽ പോലും ഹൃദയങ്ങളിൽ സംശയം ഉള്ളവരാണെങ്കിൽ അവരും നന്മയുടെ വഴിയിൽനിന്നും വിട്ടകലാൻ വഴി തേടും.**

വിശ്വാസമുള്ളവർ തങ്ങളുടെ ഹൃദയങ്ങളിൽ അൽപം പോലും സംശയമില്ലാതെ ഉറച്ചു വിശ്വസിച്ചെങ്കിൽ മാത്രമെ അല്ലാഹുവിന്റെയും റസൂലിന്റെയും കൽപനകൾ അനുസരിക്കുവാനും വിരോധങ്ങളിൽനിന്ന് അകന്ന് കഴിയാനും സാധിക്കുകയുള്ളൂ.

ഹൃദയത്തിൽ വിശ്വാസം ഉറക്കാത്തവരും കപടന്മാരും കൂടെക്കൂടിയാൽ അവരെക്കൊണ്ട് പൊറുതിമുട്ടുകയാണ് സംഭവിക്കുക. അവരുടെ സാന്നിധ്യം സംഘത്തിൽ ഛിദ്രതയും ഭിന്നിപ്പും കുഴപ്പങ്ങളും ഉണ്ടാക്കും. അവർ പ്രചരിപ്പിക്കുന്ന വാർത്തകൾക്ക് കാത്കൊടുത്ത് വിശ്വാസികളിൽ ചിലർ വഞ്ചിക്കപ്പെടാനും സാധ്യതയുണ്ട്.

അല്ലാഹു ഈ കപടവിശ്വാസികളുടെയും വിശ്വാസത്തിൽ സംശയവുമായി നടക്കുന്നവരുടെയും സ്വഭാവദൂഷ്യങ്ങൾ വെളിപ്പെടുത്താൻ കാരണമുണ്ട്. അതായത്, അവർ മുമ്പേ തന്നെ കുഴപ്പമുണ്ടാക്കാൻ ആഗ്രഹിച്ചും അതിനുള്ള വഴികൾതേടിയും നടക്കുന്നവരാണ്. വല്ല അവസരവും വീണു കിട്ടിയാൽ തൽസമയം അത് അവർ ഉപയോഗപ്പെടുത്തും. അവരെ വിശ്വാസത്തിലെടുത്ത് കൂടെക്കൂട്ടാൻ ഒക്കുകയില്ല എന്നതിനാൽ അവരുടെ ഉള്ളിലിരിപ്പ് വിശ്വാസികൾക്ക് വെളിപ്പെടുത്തുകയാണ് മുകളിലെ സൂക്തങ്ങളിൽ അല്ലാഹു ചെയ്തിട്ടുള്ളത്.

അല്ലാഹുവിന്റെ റസൂൽ(സ്വ) ഒരു കാര്യം പ്രഖ്യാപിച്ചാൽ അത് അനുസരിക്കാറാണല്ലോ സ്വഹാബിമാരുടെ പതിവ്. എന്നാൽ ഇവിടെ മുനാഫിക്വുകളുടെ സംസാരത്തിൽ ചിലർക്ക് ആട്ടം സംഭവിച്ചു. ഈ ആട്ടം തട്ടിയവരോടാണ് അല്ലാഹുവിന്റെ ചോദ്യം. നിങ്ങൾ പരലോകത്തെ ഒഴിവാക്കി ദുൻയാവിന്റെ കാര്യത്തിൽ തൃപ്തിപ്പെടുകയാണോ? എന്നാൽ പരലോകത്തെ അപേക്ഷിച്ച് ഭൗതിക സുഖങ്ങൾ എത്രയോ വിരളവും കുറവുമാണ്!

മുനാഫിക്വുകളുടെ കാരണം പറയൽ കേട്ട് വിശ്വാസികളിൽ ചിലർക്കും ഇളക്കം തട്ടി. പുറപ്പെടണോ വേണ്ടയോ എന്ന് അവർ ചിന്തിക്കാൻ തുടങ്ങി. അല്ലാഹു അതിനെ സംബന്ധിച്ച് പറയുന്നത് കാണുക:

"സത്യവിശ്വാസികളേ, നിങ്ങൾക്കെന്തുപറ്റി? 'അല്ലാഹുവിന്റെ മാർഗത്തിൽ (ധർമ സമരത്തിന്) നിങ്ങൾ ഇറങ്ങിപ്പുറപ്പെട്ടുകൊള്ളുക' എന്ന് നിങ്ങളോട് പറയപ്പെട്ടാൽ നിങ്ങൾ ഭൂമിയിലേക്ക് തൂങ്ങിക്കളയുന്നു! പരലോകത്തിനു പകരം ഇഹലോക ജീവിതംകൊണ്ട് നിങ്ങൾ തൃപ്തിപ്പെട്ടിരിക്കുകയാണോ? എന്നാൽ പരലോകത്തിന്റെ മുമ്പിൽ ഇഹലോകത്തിലെ സുഖാനുഭവം തുച്ഛം മാത്രമാകുന്നു. നിങ്ങൾ (യുദ്ധത്തിന്) ഇറങ്ങിപ്പുറപ്പെടുന്നില്ലെങ്കിൽ അല്ലാഹു നിങ്ങൾക്ക് വേദനയേറിയ ശിക്ഷ നൽകുകയും, നിങ്ങളല്ലാത്ത വല്ല ജനതയെയും അവൻ പകരം കൊണ്ടുവരികയും ചെയ്യും. അവന്ന് ഒരു ഉപകാരവും ചെയ്യാൻ നിങ്ങൾക്കാവില്ല. അല്ലാഹു ഏത് കാര്യത്തിനും കഴിവുള്ളവനാകുന്നു. നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ; സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും, അദ്ദേഹം രണ്ടുപേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ, അവർ രണ്ടുപേരും (നബിയും അബൂബകറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട്, 'ദുഃഖിക്കേണ്ട തീർച്ചയായും അല്ലാഹു നമ്മുടെ കൂടെയുണ്ട്' എന്ന് പറഞ്ഞ സന്ദർഭം. അപ്പോൾ അല്ലാഹു തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും, നിങ്ങൾ കാണാത്ത സൈന്യങ്ങളെക്കൊണ്ട് അദ്ദേഹത്തിന് പിൻബലം നൽകുകയും, സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്നു നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. നിങ്ങൾ സൗകര്യമുള്ളവരാണെങ്കിലും ഞെരുക്കമുള്ളവരാണെങ്കിലും (ധർമസമരത്തിന്) ഇറങ്ങി പുറപ്പെട്ടുകൊള്ളുക. നിങ്ങളുടെ സ്വത്തുക്കൾകൊണ്ടും ശരീരങ്ങൾകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ നിങ്ങൾ സമരം ചെയ്യുക. അതാണ് നിങ്ങൾക്കുത്തമം; നിങ്ങൾ മനസ്സിലാക്കുന്നുണ്ടെങ്കിൽ" (38:41).

അല്ലാഹുവിന്റെ റസൂൽ(സ്വ) ഒരു കാര്യം പ്രഖ്യാപിച്ചാൽ അത് അനുസരിക്കാറാണല്ലോ സ്വഹാബിമാരുടെ പതിവ്. എന്നാൽ ഇവിടെ മുനാഫിക്വുകളുടെ സംസാരത്തിൽ ചിലർക്ക് ആട്ടം സംഭവിച്ചു. ഈ ആട്ടം തട്ടിയവരോടാണ് അല്ലാഹുവിന്റെ ചോദ്യം. നിങ്ങൾ പരലോകത്തെ ഒഴിവാക്കി ദുൻയാവിന്റെ കാര്യത്തിൽ തൃപ്തിപ്പെടുകയാണോ? എന്നാൽ പരലോക



ത്തെ അപേക്ഷിച്ച് ഭൗതിക സുഖങ്ങൾ എത്രയോ വിരളവും കുറവുമാണ്!

അല്ലാഹുവിന്റെയും റസൂലിന്റെയും ആഹ്വാനത്തിന് അനുസരണം നൽകുന്നില്ലെങ്കിൽ അല്ലാഹുവിങ്കൽനിന്നുള്ള വേദനയേറിയ ശിക്ഷക്ക് കാരണമായിത്തീരുമെന്നും നിങ്ങളെ മാറ്റി പകരം മറ്റൊരു സമൂഹത്തെ ഇതിനായി അല്ലാഹു കൊണ്ടുവരുമെന്നും അല്ലാഹു മുന്നറിയിപ്പ് നൽകുന്നു. അല്ലാഹുവിന്റെ മാർഗത്തിൽ നാം ഇറങ്ങിയില്ലെങ്കിൽ അല്ലാഹുവിന് വല്ലതും സംഭവിക്കാൻ പോകുന്നുണ്ടോ? ഒരിക്കലുമില്ല! അവന്റെ അധികാരത്തിനോ സ്ഥാനത്തിനോ ശക്തിക്കോ ഒന്നും യാതൊരു കോട്ടവും സംഭവിക്കാനും പോകുന്നില്ല. നാം ചെയ്താൽ അതിനുള്ള പ്രതിഫലം അല്ലാഹു നമുക്ക് തരും. മറ്റുള്ളവർ ചെയ്താൽ അവരാകും അതിന്റെ അവകാശികൾ എന്നുമാത്രം.

തബൂക്ക് യുദ്ധത്തിൽ നബി(സ്വ)യുടെ കൂടെ പുറപ്പെടാൻ തയ്യാറാകാതെ മാറിനിന്നവർക്ക് അല്ലാഹു ശക്തമായ രൂപത്തിൽ മുന്നറിയിപ്പ് നൽകിയതിന്റെ കൂടെ, ആരും ഇല്ലാത്ത ഘട്ടത്തിൽ ശത്രുക്കൾ ഒറ്റക്കെട്ടായി നബി(സ്വ)യെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ടപ്പോഴും അല്ലാഹു അവിടുത്തെ സഹായിച്ചിട്ടുണ്ടെന്നും, ആയിരത്തോളം വരുന്ന ആയുധ സജ്ജരായ ശത്രുസൈന്യം അതിന്റെ മൂന്നിൽ ഒരു ഭാഗം മാത്രമുള്ള നിരായുധരായ മുസ്‌ലിം സൈന്യത്തെ നേരിട്ടപ്പോഴും അല്ലാഹു സഹായം ഇറക്കിയിട്ടുണ്ടെന്ന കാര്യം നിങ്ങൾ മറന്നുപോകരുതെന്നും അല്ലാഹു ഓർമിപ്പിച്ചു. അതിനാൽ വിഷമഘട്ടമാണെങ്കിലും സൗഖ്യഘട്ടമാണെങ്കിലും നബി(സ്വ)യുടെ വിളിക്ക് നിങ്ങൾ ഉത്തരം നൽകുക എന്നാണ് അല്ലാഹു ഇവിടെ അറിയിക്കുന്നത്.

തക്കതായ കാരണത്താൽ യുദ്ധത്തിന് പുറപ്പെടാൻ കഴിയാത്ത സ്വഹാബിമാരും യുദ്ധത്തിൽനിന്ന് വിട്ടു നിൽക്കാൻ മാത്രം കാരണമൊന്നുമില്ലാതെ തന്നെ അതിൽനിന്ന് മാറിനിന്ന മൂന്ന് സ്വഹാബിമാരും ഉണ്ടായിരുന്നു. ബാക്കിയുള്ളവരെല്ലാം സർവത്യാഗവും സഹിച്ച് നബി(സ്വ)യോടൊപ്പം പുറപ്പെട്ടു. സത്യവിശ്വാസികളായ നല്ലൊരു പക്ഷം ആളുകളും അതിന് തയ്യാറായവരും ഉത്സാഹം കാണിക്കുന്നവരുമായിരുന്നു. പലരും നബി(സ്വ)യോട് വരേണ്ടതില്ലെന്ന് പോലും പറഞ്ഞു. (തുടരും)

**തബൂക്ക് യുദ്ധത്തിൽ നബി(സ്വ)യുടെ കൂടെ പുറപ്പെടാൻ തയ്യാറാകാതെ മാറിനിന്നവർക്ക് അല്ലാഹു ശക്തമായ രൂപത്തിൽ മുന്നറിയിപ്പ് നൽകിയതിന്റെ കൂടെ, ആരും ഇല്ലാത്ത ഘട്ടത്തിൽ ശത്രുക്കൾ ഒറ്റക്കെട്ടായി നബി(സ്വ)യെ വധിക്കാൻ ഇറങ്ങിപ്പുറപ്പെട്ടപ്പോഴും അല്ലാഹു അവിടുത്തെ സഹായിച്ചിട്ടുണ്ടെന്നും, ആയിരത്തോളം വരുന്ന ആയുധ സജ്ജരായ ശത്രു സൈന്യം അതിന്റെ മൂന്നിൽ ഒരു ഭാഗം മാത്രമുള്ള നിരായുധരായ മുസ്‌ലിം സൈന്യത്തെ നേരിട്ടപ്പോഴും അല്ലാഹു സഹായം ഇറക്കിയിട്ടുണ്ടെന്ന കാര്യം നിങ്ങൾ മറന്നു പോകരുതെന്നും അല്ലാഹു ഓർമിപ്പിച്ചു. അതിനാൽ വിഷമഘട്ടമാണെങ്കിലും സൗഖ്യഘട്ടമാണെങ്കിലും നബി(സ്വ)യുടെ വിളിക്ക് നിങ്ങൾ ഉത്തരം നൽകുക എന്നാണ് അല്ലാഹു ഇവിടെ അറിയിക്കുന്നത്.**



ലേഖനം

# ശിയാക്കളുടെ വ്യാജവാദങ്ങളും അവയെ പിന്തുടരുന്ന സമസ്തയും

മൂസ സ്വലാഹി കാര
:97473 45768

മക്വ്ബറകളിൽ വെച്ച് ശിയാക്കളും സമസ്തക്കാരും ചെയ്യുന്ന അനാചാരങ്ങളുടെ സാമ്യത സംബന്ധിച്ച തെളിവുകൾ കഴിഞ്ഞ ലക്കത്തിൽ നാം സൂചിപ്പിച്ചു. ജാറവ്യവസായത്തെ മൂലധനമായിക്കണ്ട് ആരാധനകളുടെ ആത്മാവിനെ യാതൊരു ലജ്ജയുമില്ലാതെ ഹനിക്കുന്ന ഇവരെ ഏത് ഗണത്തിൽ പെടുത്തമെന്ന് ശാഫിഈ മദ്ഹബിലെ പ്രമുഖ പണ്ഡിതൻ ഇമാം സുയൂത്വി(റ) വ്യക്തമാക്കുന്നു:

''വഴിപിഴച്ചുപോയവരിൽ ധാരാളം ആളുകളെ, സ്വാലിഹുകളുടെ ക്വബ്‌റുകളുടെ സമീപത്ത് താഴ്മയും ഭക്തിയും പ്രകടിപ്പിക്കുകയും പള്ളികളിലോ പുലർച്ച സമയങ്ങളിലോ പോലും അല്ലാഹുവിന്റെ മുന്നിൽ മനസ്സുകൊണ്ട് കാണിക്കാത്ത ആരാധനാകർമങ്ങൾ മാനസികമായി ഇവർക്ക് അർപ്പിക്കുന്നതായി നിനക്ക് കാണാം. അവിടെവച്ച് പ്രാർഥനയും നമസ്‌കാരവും നിർവഹിക്കപ്പെടുന്നതിലൂടെ വിശുദ്ധമായ തീർഥാടനത്തിന് അനുവദിച്ച മൂന്ന് പുണ്യ പള്ളികളിൽ പോലും പ്രതീക്ഷിക്കാത്തത് (ആഗ്രഹസഫലീകരണം) അവർ അവിടുന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. ഈ കുഴപ്പത്തെ റസൂൽ(സ്വ) വേരോടെ പിഴുതെടുത്തിട്ടുണ്ട്. എത്രത്തോളമെന്നാൽ, തെറ്റിലേക്ക് നയിക്കുമെന്നുള്ള (അല്ലാഹു അല്ലാത്തവർ ആരാധിക്കപ്പെടുന്ന അവസ്ഥ) കാരണത്താൽ മക്വ്ബറയിൽ നമസ്‌കരിക്കുന്നതിനെ നിരുപാധികമായി വിലക്കി. അത് നമസ്‌കരിക്കുന്ന വ്യക്തി സ്ഥലത്തിന്റെ ബറകത്തിനെയോ സ്ഥലത്തെയോ ലക്ഷ്യമാക്കിയിട്ടില്ലെങ്കിലും ശരി. എന്നാൽ നമസ്‌കാരത്തെ ലഷ്യമാക്കി, അല്ലെങ്കിൽ സ്വന്തം പ്രയാസങ്ങളും ആവശ്യങ്ങളും നീങ്ങാൻവേണ്ടി ക്വബ്‌റിൽ കിടക്കുന്ന വ്യക്തിയുടെ ബറകത്ത് കൊണ്ടും അദ്ദേഹം ഉത്തരം നൽകുമെന്ന പ്രതീക്ഷയോടും കൂടിയുള്ള തേട്ടം അല്ലാഹുവിനെയും റസൂലിനെയും അവിടുന്ന് കൊണ്ടുവന്ന ദീനിനെയും മതവിധിയെയും വ്യക്തമായി എതിർക്കലുമാണ്. അല്ലാഹുവും അവന്റെ ദൂതനും അദ്ദേഹത്തിന്റെ സുന്നത്തിനെ പിൻപറ്റുന്ന പണ്ഡിതന്മാരും അനുവദിക്കാത്ത പുതിയ മതമുണ്ടാക്കലുമാണ്'' (അൽഅംറു ബിൽഇത്തിബാഅ് വന്നഹ്‌യു അനിൽ ഇബ്‌തിദാഅ്/പേജ് 138).

പന്ത്രണ്ട് ഇമാമുമാർക്ക് പുറമെ ഔലിയാക്കൾ, ശൈഖുമാർ, കുടുംബക്കാർ, അവരുമായി അടുത്തവർ എന്നിവരുടെയെല്ലാം ക്വബ്‌റുകൾ കെട്ടിയുയർത്തി സന്ദർശന കേന്ദ്രങ്ങളാക്കുകയും അതിന് പ്രത്യേകം കൂലി നിശ്ചയിക്കുകയും ചെയ്യുന്ന സമ്പ്രദായം ശിയാക്കളിലുണ്ട്. അബൂ ജഅ്ഫർ ത്വൈസിയുടെ 'തഅ്ദീബുൽ അഹ്കാമി'ലും മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും ആമിലിയുടെ 'വസാഇലുശ്ശീഅ'യിലും ദൈലമിയുടെ 'ഇർശാദുൽ ക്വുലൂബി ഇലസ്സ്വവാബി'യിലും ഈ കാര്യം വ്യക്തമാണ്. പുരോഹിതന്മാർ ഇതേ പാത പിൻപറ്റി ജാറങ്ങളുണ്ടാക്കുകയും അതിനെ ഇസ്‌ലാമിന്റെ പൈതൃകങ്ങളാക്കി അവതരിപ്പിക്കുകയും ചെയ്യുന്നു. ഈ വരികൾ കാണുക:

''സാമ്പ്രദായിക ഇസ്‌ലാമിനെ അടയാളപ്പെടുത്തുന്ന പുണ്യപുരുഷന്മാരുടെ മഖാമുകൾ കൊല്ലം ജില്ലയിൽ എമ്പാടുമുണ്ട്. ജോനകപ്പുറം ഹള്‌റമീ മഖാം, ഓച്ചിറ ഉപ്പാപ്പ മഖാം, തൃപ്പലഴികം ഫഖീർ മഖാം, കരുനാഗപ്പള്ളി ശൈഖുമാരുടെ മഖാം, കാരാമ്മൂട് സയ്യിദ് സുലൈമാനുൽ ഖാദിരി മഖാം, ഒറ്റ

ക്കൽ മസൂദ് വലിയുല്ലാഹി മഖാം, കുണ്ടറയിലെ ചിശ്തി ശിഷ്യരുടെ മഖാം, കിളിക്കൊല്ലൂർ മഖാം തുടങ്ങിയവയെല്ലാം ഇസ്‌ലാമിക സംസ്‌കൃതിയുടെ നിത്യസ്മാരകങ്ങളായി ഉയർന്നുനിൽക്കുന്നു' (സുന്നിവോയ്സ്/2021 നവംബർ 15/ പേജ് 45).

ഇമാം സുയൂത്വി(റഹി) തന്നെ പറഞ്ഞത് കാണുക: ''ഈ ചെയ്തികൾ നീചവും വെറുക്കപ്പെട്ടതുമാണ്. കാരണം അത് വിഗ്രഹാരാധനയോട് സാദൃശ്യവും അതിലേക്കുള്ള വഴിയും അല്ലെങ്കിൽ അതിന്റെ ഒരിനവുമാണ്. വിഗ്രഹാരാധകർ ഒരു പ്രത്യേക സ്ഥലത്തെ അവിടെയുള്ള പ്രതിമ കാരണമോ അല്ലാതെയോ പുണ്യമാഗ്രഹിച്ചുകൊണ്ട് ലക്ഷ്യം വെക്കലാണ് പതിവ്. ഇസ്‌ലാം അത് ഇഷ്ടപ്പെടുന്നില്ല. അത് വിലക്കപ്പെട്ട കാര്യങ്ങളിൽപെട്ടതും അതിൽ ചിലത് മറ്റു ചിലതിനെക്കാൾ ശക്തമായി വെറുക്കപ്പെട്ടതുമാണ്. അത്തരം സ്ഥലങ്ങളെ അവർ ലക്ഷ്യം വെക്കുന്നത് അവരുടെ അടുത്ത് നമസ്‌കരിക്കാനോ, പ്രാർഥിക്കാനോ, ക്വുർആൻ പാരായണം ചെയ്യാനോ, ദിക്ർ ചൊല്ലാനോ, ബലിയറുക്കാനോ അല്ലെങ്കിൽ പ്രത്യേക തരം ആരാധനകൾ നിർവഹിക്കുന്നതിനു വേണ്ടിയോ ആയിരുന്നാലും അവ വെറുക്കപ്പെട്ടതിൽ പെട്ടതാണ്'' (പേജ് 117).

ഇമാം സുയൂത്വി(റഹി) തന്നെ പറഞ്ഞത് കാണുക: ''ഈ ചെയ്തികൾ നീചവും വെറുക്കപ്പെട്ടതുമാണ്. കാരണം അത് വിഗ്രഹാരാധനയോട് സാദൃശ്യവും അതിലേക്കുള്ള വഴിയും അല്ലെങ്കിൽ അതിന്റെ ഒരിനവുമാണ്. വിഗ്രഹാരാധകർ ഒരു പ്രത്യേക സ്ഥലത്തെ അവിടെയുള്ള പ്രതിമ കാരണമോ അല്ലാതെയോ പുണ്യമാഗ്രഹിച്ചുകൊണ്ട് ലക്ഷ്യം വെക്കലാണ് പതിവ്. ഇസ്‌ലാം അത് ഇഷ്ടപ്പെടുന്നില്ല. അത് വിലക്കപ്പെട്ട കാര്യങ്ങളിൽപെട്ടതും അതിൽ ചിലത് മറ്റു ചിലതിനെക്കാൾ ശക്തമായി വെറുക്കപ്പെട്ടതുമാണ്. അത്തരം സ്ഥലങ്ങളെ അവർ ലക്ഷ്യം വെക്കുന്നത് അവരുടെ അടുത്ത് നമസ്‌കരിക്കാനോ, പ്രാർഥിക്കാനോ, ക്വുർആൻ പാരായണം ചെയ്യാനോ, ദിക്റ് ചൊല്ലാനോ, ബലിയറുക്കാനോ അല്ലെങ്കിൽ പ്രത്യേക തരം ആരാധനകൾ നിർവഹിക്കുന്നതിനു വേണ്ടിയോ ആയിരുന്നാലും അവ വെറുക്കപ്പെട്ടതിൽ പെട്ടതാണ്'' (പേജ് 117).

പ്രമാണങ്ങൾക്ക് കീഴ്‌പെടാത്ത പുരോഹിതർ എന്നും ന്യായീകരണ തൊഴിലാളികളാണ്. അവരുടെ ശീഈ പ്രേമം പിടിക്കപ്പെടുമ്പോൾ മുഖം മിനുക്കി രക്ഷപ്പെടുന്നത് നോക്കൂ:

''കേരളത്തിൽ ശിയാ പ്രചാരകനായി എത്തിയ കൊണ്ടോട്ടി തങ്ങന്മാർക്ക് മുമ്പേ ഇവിടെ ജാറങ്ങളും ഉറൂസുകളുമുണ്ട്. പിന്നെ മഖ്ദൂമുമാരുടെ ഖബറുകൾ കെട്ടിപ്പൊക്കാതിരുന്നത് അവരുടെ വിനയത്തിന്റെ ഭാഗമാണ്. അതിന് തെളിവ് അവരുടെ ഗ്രന്ഥങ്ങൾ തന്നെയാണ്. മക്വ്ബറകൾ കെട്ടിപ്പൊക്കുന്നതും അവിടേക്ക് നേർച്ചയാക്കുന്നതും മറ്റും അവർ ചർച്ച ചെയ്യുന്നുണ്ടല്ലോ. അതെല്ലാം ശിയാ ആചാരമാക്കുന്നത് അതിന്റെ മറവിൽ വഹാബിസം വെളുപ്പിച്ചെടുക്കാനാണ്'' (സുന്നി വോയ്സ്/2020 ജൂലൈ 1 -15/പേജ് 29,30).

''നേർച്ചയും ജാറവുമാണ് മറ്റൊരു പ്രശ്നം. ഇത് കേരളത്തിനകത്ത് മാത്രം നിലനിൽക്കുന്ന കാര്യങ്ങളാണോ? കേരളത്തിനു പുറത്ത് നിന്ന് പ്രസിദ്ധീകരിക്കുന്ന കർമശാസ്ത്ര കൃതികളിൽ ജാറങ്ങളിൽ എത്തുന്ന വരുമാനത്തിന്റെ വിനിയോഗത്തെക്കുറിച്ചു ചർച്ച ചെയ്യുന്നുണ്ട്. അന്ധമായ വഹാബിസം തലക്കുപിടിച്ചവരാണ് ജാറങ്ങൾക്കെതിരെ ആരോപണമുന്നയിക്കുന്നത്'' (തെളിച്ചം മാസിക/മാർച്ച് 2017/പേജ് 18).

ശിയാ ഗ്രന്ഥങ്ങളിലുള്ളത് അന്ധമായി അനുകരിക്കുന്ന ഇവർ അഹ്‌ലുസ്സുന്ന വൽജമാഅയായ സലഫികൾക്കെതിരെ ആക്രോശിക്കുമ്പോഴും മിന്നിത്തിളങ്ങുന്നത് ഇവരുടെ ശീഈ ബന്ധവും മതവിമുഖതയുമായതിനാൽ സത്യം തമസ്‌കരിക്കപ്പെടുകയില്ല.

മാരക രോഗങ്ങൾ സുഖപ്പെടുത്തുക, അന്ധത മാറ്റുക, വിശ്വസിച്ചേൽപ്പിച്ചതും നിക്ഷേപവസ്തുക്കളും സൂക്ഷിക്കുക, മൃഗങ്ങൾ - വിശിഷ്യാ കഴുതകൾ - ശമനം തേടി വരിക തുടങ്ങിയ അമാനുഷികതകളും അസാധാരണ സംഭവങ്ങളും മരണ ശേഷവും ഇമാമുമാരുടെ ക്വബ്‌റിടങ്ങളിൽ അവശേഷിക്കുന്നുണ്ടെന്ന വിശ്വാസമാണ് ശിയാക്കൾക്കുള്ളത്. മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും കുലൈനിയുടെ 'അൽ കാഫിയി'ലും ഹാശിം ബഹ്‌റാനിയുടെ 'മദീനത്തുൽ മുആജിസി'ലും ഈ വിഷയം വിശദമായുണ്ട്.

മുഅ്ജിസത്തും കറാമത്തും മരണപ്പെട്ടവരോട് സഹായ തേട്ടം നടത്താനുള്ള ന്യായമായി കാണുന്ന സമസ്തക്കാർക്ക് ശിയാക്കളോടുള്ള ഇണക്കം നമുക്ക് പരിശോധിക്കാം. നെല്ലിക്കുത്ത് ഇസ്മാഈൽ മുസ്‌ലിയാർ എഴുതി: ''അമ്പിയാക്കളും ഔലിയാക്കളും അല്ലാഹുവിന്റെ പ്രിയങ്കരരായ ഇഷ്ടദാസൻമാരാണെന്നും അവർ അല്ലാഹുവിനോട് ദുആ ഇരന്നാലും ശഫാഅത്തു ചെയ്താലും സ്വീകരിക്കാൻ കൂടുതൽ സാധ്യതയുണ്ടെന്നും അവർ മുഖേന ചില അസാധാരണ സംഭവങ്ങൾ അല്ലാഹു പ്രകടിപ്പിക്കാറുണ്ടെന്നും അവരുടെ മരണശേഷവും ഇത് തുടരുമെന്നും അതുമുഖേന നമുക്ക് സഹായം ലഭിക്കുമെന്നും കരുതി സഹായം ചോദിക്കുന്നതിനാണ് സാങ്കേതിക അർഥത്തിൽ ഇസ്തിഗാസ എന്ന് പറയുന്നത്'' (തൗഹീദ് ഒരു സമഗ്ര പഠനം, പേജ് 247).

''അമ്പിയാ മുർസലുകൾ, ഔലിയാക്കൾ, ഉലമാക്കൾ, സ്വാലിഹുകൾ എന്നിവരോട് സഹായാർഥന നടത്തൽ അനുവദനീയമാണ്. മരണശേഷവും സഹായിക്കാനുള്ള കഴിവ് ഇവർക്കുണ്ട്. കാരണം അമ്പിയാക്കളുടെ മുഅ്ജിസത്തും ഔലിയാക്കളുടെ കറാമത്തും അവരുടെ മരണത്തോടെ മുറിയുന്നില്ല'' (സുന്നത്ത് മാസിക/2014 മെയ്/പേജ് 28).

വ്യാജവാദങ്ങളെ ആശ്രയിച്ച് പ്രവർത്തിക്കുന്ന ഇരു വിഭാഗങ്ങൾക്കും ക്വുർആൻ നൽകിയ താക്കീതാണ് മതിയായ മറുപടി. അല്ലാഹു പറയുന്നു: ''അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരാരോ അവരെ അല്ലാഹു നേർവഴിയിലാക്കുകയില്ല; തീർച്ച. അവർക്ക് വേദനാജനകമായ ശിക്ഷയുണ്ടായിരിക്കുന്നതുമാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമയ്ക്കുന്നത്. അവർതന്നെയാണ് വ്യാജവാദികൾ'' (16:104,105).

ഈ വചനത്തെ വിശദീകരിച്ച് ഇബ്‌നു കസീർ(റഹി) പറയുന്നു: ''അല്ലാഹുവിനെ സ്മരിക്കുന്നതിൽ നിന്ന് തിരിഞ്ഞുകളയുകയും അല്ലാഹു അവന്റെ പ്രവാചകന് അവതരിപ്പിച്ചതിൽനിന്ന് അശ്രദ്ധനാവുകയും അല്ലാഹുവിൽനിന്നും വന്ന കാര്യങ്ങളിൽ വിശ്വസിക്കാൻ ഉദ്ദേശിക്കാതിരിക്കുകയും ചെയ്യുന്ന ആളുകൾക്ക് അല്ലാഹു അവന്റെ ദൃഷ്ടാന്തങ്ങളിലേക്കും, എന്തൊന്നിനു വേണ്ടിയാണോ അല്ലാഹു അവന്റെ പ്രവാചകന്മാരെ നിയോഗിച്ചത് അതിലേക്കും നേർമാർഗം കാണിച്ചുകൊടുക്കുകയില്ല. മാത്രവുമല്ല അവർക്ക് പരലോകത്ത് വേദനയേറിയ ശിക്ഷയുമുണ്ട് എന്ന് അല്ലാഹു അറിയിക്കുകയാണ്.

പ്രവാചകൻ കള്ളം കെട്ടിച്ചമക്കുന്നവനോ കളവ് പറയുന്നവനോ അല്ല. അല്ലാഹുവിന്റെയും പ്രവാചകന്റെയും പേരിൽ കള്ളം കെട്ടിച്ചമക്കുന്നവർ സൃഷ്ടികളിൽ ഏറ്റവും മോശപ്പെട്ടവരാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവരും, ജനങ്ങൾക്കിടയിൽ കളവുകൊണ്ട് അറിയപ്പെട്ട കൃത്രിമം കാണിക്കുന്ന ആളുകളുമാണ് ഇത്തരക്കാർ.

എന്നാൽ മുഹമ്മദ് നബി (സ്വ) ജനങ്ങളുടെ കൂട്ടത്തിൽ ഏറ്റവും സത്യസന്ധനും ഏറ്റവും കൂടുതൽ നന്മകൾ ചെയ്യുന്നവനും അറിവുകൊണ്ടും പ്രവർത്തനങ്ങൾകൊണ്ടും വിശ്വാസംകൊണ്ടും ദൃഢജ്ഞാനംകൊണ്ടും പരിപൂർണനായവനും തന്റെ ജനതക്കിടയിൽ സത്യസന്ധതകൊണ്ട് അറിയപ്പെട്ടവനുമായിരുന്നു. ആ കാര്യത്തിൽ അവർക്കിടയിൽ യാതൊരു സംശയവും ഉണ്ടായിരുന്നില്ല. അതുകൊണ്ടാണ് അവർക്കിടയിൽ അദ്ദേഹം വിശ്വസ്തൻ എന്ന് മാത്രം പരിചയപ്പെടുത്തപ്പെട്ടത്. റോമിന്റെ രാജാവ് ഹിറഖൽ അബൂസുഫ്‌യാനോട് പ്രവാചകന്റെ വിശേഷങ്ങളെക്കുറിച്ച് ചോദിച്ച സമയത്ത് 'അദ്ദേഹം ഈ വാദം പറയുന്നതിന് മുമ്പ് നിങ്ങൾ അദ്ദേഹത്തെ കളവുകൊണ്ട് ആരോപിക്കാറുണ്ടായിരുന്നോ?' എന്ന് ചോദിച്ച സമയത്ത് 'ഇല്ല' എന്നായിരുന്നു മറുപടി. അപ്പോൾ ഹിറഖൽ പറഞ്ഞു: ജനങ്ങളുടെമേൽ കളവ് പറയാത്തവൻ എങ്ങനെ പ്രതാപവാനായ അല്ലാഹുവിന്റെമേൽ കളവ് പറയും?'' (തഫ്‌സീർ ഇബ്‌നു കസീർ).

**മാരക രോഗങ്ങൾ സുഖപ്പെടുത്തുക, അന്ധത മാറ്റുക, വിശ്വസിച്ചേൽപിതും നിക്ഷേപ വസ്തുക്കളും സൂക്ഷിക്കുക, മൃഗങ്ങൾ - വിശിഷ്യാ കഴുതകൾ - ശമനം തേടി വരിക തുടങ്ങിയ അമാനുഷികതകളും അസാധാരണ സംഭവങ്ങളും മരണ ശേഷവും ഇമാമുമാരുടെ ക്വബ്‌റിടങ്ങളിൽ അവശേഷിക്കുന്നുണ്ടെന്ന വിശ്വാസമാണ് ശിയാക്കൾക്കുള്ളത്. മജ്‌ലിസിയുടെ 'ബിഹാറുൽ അൻവാറി'ലും കുലൈനിയുടെ 'അൽ കാഫിയി'ലും ഹാശിം ബഹ്‌റാനിയുടെ 'മദീനത്തുൽ മുആജിസി'ലും ഈ വിഷയം വിശദമായുണ്ട്.**

വിശുദ്ധ ക്വുർആൻ ദുർവ്യാഖ്യാനിച്ച് മതവിരുദ്ധ ആശയങ്ങൾക്ക് എങ്ങനെ തെളിവുണ്ടാക്കാമെന്ന് പുരോഹിതന്മാരെ പഠിപ്പിച്ച 'വല്യുസ്സ്വാദ്' ഹിജ്‌റ 127ൽ മരിച്ച ജാബിറുബ്‌നു യസീദുബ്‌നു ഹാരിസുൽ ജുഹ്ഫി അൽകൂഫിയാണ്. ശീഈ നേതാക്കളായ ജഅ്ഫർ സ്വാദിഖ്, മുഹമ്മദ് ബാഖിർ എന്നിവരുടെ അനുയായിയും അവരുടെ മുഫസ്സിറും മുഹദ്ദിസും ചരിത്രകാരനുമാണിയാൾ. സ്വഹാബികളെ കാഫിറുകളാക്കുക, അലി(റ)യെ പ്രവാചക പദവിയിലേക്ക് ഉയർത്തുക എന്ന ഇവരുടെ പിഴച്ച പ്രവർത്തനങ്ങൾക്ക് തെളിവുണ്ടാക്കാൻ ക്വുർആനിലെ നിരവധി ആയത്തുകളെ വളച്ചൊടിച്ചതിന്റെ ചില ഉദാഹരണങ്ങൾ കാണുക:

സൂറതുൽ ഹശ്‌റിലെ 16ാം വചനത്തിലെ 'ശൈത്വാൻ' എന്നത് ഉമർ(റ) ആണെന്നും സൂറതുന്നഹ്ല് 36ാം ആയത്തിലെ 'റസൂലൻ' എന്നത് ഇമാമും 'അല്ലാഹുവിനെ ആരാധിക്കുക' എന്നത് ഇമാമുമാരെ ആരാധിക്കലും 'അത്ത്വാഗൂത്ത്' എന്നത് അബൂബക്ർ(റ), ഉമർ(റ) എന്നിവരാണെന്നും അതിലെ 51ാം വചനത്തിലെ 'രണ്ട് ദൈവങ്ങളെ' എന്നതിന് രണ്ടു ഇമാമുമാർ എന്നും 'ഏകദൈവ'മെന്നതിന് ഒരു ഇമാം എന്നുമാണ് ഇവർ വ്യാഖ്യാനം നൽകിയിട്ടുള്ളത്.

സൂറതുൽ ഫുർക്വാനിലെ 55ാം ആയത്തിലെ 'വ കാനൽ കാഫിറു' എന്നത് ഉമറും(റ) 'അലാ റബ്ബിഹി' എന്നത് അലി(റ)യുമാണത്രെ! അദ്ദേഹം ഉമറി(റ)നെ നിഷേധിച്ചുവെന്ന് വരുത്താനാണ് ഈ പണി ചെയ്തത്. സൂറതുസ്സുമറിലെ 69ാം വചനത്തിലെ 'ബിനൂരി റബ്ബിഹാ' എന്നതിനെ ഇമാമിന്റെ പ്രകാശം എന്നാക്കി. അന്ത്യനാളിൽ ജനങ്ങൾക്ക് സൂര്യനും ചന്ദ്രനും പകരം ഇമാമിന്റെ പ്രകാശം മതിയെന്ന് വിശ്വസിപ്പിക്കാനാണിത്.

സൂറതുന്നൂറിലെ 35ാം വചനത്തിലെ 'മിശ്കാത്ത്' ഫാത്വിമയും 'മിസ്ബാഹ്' ഹസനും 'സുജാജ്' ഹുസൈനും 'കൗകബുൻ ദുർരിയ്യ്' ഫാത്വിമയുമാണെന്ന് ദുർവ്യാഖ്യാനിക്കുന്നു. 'ലാ ശർക്വിയ്യതൻ വലാ ഗർബിയ്യതൻ' എന്നതിന് ജൂതനും ക്രൈസ്തവനുമല്ലെന്നും 'നൂറുൻ അലാ നൂർ' എന്നതിന് ഒരു ഇമാമിനു ശേഷം അടുത്ത ഇമാം എന്നുമാണ് അർഥം കൊടുത്തത്. മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, ബഹ്‌റാനിയുടെ തഫ്‌സീറുൽ ബുർഹാൻ, ഇബ്‌റാഹീം ഖുമ്മിയുടെ തഫ്‌സീറുൽ ഖുമ്മി, കുലൈനിയുടെ അൽകാഫി തുടങ്ങിയ ശിയാക്കളുടെ പ്ര

ധാന ഗ്രന്ഥങ്ങളിൽ തന്നെ ഇതുണ്ട്.

ശീഈ പാത പിന്തുടർന്ന് സമസ്തയുടെ മുസ്‌ലിയാക്കന്മാർ ഇപ്പോഴും തുടരുന്ന ക്വുർആൻ ദുർവ്യാഖ്യാനത്തിന്റെ അവസ്ഥ കൂടി നോക്കാം.

സൂറതുൽ ബക്വറ 104ൽ 'പകരം ഉൻളുർനാ എന്ന് പറയുക,' സൂറതുന്നിസാഅ് 65ലെ 'റസൂൽ അവർക്ക് വേണ്ടി പാപമോചനം ചെയ്താൽ,' സൂറതുൽ മാഇദ 55ലെ 'നിങ്ങളുടെ ഉറ്റമിത്രങ്ങൾ,' സൂറതുസ്സുഖ്‌റുഫ് 45ലെ 'നിനക്ക് മുമ്പ് നമ്മുടെ ദൂതൻമാരായി നാം അയച്ചവരോട് ചോദിച്ചു നോക്കുക,' സൂറതുത്തഹ്‌രീം 4ലെ 'തീർച്ചയായും അല്ലാഹുവാകുന്നു അദ്ദേഹത്തിന്റെ യജമാനൻ. ജിബ്‌രീലും സദ്‌വൃത്തരായ സത്യവിശ്വാസികളും അതിനു പുറമെ മലക്കുകളും അദ്ദേഹത്തിന് സഹായികളായിരിക്കുന്നതാണ്,' സൂറതുൽ അഹ്‌സാബ് 6ലെ 'പ്രവാചകൻ സത്യവിശ്വാസികൾക്ക് സ്വദേഹങ്ങളെക്കാളും അടുത്ത ആളാകുന്നു,' സൂറതുത്തൗബ 94ലെ 'നിങ്ങളുടെ പ്രവർത്തനം അല്ലാഹുവും അവന്റെ ദൂതനും കാണുന്നതുമാണ്,' സൂറതുത്തൗബ 71ലെ 'സത്യവിശ്വാസികളും സത്യവിശ്വാസിനികളും അന്യോന്യം മിത്രങ്ങളാകുന്നു' എന്നീ ആയത്തുകളുടെ യാഥാർഥ്യവും അവതരണ പശ്ചാത്തലവും മറച്ചുവച്ച് പ്രാർഥനയും ഇസ്തിഗാസയും തവസ്സുലുമൊക്കെ അല്ലാഹുവല്ലാത്തവർക്ക് നൽകാൻ തെളിവാക്കിയത് ഇന്നും അവശേഷിക്കുകയാണ്. തൗഹീദിനെ ഉറപ്പിക്കുന്നതും നബി(സ)യോട് പാലിക്കേണ്ട മര്യാദകളും ശിർക്കിന്റെ ഗൗരവവും കാപട്യത്തിന്റെ അപകടവും പഠിപ്പിക്കുന്നതുമായ ഈ ആയത്തുകളെ ദുർവ്യാഖ്യാനിച്ച ഇവർ എന്ത് അഹ്‌ലുസ്സുന്നവൽ ജമാഅയാണ്?

സൂറതു യൂനുസ് 58ലെ 'അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ,' സൂറതുൽ അഹ്‌സാബ് 56 ലെ 'സത്യവിശ്വാസികളേ, നിങ്ങൾ അദ്ദേഹത്തിന്റെ മേൽ (അല്ലാഹുവിന്റെ) കാരുണ്യവും ശാന്തിയുമുണ്ടാകാൻ പ്രാർഥിക്കുക,' സൂറതുദ്ദുഹാ 11ലെ 'നിന്റെ രക്ഷിതാവിന്റെ അനുഗ്രഹത്തെ സംബന്ധിച്ച് നീ സംസാരിക്കുക,' സൂറതുൽ ബക്വറ 231ലെ 'അല്ലാഹു നിങ്ങൾക്ക് ചെയ്ത അനുഗ്രഹം നിങ്ങൾ ഓർക്കുക,' സൂറതുൽ അൻബിയാഅ് 107ലെ 'ലോകർക്ക് കാരുണ്യമായിക്കൊണ്ടല്ലാതെ നിന്നെ നാം അയച്ചിട്ടില്ല' തുടങ്ങിയവയെ കോട്ടിമാട്ടി നബി(സ)യുടെ ജന്മദിനം കൊണ്ടാടാൻ ഇവർ തെളിവുണ്ടാക്കുന്നു.

**സൂറതുന്നൂറിലെ 35ാം വചനത്തിലെ 'മിശ്കാത്ത്' ഫാത്വിമയും 'മിസ്ബാഹ്' ഹസനും 'സുജാജ്' ഹുസൈനും 'കൗകബുൻ ദുർരിയ്യ്' ഫാത്വിമയുമാണെന്ന് ദുർവ്യാഖ്യാനിക്കുന്നു. 'ലാ ശർക്വിയ്യതൻ വലാ ഗർബിയ്യതൻ' എന്നതിന് ജൂതനും ക്രൈസ്തവനുമല്ലെന്നും 'നൂറുൻ അലാ നൂർ' എന്നതിന് ഒരു ഇമാമിനു ശേഷം അടുത്ത ഇമാം എന്നുമാണ് അർഥം കൊടുത്തത്. മജ്‌ലിസിയുടെ ബിഹാറുൽ അൻവാർ, ബഹ്‌റാനിയുടെ തഫ്‌സീറുൽ ബുർഹാൻ, ഇബ്‌റാഹീം ഖുമ്മിയുടെ തഫ്‌സീറുൽ ഖുമ്മി, കുലൈനിയുടെ അൽകാഫി തുടങ്ങിയ ശിയാക്കളുടെ പ്രധാന ഗ്രന്ഥങ്ങളിൽ തന്നെ ഇതുണ്ട്**

സൂറതുൽ കഅ്ഫ് 21ലെ 'അവരുടെ കാര്യത്തിൽ പ്രാബല്യം നേടിയവർ പറഞ്ഞു: നമുക്ക് അവരുടെ മേൽ ഒരു പള്ളി നിർമിക്കുക തന്നെ ചെയ്യാം' എന്ന പരാമർശത്തെ ജാറമുണ്ടാക്കാനും ഇവർ ദുർവ്യാഖ്യാനിച്ച് തെളിവുണ്ടാക്കുന്നു. സൂറതുൽ ബക്വറ 31ലെ 'അവൻ (അല്ലാഹു) ആദമിന് നാമങ്ങളെല്ലാം പഠിപ്പിച്ചു' എന്നതിൽ ഇസ്മ് ചികിത്സക്ക് ഇവർ രേഖ കണ്ടെത്തുന്നു!

സൂറതു ആലുഇംറാൻ 49, സൂറതുൽ അൻആം 75, സൂറതുൽ കഅ്ഫ് 79,80, സൂറതുൽ ജിന്ന് 25 എന്നീ സൂക്തങ്ങൾ എടുത്തുകാട്ടി പ്രവാചകന്മാരും ഔലിയാക്കളും എല്ലാ അദൃശ്യകാര്യങ്ങളും അറിയുമെന്ന് ജൽപിക്കുന്നു. സമസ്തയുടെ ആധികാരിക പുസ്തകങ്ങളിലൂടെ തിരുത്തപ്പെടാതെ ഈ പിഴവുകൾ ഇന്നും വിൽക്കപ്പെടുന്നു. ക്വബ്‌റുകൾ കെട്ടിയുയർത്താനും ആരാധനകൾ അവിടങ്ങളിൽ അർപ്പിക്കാനും ഉദ്ധരിക്കപ്പെടുന്ന തെളിവുകളുടെ ഉറവിടം ശീഇസമാണ്.

മൂസബ്‌നു നഅ്മാൻ അൽമറാകിശി, അബുൽ ഹസൻ അലിയ്യുബ്‌നു യഅ്ക്വൂബ് അൽ ബക്‌രി, യൂസുഫുബ്‌നു ഇസ്മാഈൽ അന്നബ്ഹാനി, അബുൽ ഹസൻ അലി അസ്സുബ്‌കി, ഹസനുബ്‌നു അലി അസ്സഖാഫ്, ശിഹാബുദ്ദീൻ അബിൽ അബ്ബാസ് അൽഹമവി, അബ്ദുല്ലാഹിബ്‌നു ഇബ്‌റാഹീം അൽമീർഗിനി, അഹ്മദ് റളാ അൽഅഫ്ഗാനി, ഇബ്‌നു മർസൂഖ്, മൂസബ്‌നു മുഹമ്മദ് അലി അൽബാബ്, ഖുബ്ബാനി, അലവി അഹ്മദ് അൽ ഹദ്ദാദ്, അഹ്മദ് സൈനീ ദഹ്‌ലാൻ തുടങ്ങിയവർ എഴുതിക്കൂട്ടിയ കളവുകൾ www.sunna.infov, www.aqaed.com, www.alwahabiyah.com എന്നീ ശിയാ സൈറ്റുകളിൽനിന്നും ലഭ്യമാണ്.

ജൂത, ക്രൈസ്തവ വിഭാഗങ്ങൾ ശപിക്കപ്പെടാൻ കാരണമായ ഈ സ്വഭാവത്തെ നന്മയായി കാണുന്ന പൗരോഹിത്യം ഈ താക്കീതിനെ മറന്ന് പ്രവർത്തിക്കരുത്. അല്ലാഹു പറയുന്നു: ''വേദഗ്രന്ഥത്തിലെ വാചകശൈലികൾ വളച്ചൊടിക്കുന്ന ചിലരും അവരുടെ കൂട്ടത്തിലുണ്ട്. അത് വേദഗ്രന്ഥത്തിൽ പെട്ടതാണെന്ന് നിങ്ങൾ ധരിക്കുവാൻ വേണ്ടിയാണത്. അത് വേദഗ്രന്ഥത്തിലുള്ളതല്ല. അവർ പറയും; അത് അല്ലാഹുവിന്റെ പക്കൽനിന്നുള്ളതാണെന്ന്. എന്നാൽ അത് അല്ലാഹുവിങ്കൽനിന്നുള്ളതല്ല. അവർ അറിഞ്ഞുകൊണ്ട് അല്ലാഹുവിന്റെ പേരിൽ കള്ളം പറയുകയാണ്'' (3:78).

ചുരുക്കിപ്പറഞ്ഞാൽ, ശീഇകളുടെ പിഴച്ച വിശ്വാസങ്ങളെയും അനാചാരങ്ങളെയും അതേപടി അനുകരിക്കുന്നവരാണ് സമസ്തക്കാർ. അല്ലാഹു നൽകിയ ബുദ്ധിയും ചിന്താശേഷിയും ഉപയോഗിച്ച് കാര്യങ്ങൾ മനസ്സിലാക്കണമെന്നാണ് എല്ലാവരോടും പറയുവാനുള്ളത്. ■



# ആ ശബ്ദം കേൾക്കാനാകുമോ?

ഡോ. സി. മുഹമ്മദ് റാഫി ചെമ്പ്ര
: 99460 42525

നൂറ്റാണ്ടുകൾക്ക് മുമ്പാണ് സംഭവം നടക്കുന്നത്. കൃത്യമായി പറഞ്ഞാൽ പതിനാലര നൂറ്റാണ്ടു മുമ്പ്. മരുഭൂമി അതിന്റെ എല്ലാ ഊഷരതയോടെയും ഗരിമ കാട്ടിയിരുന്ന കാലം. മനുഷ്യൻ തന്റെ നാഗരിക വികാസത്തിന്റെ പൂർണതയിലെത്തിയിട്ടില്ലാത്തതിനാൽ മരുഭൂമിയെ അതിജയിക്കാനാവാതിരുന്ന കാലഘട്ടം.

മണൽ സൂര്യകിരണമേറ്റ് തിളങ്ങുന്ന ഒരു റമദാനിലാണ് ആകാശത്തുനിന്ന് മലക്ക് ജിബ്‌രീൽ മുഖേന അല്ലാഹു മക്കയിലെ അബ്ദുല്ലയുടെയും ആമിനയുടെയും മകൻ മുഹമ്മദി(സ്വ)ന് വേദഗ്രന്ഥത്തിന്റെ ആദ്യവചനങ്ങൾ എത്തിച്ചുകൊടുക്കുന്നത്; അദ്ദേഹത്തെ പ്രവാചകനായി നിയോഗിക്കുന്നത്.

നബി(സ്വ) അതേറ്റു ചൊല്ലി. ഓരോ വർഷവും റമദാൻ അതിഥിയായി കടന്നുവന്നു. നബി(സ്വ) കാത്തിരുന്നു; അതിഥിയായ റമദാനെയും അതിവിശിഷ്ട അതിഥിയായ മലക്ക് ജിബ്‌രീലിനെയും. ഓരോ റമദാനിലും പഴയതിലും ഊർജസ്വലതയോടെ അവർ കണ്ടുമുട്ടി. ഇസ്‌ലാമിന്റെ വളർച്ചയുടെ സന്തോഷം പങ്കിട്ടു. പ്രധാനമായും അതുവരെ ലഭിച്ച ദിവ്യബോധനത്തിന്റെ അവർത്തിച്ചുള്ള പാരായണത്തിനായിരുന്നു ആ കണ്ടുമുട്ടൽ. നബി(സ്വ) ഓതിക്കൊടുക്കും, ജിബ്‌രീൽ ശരിവയ്ക്കും.

ലോകത്ത് ഇന്നേവരെ കണ്ടതിൽവെച്ച് ഏറ്റവും മനോഹരമായ ക്വുർആൻ പരിശോധന. തലയുയർത്തി നിൽക്കുന്ന ഈത്തപ്പനമരങ്ങളും, കരിമ്പാറക്കൂട്ടങ്ങളായ മലനിരകളും, ജ്വലിച്ചുനിൽക്കുന്ന സൂര്യനും, രാത്രി ഒളികണ്ണിട്ടു നോക്കുന്ന ചന്ദ്രനും, മരുഭൂമിയുടെ വിരിമാറിൽ അവിടവിടങ്ങളിലായുള്ള കള്ളിമുൾച്ചെടികളും, ഇദ്ഖിർ പുല്ലുകളും ആ പരിശോധനക്ക് സാക്ഷികളായി നിന്നു.

ലോകം കണ്ട മഹോന്നതനായ സൃഷ്ടി പോലും ക്വുർആൻ പരിശോധന പൂർത്തിയാക്കുകയും നിരന്തരം പാരായണത്തിലേർപ്പെടുകയും ചെയ്തെങ്കിൽ നമ്മളോ? നമ്മൾ എത്രയാവർത്തി പാരായണം നടത്തേണ്ടിയിരിക്കുന്നു!

മഹ്ശർ! ഭൂമുഖത്ത് ജനിച്ചുവീണ സകല മനുഷ്യരും ഒരുമിച്ചുകൂടുന്നയിടം. ഉള്ളവനും ഇല്ലാത്തവനും വരുമവിടെ. വിചാരണയുടെ വേളയിൽ ഒരാളുടെ ശബ്ദവും ഉയരാത്ത സന്ദർഭത്തിൽ അതാ ആ അടിമക്കുവേണ്ടി ഒരു ശബ്ദം! എന്താണാ ശബ്ദം? 'ഞാൻ ക്വുർആൻ! ഇയാളുടെ രാത്രികാലങ്ങൾ എന്റെ കാരണത്താൽ ഉറക്കമിളച്ചതായി മാറിയിരുന്നു. അതിനാൽ എന്റെ ശുപാർശ ഇയാൾക്ക് വേണ്ടി സ്വീകരിക്കേണമേ...'

ഹാ, എത്ര സന്തോഷദായകം! ഓരാളും സഹായത്തിന് വരാത്ത ഘട്ടത്തിൽ, എല്ലാവരും അവനവന്റെ കാര്യത്തിൽതന്നെ വെപ്രാളപ്പെട്ട് നിൽക്കുന്ന സമയത്ത് ഇതിനക്കാൾ വലിയ സമാശ്വാസം മറ്റൊന്നുണ്ടാകുമോ?

ഇത് നമുക്കും ലഭ്യമാകും. അതിന് നാം അധ്വാനിക്കണം എന്നുമാത്രം; ക്വുർആൻ കൊണ്ടുള്ള അധ്വാനം!

അതിന് ഉറക്കമിളക്കണം; ക്വുർആനിനായുള്ള ഉറക്കമിളക്കൽ! അതിന് ചുണ്ടനക്കണം; ക്വുർആൻ പാരായണത്തിനായുള്ള ചുണ്ടനക്കങ്ങൾ!

അതിനായി ചിന്തിക്കണം; ക്വുർആനിന്റെ ആശയ തീരത്തേക്കെത്തുന്നതിനായുള്ള ചിന്തകൾ!

അതിന് പ്രവർത്തിക്കണം; ക്വുർആനിന്റെ സന്ദേശം കൈമാറുന്നതിനായുള്ള പ്രവർത്തനങ്ങൾ.



To The Right Goal...
Through The Right Path...

# PROFESSIONAL STUDENTS GLOBAL CONFERENCE

WISDOM

26th

# PROFCON

2022 **MARCH** | PERUMPILAVU
**11 | 12 | 13** | **THRISSUR**

WISDOM students


8156 812 292
www.profcon.in

CV Complex, PV Sami Road, Kozhikode
wisdomstudents wisdomglobaltv


For Registration
Scan here

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 MARCH 05

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-





GreenHome
RESIDENTIAL CAMPUS FOR BOYS

RESIDENTIAL CAMPUS FOR BOYS

# GREEN HOME

REGISTRATION OPEN
FOR GRADE 5-8

## SPECIALTIES

- Affiliated to CBSE Board of Education, New Delhi
- Curriculum enriched with Islamic History, Ethics and Morals
- Holistic Education through Experiential Learning
- Memorization of a prescribed portion of the Holy Qur'an with Thajweed rules
- Communicative English and Communicative Arabic
- Seasoned & Experienced Faculty

**CONTACT : +91 9605 146 000**

greenvalleycampus

Visit Us www.greenvalleycampus.com

Affiliated to CBSE : 930857, Green Valley Campus, Nellikkapramba, Mukkam, Kozhikode Dt, Pin: 673602